بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 5

ലക്കം 20

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 മെയ് 14/ഹി.ശം. 1399 ഹിജ്റത്ത് 14/1441 റമളാൻ 20

## അല്ലാഹുവിന്റെ വചനം

لٰکِنِ الَّذِیۡنَ اتَّقَوۡا رَبَّہُمۡ لَہُمۡ جَنّٰتٌ تَجۡرِیۡ مِنۡ تَحۡتِہَا الۡاَنۡہٰرُ خٰلِدِیۡنَ فِیۡہَا نُزُلًا مِّنۡ عِنۡدِ اللّٰہِ ؕ وَمَا عِنۡدَ اللّٰہِ خَیۡرٌ لِّلۡاَبۡرَارِ ○ (آل عمران:199)

'എന്നാൽ, തങ്ങളുടെ നാഥന്റെ (നിയമങ്ങൾ പാലിക്കുന്നതിൽ) സൂക്ഷ്മത കൈക്കൊള്ളുന്നവരാകട്ടെ, അവർക്ക് താഴ്ഭാഗത്തുകൂടെ അരുവികളൊഴുകുന്ന ആരാമങ്ങളുണ്ട്. അതിൽ അവർ (ശാശ്വതമായി)നിവസിക്കുന്നവരായിരിക്കും-അല്ലാഹുവിൽനിന്നുള്ള ഒരു സൽക്കാരമാണിത്. അല്ലാഹുവിന്റെ പക്കലുള്ളത് സുകൃതവാന്മാർക്ക് ഏറ്റവും ഉത്തമമായിട്ടുള്ളതാണ് .'(3:199)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സ്വന്തം ധൈര്യത്തിലും പരിശ്രമത്തിലും അഹങ്കരിക്കരുത്. ഈ വിജയം നമ്മുടെ ഏതെങ്കിലും കഴിവിന്റേയോ അധ്വാനത്തിന്റേയോ ഫലമാണെന്ന് മനസ്സിലാക്കുകയുമരുത്. പ്രത്യുത ആരുടേയും സത്യസന്ധമായ അധ്വാനത്തെ പാഴാക്കിക്കളയാത്ത കാരുണ്യവാനായ ദൈവം നമ്മുടെ അധ്വാനത്തിന് ഫലം തന്നതാണെന്ന് ചിന്തിക്കുക.**

**മനുഷ്യൻ ലോകത്തെ എല്ലാ തരത്തിലുള്ള നിന്ദ്യതകളിൽനിന്നും ഞെരുക്കങ്ങളിൽനിന്നും രക്ഷപ്പെടാനാഗ്രഹിക്കുന്നെങ്കിൽ 'മുത്തഖി'യാകുക എന്ന ഒരേയൊരു വഴിയെയുള്ളു എന്നതുതന്നെയാണ് എന്റെ ഈമാൻ.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

1895 ജനുവരി 15 ന് ഖ്വാജ കമാലുദ്ദീൻ സാഹിബ് ബി.എയുടെ എൽഎൽബി പരീക്ഷയിൽ വിജയിച്ചുവെന്ന വിവരം കിട്ടി. സുബ്ഹി നമസ്കാരത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇരുന്നു. ഒരു ചെറിയ പ്രഭാഷണം നടത്തി.

### ഭൗതികമായ വിജയങ്ങളും സന്തോഷങ്ങളും ശാശ്വതമല്ല

മനുഷ്യന് എല്ലാത്തരം വിജയങ്ങളുടെ അവസരത്തിലും ഒരു സന്തോഷമുണ്ടാകാറുണ്ട്. വിശുദ്ധ ഖുർആനിൽനിന്ന് മൂന്നു തരത്തിലുള്ള സന്തോഷം 'ലഹ്വ്, ലയിബ്, തഫാഖുർ' മനസ്സിലാകുന്നുണ്ട്.(*ഇഅ്‌ലമൂ അന്നമൽ ഹയാത്തദ്ദുൻയാ ലയിബുൻ വ്വ ലഹ്വുൻ വ്വ സീനത്തുൻ വ്വ തഫാഖുറുൻ*(ഹദീദ് 57:21) ഈ ആയത്തിനെയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ)സൂചിപ്പിക്കുന്നത്).'ലഹ്വിൽ' ഭക്ഷണസാധനങ്ങൾ ഉൾപ്പെടുന്നു. 'ലയിബിൽ' വിവാഹം തുടങ്ങിയ സന്തോഷങ്ങളും 'തഫാഖുറിൽ' ധനം തുടങ്ങിയവയുടെ സന്തോഷങ്ങളും ഉൾപ്പെടുന്നു. ഇതാണ് ആ മൂന്നുതരത്തിലുള്ള സന്തോഷങ്ങൾ. ഇതിനു പുറമെ ഒരു സന്തോഷവുമില്ല. എന്നാൽ, ഓർക്കുക!വിജയങ്ങളും ഈ സന്തോഷങ്ങളും ശാശ്വതമല്ല. എന്നല്ല അതിനോടു മനസ് ചേർക്കുകയാണെങ്കിൽ കഠിനമായ ദോഷമുണ്ടാകുന്നതായിരിക്കും. പതുക്കെപ്പതുക്കെ ഈ സന്തോഷങ്ങളുടെ കാലം കയ്പുകളിലേക്ക് മാറ്റപ്പെടുന്ന ഒരു സമയം വന്നുചേരുന്നു.

ഭൗതികലോകത്തെ വിജയങ്ങൾ പരീക്ഷണങ്ങളിൽനിന്ന് മുക്തമാകുകയില്ല. വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു. *ഖലഖൽമൗത്ത വൽഹയാത്ത ലിയബ്‌ലുവക്കും* നിങ്ങളിൽനിന്ന് ആരാണ് ഏറ്റവും നന്നായി പ്രവൃത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ചറിയുന്നതിനുവേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചു. വിജയവും പരാജയവും ജീവിതത്തിന്റേയും മരണത്തിന്റേയും പ്രശ്നമാകുന്നു. വിജയം ഒരു തരത്തിലുള്ള ജീവിതമാണ്. ആർക്കെങ്കിലും താൻ വിജയിച്ചിരിക്കുന്നുവെന്ന വിവരമെത്തുമ്പോൾ അയാളിൽ ജീവൻ വീഴുന്നു; പുതിയ ജീവിതം കിട്ടിയപോലെ. പരാജയത്തിന്റെ വിവരം കിട്ടിയാൽ ജീവനോടെതന്നെ മരിച്ചുപോകുന്നു. ചിലനേരങ്ങളിൽ ദുർബലരായിട്ടുള്ള ധാരാളംപേർ നാശമടയുകയും ചെയ്യുന്നു.

സാധാരണ ജീവിതവും മരണവും ഒരു സുഗമമായ കാര്യമാണെന്നതും ഓർക്കേണ്ടതാണ്. പക്ഷേ, നരകജീവിതവും മരണവും ദുസ്സഹമായ കാര്യമാണ്. ഭാഗ്യവാൻ പരാജയത്തിനുശേഷം വിജയിയാകുകയും വീണ്ടും ഭാഗ്യവാനായി തീരുകയും ചെയ്യുന്നു. അല്ലാഹുവിലുള്ള അവന്റെ വിശ്വാസം വർധിക്കുന്നു. തന്റെ ദൈവം എങ്ങനെയുള്ളവനാണെന്ന് അവൻ ചിന്തിക്കുമ്പോൾ അവനൊരു നിർവൃതിയുണ്ടാകുന്നു. ഭൗതികവിജയം ദൈവത്തെ തിരിച്ചറിയുന്നതിനുള്ള ഒരു കൃത്രിമമായ കാരണമാകുന്നു. അത്തരമാളുകൾക്ക് ഈ ഭൗതിക വിജയങ്ങൾ യഥാർഥ വിജയത്തിന്റെ(ഇതിന് ഇസ്‌ലാമികമായ സാങ്കേതികാർത്തിൽ 'ഫലാഹ്' എന്നാണ് പറയുന്നത്) ഒരു മാർഗമാകുന്നു. ഞാൻ നിങ്ങളോടു സത്യമായും പറയുന്നു: സത്യസന്ധമായ സന്തോഷാവസ്ഥ, സത്യസന്ധമായ സൗഖ്യം ഇഹലോകത്തും ഇഹലോകവസ്തുക്കളിലും ഒരിക്കലുമില്ല. യഥാർഥമെന്താണെന്നാൽ, ലോകത്തിലെ സകല വകുപ്പുകളും കണ്ടാലും മനുഷ്യന് സത്യസന്ധവും ശാശ്വതവുമായ സന്തോഷം കരസ്ഥമാക്കാൻ സാധിക്കില്ല. സമ്പന്നൻ- കൂടുതൽ ധനവും സ്വത്തുമുള്ളവൻ എപ്പോഴും സന്തോഷിച്ചിരിക്കുന്നത് നിങ്ങൾ കാണുന്നു. എന്നാൽ, അവരുടെ അവസ്ഥ 'പരട്ടച്ചൊറി' ബാധിച്ച രോഗിയെപ്പോലെയാണ്. ചൊറിയുമ്പോൾ നല്ല സുഖം ലഭിക്കുന്നു. പക്ഷേ, ആ ചൊറിച്ചിലിന്റെ അവസാനഫലമെന്താണ്? ചോരപൊട്ടി ഒലിക്കുന്നു. അതുകൊണ്ട് ഈ ഭൗതികവും താൽക്കാലികവുമായ വിജയങ്ങളിൽ യഥാർഥ വിജയത്തിൽനിന്ന് അകന്നുപോകുന്നത്ര സന്തോഷിക്കരുത്. പ്രത്യുത വിജയങ്ങളെ ദൈവത്തെ തിരിച്ചറിയാനുള്ള ഒരു മാർഗമായി നിശ്ചയിക്കുക. സ്വന്തം ധൈര്യത്തിലും പരിശ്രമത്തിലും അഹങ്കരിക്കരുത്. ഈ വിജയം നമ്മുടെ ഏതെങ്കിലും കഴിവിന്റേയോ അധ്വാനത്തിന്റേയോ ഫലമാണെന്ന് മനസ്സിലാക്കുകയുമരുത്. പ്രത്യുത ആരുടേയും സത്യസന്ധമായ അധ്വാനത്തെ പാഴാക്കിക്കളയാത്ത കാരുണ്യവാനായ ദൈവം നമ്മുടെ അധ്വാനത്തിന് ഫലം തന്നതാണെന്ന് ചിന്തിക്കുക. നൂറുക്കണക്കിന് വിദ്യാർഥികൾ ഈയിടെയായി പരീക്ഷയിൽ തോറ്റുപോകുന്നത് നിങ്ങൾ കാണുന്നില്ലേ? അവരെല്ലാവരും അധ്വാനിക്കാത്തവരായിരുന്നോ? തികച്ചും വിഡ്ഢികളും മൂഢന്മാരുമായിരുന്നോ? അല്ല. മറിച്ച് ചിലർ എത്രമാത്രം ബുദ്ധിമാന്മാരും കഴിവുള്ളവരുമാണെന്നാൽ, വിജയിക്കുന്നവരിൽ മിക്കവരുമായുള്ള പോരാട്ടത്തിൽ സമർഥരാകുന്നു. അതുകൊണ്ട് അനിവാര്യവും അത്യാവശ്യവുമായിട്ടുള്ളത്, അല്ലാഹു ഒരു അധ്വാനവും പാഴാക്കാതിരുന്നതിന്, ഓരോ വിജയത്തിലും സത്യവിശ്വാസി നന്ദി കാണിച്ചുകൊണ്ട് ദൈവസന്നിധിയിൽ സുജൂദ് ചെയ്യുക. അല്ലാഹുവിനോടുള്ള സ്നേഹം വർധിക്കുകയും ഈമാനിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യുമെന്നതാണ് ആ നന്ദിയുടെ ഫലം. ഇതുമാത്രമല്ല മറ്റുവിജയങ്ങളും കരസ്ഥമാകുന്നതാണ്. കാരണം അല്ലാഹു പറയുന്നു, നിങ്ങൾ എന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കുകയാണെങ്കിൽ ഞാൻ അനുഗ്രഹങ്ങൾ വർധിപ്പിച്ചു തരുന്നതായിരിക്കും. ആ അനുഗ്രഹത്തെ നിഷേധിക്കുകയാണെങ്കിൽ ഓർമിക്കുക എന്റെ ശിക്ഷ കഠിനതരമായിരിക്കും.

### സത്യവിശ്വാസികളുടേയും സത്യനിഷേധികളുടേയും വിജയത്തിലുള്ള വ്യത്യാസം.

ഈ അടിസ്ഥാനപരമായ തത്ത്വം എന്നെന്നും മുമ്പിൽ വെക്കുക. മുഅ്മിന്റെ ജോലി അവനു നല്കപ്പെടുന്ന വിജയത്തിൽ അവൻ നാണിക്കുന്നുവെന്നതാണ്. തന്നിൽ കൃപചൊരിഞ്ഞ കാരണത്താൽ അല്ലാഹുവിനെ അവൻ വാഴ്ത്തുന്നു. ഇപ്രകാരം അവൻ ചുവടു മുന്നോട്ടു വെക്കുന്നു. എല്ലാ പരീക്ഷണത്തിലും ദൃഢപാദനായിക്കൊണ്ട് സമ്മാനം നേടുന്നു. ബാഹ്യമായി ഒരു ഹിന്ദുവിന്റേയും സത്യവിശ്വാസിയുടേയും വിജയം ഒരേ രീതിയിൽ സാദൃശ്യമുള്ളതാണ്. പ

(ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ദറസുൽ ഖുർആൻ

## വിശുദ്ധ ഖുർആനിലെ അവസാനത്തെ മൂന്നു സൂറത്തുകൾ

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്താൽ ഉദിച്ചുയർന്ന ഉഷസിൽനിന്ന് ഫലമെടുക്കുന്നതിനും ഈ സൂറത്തുകളിൽ പറയപ്പെട്ട ദുആകളും സ്വന്തം കർമങ്ങളുംകൊണ്ട് ദജ്ജാലിന്റെ ഗൂഢതന്ത്രങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുമുള്ള ഉപദേശം**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിച്ചിട്ടുള്ള തഫ്സീർ ഉദ്ധരിച്ച് ഈ സൂറത്തുകളുടെ വിഷയങ്ങളിൽ ജ്ഞാനനിർഭരമായ വ്യാഖ്യാനം.**

**ചില സുന്നത്താക്കപ്പെട്ട ദുആകളുടേയും അതുപോലെതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാമീ ദുആകളുടേയും ചർച്ച**

## ഇജ്തിമായി ദുആ

*ദറസുൽഖുർആൻ സയ്യിദുനാ അമീറുൽമുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്*
*2019 ജൂൺ 4/ഹിജ്രി ശംസി 1398 ഇഹ്സാൻ 4/ഹിജ്രി ഖമരി 1440 റമളാനുൽ മുബാറക് 29*
*മസ്ജിദ് മുബാറക്, ഇസ്ലാമാബാദ് (ടിൽഫോർഡ്, സർറെ)യു.കെ).*

أَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ.
قُلْ هُوَ اللّٰهُ أَحَدٌ. اَللّٰهُ الصَّمَدُ. لَمْ يَلِدْ وَلَمْ يُوْلَدْ. وَلَمْ يَكُنْ لَّهٗ كُفُوًا اَحَدٌ.

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
قُلْ اَعُوْذُ بِرَبِّ الْفَلَقِ. مِنْ شَرِّ مَا خَلَقَ. وَمِنْ شَرِّ غَاسِقٍ اِذَا وَقَبَ.
وَمِنْ شَرِّ النَّفّٰثٰتِ فِي الْعُقَدِ. وَمِنْ شَرِّ حَاسِدٍ اِذَا حَسَدَ

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
قُلْ اَعُوْذُ بِرَبِّ النَّاسِ. مَلِكِ النَّاسِ. اِلٰهِ النَّاسِ. مِنْ شَرِّ الْوَسْوَاسِ الْخَنَّاسِ.
الَّذِيْ يُوَسْوِسُ فِيْ صُدُوْرِ النَّاسِ. مِنَ الْجِنَّةِ وَالنَّاسِ.

സൂറ ഇഖ്ലാസ്വിന്റെ തർജമ: "നീ പറയുക, അവൻ അല്ലാഹുവാകുന്നു; ഏകൻ. അല്ലാഹു സ്വാശ്രയനാണ്. അവൻ ആരേയും ജനിപ്പിച്ചിട്ടില്ല; ജനിപ്പിക്കപ്പെട്ടവനുമല്ല. അവനു സമനായി ആരുംതന്നെയില്ല."

സൂറ ഫലഖിന്റെ തർജമ:"പറയുക, പ്രഭാതത്തിന്റെ നാഥനെ ഞാൻ അഭയം പ്രാപിക്കുന്നു; അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ ദോഷങ്ങളിൽനിന്ന്. രാവിന്റെ- അത് സർവത്ര അന്ധകാരനിബിഢമാകുമ്പോഴുള്ള ദോഷങ്ങളിൽനിന്ന്; കെട്ടുകളിൽ ഊതുന്നവരുടെ ഉപദ്രവങ്ങളിൽനിന്ന്. അസൂയാലു അസൂയപ്പെടുമ്പോഴുണ്ടാകുന്ന അവന്റെ ഉപദ്രവങ്ങളിൽനിന്ന്."

സൂറ നാസിന്റെ തർജമ: "പറയുക, ഞാൻ അഭയം പ്രാപിക്കുന്നു; മനുഷ്യരുടെ നാഥനെ, മനുഷ്യരുടെ രാജാവിനെ, മനുഷ്യരുടെ യഥാർഥ രാജാവിനെ. പിന്മാറിക്കളയുന്ന ദുർബോധകന്റെ ഉപദ്രവത്തിൽനിന്ന്, മനുഷ്യഹൃദയങ്ങളിൽ ദുർബോധനം ചെയ്യുന്നവനത്രെ അവൻ; മറഞ്ഞിരിക്കുന്നവരിൽനിന്നും സാധാരണ മനുഷ്യരിൽനിന്നുമുള്ള( ദുർബോധകൻ).

ഹദ്റത്ത് മസീഹ് മൗഊദ്(അ) സൂറ ഇഖ്ലാസ്വിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു: "സൗന്ദര്യം പ്രകൃത്യാതന്നെ ഹൃദയത്തെ ആകർഷിക്കുകയും പ്രേമത്തെ അങ്കുരിപ്പിക്കുകയും ചെയ്യുന്നതിന് പര്യാപ്തമത്രെ. ദൈവത്തിന്റെ സൗന്ദര്യമഹിമ അവന്റെ ഏകത്വത്തിലും പ്രഭാവത്തിലും പാവനത്വത്തിലും മറ്റുൽകൃഷ്ട ഗുണങ്ങളിലും സ്ഥിതി ചെയ്യുന്നു. ഈ വിഷയത്തിലേക്ക് വിശുദ്ധ ഖുർആൻ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നത് നോക്കുക:

قُلْ هُوَ اللّٰهُ أَحَدٌ. اَللّٰهُ الصَّمَدُ. لَمْ يَلِدْ وَلَمْ يُوْلَدْ. وَلَمْ يَكُنْ لَّهٗ كُفُوًا اَحَدٌ.

"ദൈവം തത്ത്വത്തിലും ഗുണത്തിലും മാഹാത്മ്യത്തിലും ഏകമാത്രനാകുന്നു. അവനു ഒരു പങ്കാളിയുമില്ല. സർവവും ആരുടെ സഹായത്തെ ആശ്രയിച്ചുവർത്തിക്കുന്നുവോ, ഓരോ അണുവും അതിന്റെ ജീവൻ ആരിൽനിന്ന് സ്വീകരിക്കുന്നുവോ, ആർ ഒന്നിൽനിന്നും സഹായം സ്വീകരിക്കേണ്ടാത്തവനായി സകലത്തിനും ആശ്രയസ്ഥാനമായിരിക്കുന്നുവോ ആ സർവാധിനാഥനത്രെ ദൈവം. അവൻ ആരുടേയും പിതാവല്ല; ആരുടേയും പുത്രനുമല്ല. എന്തെന്നാൽ അവന് സദൃശ്യനായി ആരുമില്ല. വിശുദ്ധ ഖുർആൻ ഇങ്ങനെയുള്ള വാക്യങ്ങളാൽ ദൈവത്തിന്റെ പരിപൂർണമായ സൗന്ദര്യമഹിമയേയും പ്രഭാവത്തേയും വർണിച്ചുകൊണ്ട് മനുഷ്യരുടെ ശ്രദ്ധയെ സർവശക്തിമാനായ ഏകദൈവത്തിലേക്ക് തിരിക്കുകയും മൃതപ്രായനും ദുർബലനും നിർദയനും ശക്തിഹീനനുമായ സങ്കൽപദൈവത്തെയെല്ലാം ബഹിഷ്കരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു."(ഇസ്ലാമീ ഉസ്വൂൽ കി ഫലാസഫീ, റൂഹാനീ ഖസാഇൻ വാള്യം 10, പേജ് 417)

പിന്നീട് അല്ലാഹുവിന്റെ നാമത്തെ വ്യക്തമാക്കിക്കൊണ്ട് അവിടന്ന് പറയുന്നു: "വിശുദ്ധ ഖുർആന്റെ സാങ്കേതികാർഥത്തിന്റെ അടിസ്ഥാനത്തിൽ, സകല ഗുണങ്ങളും സൗന്ദര്യത്തിന്റേയും ഔദാര്യത്തിന്റേയും പരിപൂർണതയുടെ പാരമ്യതയിൽ എത്തിയതിന്റെ പേരാണ് അല്ലാഹു. അവന്റെ സത്തയിൽ ഒരു ന്യൂനതയും ഉണ്ടാകരുത്." അതായത് ഒരു പോരായ്മയും കുറവും അവനിൽ ഉണ്ടാകാൻ പാടില്ല. അവിടന്ന്(അ) പറഞ്ഞു: "വിശുദ്ധ ഖുർആനിൽ എല്ലാ സ്വിഫത്തുകളും (വിശേഷഗുണങ്ങളും) വർണിക്കപ്പെട്ടിട്ടുള്ളത് കേവലം അല്ലാഹുവിന്റെ നാമം തന്നെയാണെന്നാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്." അതായത് ഈ എല്ലാ സ്വിഫത്തുകളും അല്ലാഹുവിന്റെ പേരിൽ കാണുന്നു. വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ നാമത്തിൽ എല്ലാ സ്വിഫത്തുകളും വെച്ചു. അവിടന്ന് പറയുന്നു: "എല്ലാ സ്വിഫത്തുകളും സമ്പൂർണമായി അവനിൽ ഉണ്ടാകുമ്പോൾ മാത്രമെ പരിശോധനയിൽ അല്ലാഹുവിന്റെ നാമം ഉൽകൃഷ്ടമെന്ന് തെളിയുകയുള്ളു."(അയ്യാമുസ്സ്വുൽഹ്, റൂഹാനീ ഖസാഇൻ വാള്യം 14, പേജ് 247)

ഇത് അല്ലാഹുവിന്റെ നാമം എല്ലാ സ്വിഫത്തുകളേയും ഉൾക്കൊണ്ടിരിക്കുന്നുവെന്ന് സ്ഥാപിതമാകണമെന്ന കാര്യത്തിലേക്കാണ് സൂചന നല്കുന്നത്; എന്നല്ല അത് സകല സ്വിഫത്തുകളും വഹിച്ചിരിക്കുന്നു. ഒരു ദൗർബല്യവും അതിലില്ല. അല്ലാഹു അനാദ്യനും അനന്തനും ജീവിച്ചിരിക്കുന്നവനും എല്ലാറ്റിനേയും നിലനിറുത്തുന്നവനുമാണ്. ഉടമസ്ഥനും സ്രഷ്ടാവും സകല സൃഷ്ടികളുടേയും പരിപാലകനുമാണ്. അതിനാൽ സകല സ്വിഫത്തുകളും ഉൾക്കൊണ്ടിരിക്കുന്ന സത്തയുടെ പേരാണ് അല്ലാഹു. അല്ലാഹു എന്ന നാമം വിശുദ്ധ ഖുർആനിൽ മാത്രമാണുള്ളത്. മറ്റൊരു ന്യായപ്രമാണത്തിലും ഈ വ്യക്തിഗത നാമം ഒരിടത്തും കാണപ്പെട്ടിട്ടില്ല. ഒരിടത്തും കിട്ടുകയുമില്ല. തന്റെ സത്തയിൽ ഏകനാണ് ആ ദൈവം. അവനു പങ്കാളികളായി ആരുമില്ല.

قُلْ هُوَ اللّٰهُ أَحَدٌ. എന്നു പറഞ്ഞുകൊണ്ട് അല്ലാഹു സത്യവിശ്വാസികളോടു കലർപ്പില്ലാത്ത ഏക ദൈവസിദ്ധാന്തം വിളംബരം ചെയ്യാൻ പറഞ്ഞു. ദൈവത്തിന്റെ അസ്തിത്വം തന്നെയില്ലെന്നാണ് നാസ്തികർ പറയുന്നത്. ലോകം സ്വയംഭൂവാണത്രെ! ഈ ലോകത്തിന്റേമേൽ ഒരു ദൈവത്തിന്റേയും നിയന്ത്രണമില്ലത്രെ! തങ്ങളുടെ സ്വന്തം ഇഷ്ടംകൊണ്ടും നിയന്ത്രണംകൊണ്ടും ലോകത്ത് മാറ്റമുണ്ടാക്കാൻ തങ്ങൾക്കു കഴിയുമെന്ന് അവർ തീർച്ചയായും മനസ്സിലാക്കുന്നു. അല്ലാഹു പറയുന്നു: 'നിങ്ങൾ നിങ്ങളുടെ വാദത്തിൽ വ്യാജരാണെന്ന് അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ അല്ലാഹു പറയുന്നു. അല്ലാഹു മാത്രമാണ് ന്യൂനതകളിൽനിന്നെല്ലാം പരിശുദ്ധമായ അസ്തിത്വം. അവൻ എല്ലാ സ്വിഫത്തുകളും വഹിക്കുന്നവനുമാണ്. അവന്റെ സ്വിഫത്തുകൾ എപ്പോഴും ദിവ്യജ്യോതിസ്സ് കാണിക്കുന്നു. നിങ്ങളുടെ ജീവിതത്തിനുള്ള വസ്തുവകകൾ തന്റെ ദാക്ഷിണ്യമാണെന്ന് അല്ലാഹു പറയുന്നു;നിങ്ങൾ എന്നെ ആശ്രയിച്ചുനിൽക്കുന്നവരാണ്. സൂര്യൻ, വെളിച്ചം, വായു, കാലാവസ്ഥ, ജലം, ഭൂമി, തുടങ്ങിയവയെല്ലാം സൃഷ്ടിച്ചത് നിങ്ങളാണോ? ഇതെല്ലാം അല്ലാഹുവാണ് സൃഷ്ടിച്ചത്. പരിപാലനത്തിന്റെ കാര്യം മാത്രം എടുക്കുകയാണെങ്കിൽ, ആ സ്വിഫത്ത് മാത്രം എടുക്കുകയാണെങ്കിൽ അല്ലാഹു പറയുന്നു, എന്റെ പരിപാലനം കൂടാതെ നിങ്ങൾക്കു ജീവിച്ചിരിക്കാൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ റഹ്മാനിയ്യത്ത്- പരമകാരുണികത എന്ന സ്വിഫത്തുണ്ട്. മനുഷ്യന്റെ വിദ്രോഹപരമായ ചെയ്തികളുണ്ടായിട്ടും അവനു ജീവിതത്തിനുള്ള വസ്തുവകകൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ആ 'റഹ്മാനിയ്യത്തു' തന്നെയാണ്. എന്നല്ല ജീവിതത്തെ നിലനിറുത്തുന്നതിനുവേണ്ടി അവൻ കോടിക്കണക്കിന് വർഷം മുമ്പേ വസ്തുവകകൾ ലഭ്യമാക്കി. ഇപ്പോൾ വെള്ളമുണ്ട്. വെള്ളം തീർന്നു കഴിഞ്ഞാൽ ജീവിതം അതോടെ അവസാനിക്കുന്നു. ഈയാ

**(ശേഷം പേജ് 8ൽ)**

## ഖുത്ബ ജുമുഅ

ഇക്കാലത്ത് ദുആകളിൽ, ദുആകളിൽ, ദുആകളിൽ വളരെയധികം ശക്തി ചെലുത്തുക. അല്ലാഹു ജമാഅത്തിനെ എല്ലാ വിധത്തിലും, ജമാഅത്തിലെ എല്ലാ അംഗങ്ങളേയും എല്ലാവിധത്തിലും മൊത്തത്തിൽ ജമാഅത്തിനെ എല്ലാവിധത്തിലും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ

പകർച്ച വ്യാധികളുടെ ദിനങ്ങളിൽ ദുആയോടുകൂടി മുൻകരുതലുകളെടുക്കാൻ ഉപദേശം

കച്ചവടക്കാരായ അഹ്മദികൾ മനുഷ്യകുലത്തെ സേവിച്ചും സഹാനുഭൂതിയുടെ വികാരത്തിന് വിധേയരായും സൃഷ്ടിസേവനം ചെയ്ത് ഭക്ഷണ-പാനീയ വസ്തുക്കൾ ഏറ്റവും കുറഞ്ഞ ലാഭത്തിന് വില്ക്കാൻ ഉപദേശം.

ഖിലാഫത്തിനെ സത്യസന്ധമായി സ്നേഹിക്കുകയും അനുകരിക്കുകയും അല്ലാഹുവിനോടു ചെയ്ത ഉടമ്പടി പാലിക്കുകയും ഹിഫാള്വത്തെ ഖാസിലെ അംഗവുമായ ജമാഅത്തിന്റെ സേവകൻ നാസിർ അഹ്മദ് സയീദ് സാഹിബിന്റെ വേർപാടും അനുസ്മരണവും

ഹദ്റത്ത് മസീഹ് മൗഊദ് (അ) ശഹീദ് എന്ന പറഞ്ഞവരിൽ ഇദ്ദേഹവും പെടുന്നു.

**ഖുത്ബ ജുമുഅ 2020 ഏപ്രിൽ 10/1399 ശഹാദത്ത് 10**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ) യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കൊറോണാ വൈറസിന്റെ മഹാമാരി കാരണത്താൽ ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥകൾ സ്വന്തക്കാരെയും അന്യരേയും ഒന്നടങ്കം അസ്വസ്ഥമാക്കിയിരിക്കുകയാണ്. ആളുകൾ കത്തെഴുതുകയും തങ്ങളുടെ പ്രയാസങ്ങൾ പ്രകടപ്പിക്കുകയും ചെയ്യുന്നു. ഏതു തരത്തിലുള്ള രോഗമാണെങ്കിലും തങ്ങളുടെ പ്രിയപ്പെട്ടവരും ബന്ധുക്കളുമായിട്ടുള്ളവരുടെ രോഗം കാരണത്താൽ ആളുകൾ വ്യാകുലരാണ്. മറ്റെന്തെങ്കിലും രോഗമണെങ്കിൽത്തന്നെയും ബലഹീനമായ ശരീരത്തെ ഈ പകർച്ച വ്യാധിയുടെ രോഗം കൊണ്ടുപോകുമോ എന്നും ഈ അവസ്ഥകളിൽ ഏറ്റവും കൂടുതൽ ആശങ്ക പ്രകടിപ്പിക്കുന്നു. ചില അഹ്മദികൾക്ക് ഈ രോഗം ബാധിക്കുകയും ചെയ്തിട്ടുണ്ട്. ഏതായിരുന്നാലും ഒരു പ്രയാസം ലോകത്തെ വലയം ചെയ്തിരിക്കുകയാണ്. ഇതെന്താണ് സംഭവിച്ചതെന്നും, എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നതെന്നും മനസ്സിലാകുന്നില്ലെന്നു പറഞ്ഞ് ഒരു മുറബ്ബി സാഹിബ് എനിക്കെഴുതുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ശരിതന്നെയാണ്. ലോകത്തിനെന്താണ് സംഭവിക്കുന്നതെന്ന് അറിയാൻ പറ്റുന്നില്ല എന്നത് വാസ്തവമാണ്. പക്ഷേ, അല്ലാഹു വിശുദ്ധ ഖുർആനിലും ഈ അവസ്ഥകളെ കുറിച്ച്, ഇക്കാലഘട്ടത്തിലെ അവസ്ഥകളനുസരിച്ച് പറയുന്നു; **വ ഖാലൽ ഇൻസാനു മാലഹാ** അതായത് അതിന് എന്തു സംഭവിച്ചുവെന്ന് മനുഷ്യൻ ചോദിച്ചു തുടങ്ങും.

ഹദ്റത്ത് മുസ്‌ലിഹ്മൗഊദ്(റ) 1920 ഫെബ്രുവരിയിൽ, ഇന്നേക്ക് നൂറു വർഷങ്ങൾക്കു മുമ്പേ പകർച്ചവ്യാധികളേയും വരൾച്ചയേയും കെടുതികളേയും ജലപ്രളയങ്ങളേയും പ്രതിപാദിച്ചുകൊണ്ട് ഈ ആയത്തിനെ ഹ്രസ്വമായി വിവരിച്ചിരുന്നു: 'മുമ്പേ ഒന്നോ അരയോ പകർച്ച വ്യാധി അല്ലെങ്കിൽ ദുരന്തമാണ് ഉണ്ടായിരുന്നത്. എന്നാൽ, ഇക്കാലത്ത് ദുരന്തങ്ങളുടെ വാതിലുകൾ തുറക്കപ്പെട്ടിരിക്കുകയാണ്.'(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 6, പേജ് 387–388, ഖുത്ബ ജുമുഅ 6–2–1920)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗത്തിനുശേഷം, പ്രത്യേകിച്ച് ലോകത്തിന് വിപത്തുകളെക്കുറിച്ചും ആകാശത്തു നിന്നിറങ്ങുന്ന ദുരന്തങ്ങളെക്കുറിച്ചും അദ്ദേഹം മുന്നറിയിപ്പു നല്കുകയും ജാഗ്രതപ്പെടുത്തുകയും ചെയ്തതിനുശേഷം ലോകത്ത് കൊടുങ്കാറ്റും ഭൂകമ്പങ്ങളും മഹാമാരികളും വർധിച്ചിരിക്കുകയാണെന്ന് കഴിഞ്ഞ കുറച്ചു വർഷങ്ങളായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ മഹാമാരികളും വിപത്തുകളും വരുന്നത് മനുഷ്യനെ തന്റെ സ്രഷ്ടാവിനോടുള്ള കടമകളും അല്ലാഹുവിന്റെ സൃഷ്ടിജാലങ്ങളോടും ദാസരോടുമുള്ള കടമകളും നിറവേറ്റുന്ന കാര്യത്തെക്കുറിച്ച് ജാഗ്രതപ്പെടുത്തുന്നതിനു വേണ്ടിയാണ്. അതുകൊണ്ട് ഈ അവസ്ഥകളിൽ നമ്മൾ സ്വയം അല്ലാഹുവിലേക്കു മുമ്പേയുള്ളതിനെക്കാളുപരി കുനിയുന്നതോടൊപ്പം ലോകത്തെ ജാഗ്രതപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ചില രോഗങ്ങളും പ്രളയങ്ങളും പകർച്ച വ്യാധികളും എങ്ങനെയുള്ളതാണെന്നാൽ അത് ലോകത്ത് വരുമ്പോൾ സ്വാഭാവികമായും അതിന്റെ സ്വാധീനം എല്ലാവരിലും പതിയുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ചില വിപത്തുകൾക്ക് നമ്മളുമായി ബന്ധമുണ്ടാകില്ല എന്നതു ശരിതന്നെ. എങ്കിലും ഈ ലോകത്തു ജീവിക്കുമ്പോൾ പലകാര്യങ്ങളിലും ഉദാഹരണത്തിന് പകർച്ചവ്യാധികൾ, വരൾച്ച തുടങ്ങിയവയിൽ നമുക്കും ഒരു പരിധിവരെ ഭാഗഭാക്കാകേണ്ടി വരുന്നു. അതായത് നമ്മളും അതിൽ പങ്കുചേരുന്നു. നമ്മളേയും അത് ബാധിക്കുന്നു. ദൈവിക ജമാഅത്തുകൾ അവയിൽനിന്ന് തികച്ചും സുരക്ഷിതരാകുക എന്നതുണ്ടാകുകയില്ല. അവിടന്ന് പറഞ്ഞു: 'കാരണം അത് ദൈവയുക്തിക്ക് വിരുദ്ധമാകുന്നു.'(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 6, പേജ് 387–388, ഖുത്ബ ജുമുഅ 6–2–1920)

എന്നാൽ, സത്യവിശ്വാസി ആ പ്രയാസങ്ങളിൽ അല്ലാഹുവിന്റെ തിരുസന്നിധയിൽ കുനിഞ്ഞുകൊണ്ട്, അവന്റെ നന്ദിയുള്ള ദാസരായിക്കൊണ്ട് കഴിഞ്ഞുപോകുന്നു. അതുകൊണ്ട് ഞാൻ പറഞ്ഞതുപോലെ നമ്മൾ ഈ ദിനങ്ങളിൽ പ്രത്യേകമായനിലയിൽ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിയേണ്ടതാണ്. അവന്റെ കരുണയും കൃപയും ചോദിക്കേണ്ടതാണ്. അതിനാൽ മുമ്പേയുള്ളതിനെക്കാളുപരി എല്ലാ അഹ്മദികളും അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിയാൻ ശ്രമിക്കേണ്ടതാണ്. ചിലയാളുകൾ ഈ മഹാമാരി ഒരു അടയാളമെന്ന നിലയ്ക്കാണ് വന്നിരിക്കുന്നതെന്നും അതുകൊണ്ട് നമുക്ക് ചികിത്സയുടെയും പ്രതിരോധ നടപടികളുടേയും ആവശ്യമില്ലെന്നും മറ്റും അഭിപ്രായപ്രകടനങ്ങൾ നടത്തുന്നു. അതല്ലെങ്കിൽ മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന തരത്തിലുള്ള മറ്റു ചർച്ചകൾ നടത്തുന്നു. ഇതൊരു അടയാളമാണോ അല്ലയോ എന്ന് നമുക്കറിയില്ല. പക്ഷേ, പൊതുവായ നിലയിൽ നാം പറയാറുള്ളത് ഞാനിപ്പോൾ പറഞ്ഞതുപോലെ, കുറച്ചു ഖുത്ബകൾക്കുമുമ്പേ ഈ രോഗത്തെ കുറിച്ച് ആരംഭത്തിൽ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗത്തിനു ശേഷം ഭൗമികവും ആകാശീയവുമായ വിപത്തുകൾ വളരെയധികം വർധിച്ചിരിക്കുന്നു എന്നാണ്. അതുകൊണ്ട് പൊതുവായ നിലയിൽ ഇങ്ങനെ പറയാവുന്നതാണെന്നതിൽ സംശയമില്ല. പക്ഷേ, അതിനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തെ പ്ലേഗുമായി ബന്ധിപ്പിക്കാനും, പിന്നീട് നഊദുബില്ലാഹ് ഈ രോഗം ബാധിച്ച അഹ്മദികളെക്കുറിച്ചും രോഗം ബാധിച്ച് മരിച്ചവരെക്കുറിച്ചും അവരുടെ ഈമാൻ ബലഹീനമായിരുന്നു എന്നൊക്കെ പറയാനും ആർക്കും അവകാശമില്ല.

പ്ലേഗ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ഒരു ദൃഷ്ടാന്തമെന്ന നിലയിൽ വെളിപ്പെട്ടതാണ്. അതേസമയം ഇതു ബാധിച്ചു മരിക്കുന്ന വിശ്വാസികളെ നബി(സ) തിരുമേനി ശഹീദാണെന്ന്

പറഞ്ഞിട്ടുമുണ്ട്.(സ്വഹീഹുൽബുഖാരി, കിതാബു ത്വിബ്ബ്, ഹദീഥ് 5733). പക്ഷേ, എന്തായാലും ഈ പ്ലേഗ് രോഗം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു ദൃഷ്ടാന്തമെന്ന നിലയിൽ വെളിപ്പെട്ടതാണ്. അതിനെക്കുറിച്ച് അല്ലാഹു അദ്ദേഹത്തിന് പ്രത്യേകം അറിയിപ്പു നൽകിയിരുന്നു. അദ്ദേഹം അത് ദൃഷ്ടാന്തമാണെന്ന് വിളംബരം ചെയ്യുകയും ചെയ്തിരുന്നു. ഇതു സംബന്ധമായി ജമാഅത്തിന് നിർദേശങ്ങളും നല്കിയിരുന്നു. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ കാലത്തുണ്ടായ പ്ലേഗിന് ഒരു വേറിട്ട സ്ഥാനമുണ്ട്. പക്ഷേ, അതിനോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഫ്തി സാഹിബ്(റ)നോട് ഞാനെന്റെ ജമാഅത്ത് സുരക്ഷിതമായിരിക്കാനായി വളരെയധികം ദുആ ചെയ്യുന്നുണ്ട് എന്ന കാര്യം പത്രങ്ങളിൽ വിളംബരപ്പെടുത്തുക എന്ന് പറയുകയുണ്ടായി. എന്നാൽ, അവിടന്ന് പറയുന്നു: വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാകുന്നത് ദൈവ കോപം ഇറങ്ങുമ്പോൾ ദുരാത്മാക്കളുടെ കൂട്ടത്തിൽ നല്ലവരും പെട്ടുപോകുന്നുവെന്നാണ്. ശേഷം അവർക്ക് അവരുടെ കർമങ്ങൾക്കനുസൃതമായി പ്രതിഫലം ലഭിക്കുന്നതായിരിക്കും. നല്ലവരെ ബാധിക്കില്ലെന്ന് പറയുക മാത്രമല്ല മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ള തുപോലെ നല്ലവരെ ബാധിച്ചിട്ടുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഇതു പ്രകൃതിനിയമമാണ്. രോഗബാധയുണ്ടാകുന്നു.' പിന്നീട് അവിടന്ന് പറയുന്നു: 'നോക്കുക! ഹദ്റത്ത് നൂഹിന്റെ കാലത്തുണ്ടായ പ്രളയം എല്ലാവരേയും ബാധിച്ചു. എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും നൂഹിന്റെ വാദമെന്താണെന്നോ തെളിവുകളെന്താണെന്നോ പൂർണമായും അറിയില്ലായിരുന്നു. പക്ഷേ, പ്രളയത്തിന്നിരയായി.' വീണ്ടും അവിടന്ന് പറയുന്നു: 'ഇസ്‌ലാമിന് വിജയം നല്കിയ ധർമയുദ്ധങ്ങളെല്ലാം ഇസ്‌ലാമിന്റെ സത്യതക്കുള്ള ദൃഷ്ടാന്തമായിരുന്നു. സ്വഹാബാക്കളും നബി(സ)തിരുമേനിയോടൊപ്പം ധർമസമരത്തിൽ പങ്കെടുത്തു. എല്ലാ യുദ്ധങ്ങളിലും സത്യനിഷേധികളുടെ കൂട്ടത്തിൽ മുസ്‌ലിമീങ്ങളും വധിക്കപ്പെട്ടു. ജിഹാദിൽ വിജയങ്ങളുമുണ്ടായി. അതിനുശേഷം ഖുലഫാഉർറാശിദീങ്ങളുടെ കാലഘട്ടത്തിലും യുദ്ധമുണ്ടായി. അവയിൽ ചിലതിൽ പരാജയപ്പെടുകയും ചെയ്തിരുന്നു. പക്ഷേ, പൊതുവായി നോക്കുമ്പോൾ വിജയങ്ങളാണുണ്ടായിരുന്നത്.' അവിടന്ന് പറയുന്നു: 'ഇതെല്ലാം ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിനുള്ള ഒരു ദൃഷ്ടാന്തമായിരുന്നു.' അവിടന്ന് പറയുന്നു: 'പക്ഷേ, എല്ലായുദ്ധങ്ങളിലും അവിശ്വാസികളോടൊപ്പം മുസ്‌ലിമീങ്ങളും വധിക്കപ്പെട്ടു. അല്ലാതെ അവിശ്വാസികൾ മാത്രമല്ല വധിക്കപ്പെട്ടത്; യുദ്ധം ദൃഷ്ടാന്തമെന്ന നിലയിൽ ആയിരുന്നെങ്കിലും! വധിക്കപ്പെട്ട മുസ്‌ലിമീങ്ങൾ ശഹീദ് എന്നു പറയപ്പെട്ടു. അതുപോലെതന്നെ പ്ലേഗും നമ്മുടെ സത്യസാക്ഷ്യത്തിനായുള്ള ഒരു ദൃഷ്ടാന്തമാകുന്നു. നമ്മുടെ ജമാഅത്തിലെ ചില ആളുകളും അതിൽ ശഹീദാകാനിടയുണ്ട്.' പിന്നീട് അവിടന്ന് പറയുന്നു: 'ഏറ്റവുമാദ്യം അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുക. നിങ്ങളുടെ മനസ്സിനെ വികാരാവേശങ്ങളിൽനിന്ന് സംശുദ്ധമാക്കുക. അതിനുശേഷം അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുക.' അവിടന്ന് പറഞ്ഞു: 'അല്ലാഹുവിൽ സത്യസന്ധമായി വിശ്വസിക്കുക. വണക്കത്തോടുകൂടി അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആചെയ്തുകൊണ്ടിരിക്കുക. അല്ലാഹുവിന്റെ മുന്നിൽ കരഞ്ഞു ദുആ ചെയ്യാത്തതായ ഒരു ദിവസംപോലും ഉണ്ടാകരുത്.' തുടർന്ന് പറയുന്നു: 'അതിനുശേഷം ഭൗതികമായ കാര്യഹേതുക്കളെ പരിഗണിക്കുക. അതായത് ബാഹ്യമായിട്ടുള്ള ജാഗ്രതകളെല്ലാം പാലിക്കുക. അത് നിറവേറ്റുക.' വീണ്ടും പറഞ്ഞു: 'ദൈവവിധിയനുസരിച്ച് നിങ്ങളിലാരെങ്കിലും ഇനി പ്ലേഗ് ബാധിതരായാൽ അവരോടും അവരുടെ ബന്ധുക്കളോടും പൂർണമായും സഹതാപം കണിക്കുക. എല്ലാ രീതിയിലും അവരെ സഹായിക്കുക. അവരുടെ ചികിത്സയിലും ശുശ്രൂഷയിലും ഒരു കുറവും വരുത്തരുത്. എന്നാൽ, ഓർമിക്കുക സഹതാപം കാണിക്കുക എന്നതിനർഥം അയാളുടെ വിഷലിപ്തമായ ശ്വസനത്തിൽനിന്നോ വസ്ത്രത്തിൽനിന്നോ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ പെരുമാറുക എന്നല്ല.'(മൽഫൂദാത്ത് വാള്യം 9, പേജ് 251 –253)

നിസംശയം സഹതാപം കാണിച്ചുകൊള്ളുക. പക്ഷേ, രോഗം വരാതിരിക്കാനുള്ള മുൻകരുതലുകളും അനിവാര്യമാണ്. അവയിൽനിന്ന് രക്ഷപ്പെട്ടിരിക്കേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് അതിന്റെ ബാധയിൽനിന്ന് രക്ഷപ്പെടുക. ഇക്കാര്യത്തിൽനിന്ന് നമ്മൾ സ്വീകരിക്കേണ്ട പാഠം സഹായിക്കുന്നവർ ആരായാലും അവർ മുൻകരുതലുകൾ എടുക്കേണ്ടതാണ്. ഉദാഹരണത്തിന് ഇക്കാലത്ത് പറയുന്നത് മാസ്ക് ധരിക്കുക എന്നാണ്. മറ്റു മുൻകരുതലുകളും മുമ്പിൽ വെക്കേണ്ടതാണ്. ഇപ്രകാരം മറ്റുള്ളവരുടെ വീടുകളിൽ അനാവശ്യമായി പോകുന്നതും ഒഴിവാക്കേണ്ടതാണ്. സർക്കാരും അത് നിരോധിച്ചിട്ടുണ്ട്. അത് പാലിക്കേണ്ടതാണ്.

ഈയിടെയായി ഇവിടെ യു.കെയിൽ സർക്കാർ പറഞ്ഞിട്ടും നിരോധിച്ചിട്ടും ആളുകൾ പാർക്കുകളിൽപ്പോയി ഒന്നിച്ചു കൂടിച്ചേരുന്നു. നടക്കാൻ പോകാൻ മാത്രമാണ് അനുവാദമുള്ളത്. കുറച്ചു തുറന്ന സ്ഥലത്ത് കാറ്റുകൊള്ളാൻ പോകാം. അല്ലാതെ പാർക്കുകളിൽ ഇരുന്ന് പിക്നിക് ആഘോഷിക്കുക എന്നതല്ല. ഒരുപാടാളുകൾ ഒരുമിച്ചു കൂടുക എന്നതല്ല. ഇത് തെറ്റായ വഴിയാണ്. സർക്കാർ ആവർത്തിച്ച് ഇതു പറഞ്ഞുകൊണ്ടിരിക്കുന്നു. കാറുകളിൽ ഇരുന്നുകൊണ്ട് പോകുന്നു. നിങ്ങൾ കാറ്റുകൊള്ളാനാണ് പോകുന്നതെന്ന് പറയുന്നുവെങ്കിൽ, വ്യായാമത്തിനാണ് പാർക്കുകളിൽ പോകുന്നതെന്ന് പറയുന്നുവെങ്കിൽ വീടുകളിൽനിന്ന് നടന്നുപോകുക. അല്ലെങ്കിൽ സൈക്കിളിൽ പോകുക. കാറിൽ ഒന്നിച്ചിരുന്ന് പോകുന്നതും തെറ്റാണ്. ഇപ്പോൾ ചില സ്ഥലങ്ങളിൽ കൗൺസിലുകൾ പാർക്കിംഗിന്റെ സ്ഥലം അടച്ചുപൂട്ടാൻ വിളംബരം ചെയ്തിരിക്കുന്നു. കാറുകൾ വരുന്നതിന് അനുവാദം തന്നെയില്ല. പാർക്കിംഗിനുള്ള അനുവാദംതന്നെയില്ല. എന്തായാലും അഹ്മദികൾ ഇത്തരം പ്രവൃത്തികളിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. സഹായിക്കാനുള്ള ജോലി ഏല്പിച്ചിട്ടുള്ളവർ ഖുദ്ദാമുൽ അഹ്മദിയ്യായും നിരവധി സന്നദ്ധസേവകരെ നല്കിയിട്ടുണ്ട് മറ്റുള്ളവരും സഹായം ചെയ്തുവരുന്നുണ്ട് അവരെല്ലാം എല്ലാതരത്തിലുള്ള മുൻകരുതലോടും ദുആയോടും കൂടി ഈ നിർബന്ധ കടമ നിറവേറ്റുക. സൂക്ഷ്മത ഇല്ലായ്മയിൽനിന്ന് രക്ഷപ്പെടുക. ആവശ്യമില്ലാതെ സ്വയം നാശത്തിൽ അകപ്പെടുത്തരുത്. അത് അജ്ഞതയാണ്; ധീരതയല്ല. അതുകൊണ്ട് വളരെയധികം സൂക്ഷ്മത കൈക്കൊള്ളുക.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അല്ലാഹു ഇങ്ങനെ വരുത്താതിരിക്കട്ടെ–ആരെങ്കിലും ഈ രോഗത്താൽ മരണപ്പെടുകയാണെങ്കിൽ അയാൾ ശഹീദാകുന്നു. അങ്ങനെയുള്ളവരെ കുളിപ്പിക്കുകയോ കഫൻപൊതിയുകയോ ചെയ്യേണ്ട ആവശ്യമില്ല. ശഹീദിനോടുള്ള പെരുമാറ്റമായിരിക്കും അവരോട് ചെയ്യപ്പെടുക.' ഇവിടെ ഭരണകൂടം ഒരു പരിധിവരെ അനുവാദം നല്കിയിട്ടുണ്ട്. കുളിപ്പിക്കുകയും ചെയ്യും. കഫൻ പൊതിയുകയും ചെയ്യാം. ആവശ്യമില്ലെന്ന് വളരെ സങ്കീർണമായ അക്കാലത്താണ് അവിടന്ന് പറഞ്ഞിരുന്നത്. പിന്നീട് താക്കീത് എന്ന നിലയിൽ അവിടന്ന് ഇങ്ങനേയും പറഞ്ഞു: 'വീടുകൾ വളരെയധികം വൃത്തിയാക്കി വെക്കുക.' അതിനെ സംബന്ധിച്ച് പ്രത്യേകമായ നിലയിൽ നിർദേശം നല്കി. വീടുകൾ ശുചിയാക്കി വെക്കാൻ പറഞ്ഞതിനോടൊപ്പം വസ്ത്രങ്ങളും വൃത്തിയായി സൂക്ഷിക്കണമെന്നും പറഞ്ഞു. അഴുക്കു ചാലുകളും വൃത്തിയാക്കിക്കുക. ഇവിടെ എല്ലാ സ്വീവ്റേജ് സിസ്റ്റവും(sewerage system) അണ്ടർഗ്രൗണ്ട്(underground) ആണ്. കാണകളും ചാലുകളും തുറന്ന നിലയിലുള്ള അവികസിത രാജ്യങ്ങളിൽ അത് വൃത്തിയാക്കി വെക്കുക എന്നത് വളരെ അത്യാവശ്യമാണ്. ഏറ്റവും മുഖ്യമായിട്ടുള്ള കാര്യം മനസ്സുകൾ ശുദ്ധമാക്കിവെക്കുകയും അല്ലാഹുവുമായി രഞ്ജിപ്പുണ്ടാക്കുകയും ചെയ്യുക എന്നതാണ്.'(മൽഫൂദാത്ത് വാള്യം 9, പേജ് 253)

അതിനാൽ ഇന്ന് ഈ പകർച്ചവ്യാധി കാരണത്താൽ ഉണ്ടായിട്ടുള്ള ഈ അവസ്ഥകളിൽ ഞാൻ പറഞ്ഞതുപോലെ എല്ലാവരേയും അത് ബാധിച്ചിരിക്കുകയാണ് എഴുത്തുകാരൊക്കെ അത് എഴുതുന്നുമുണ്ട് ഇക്കാര്യങ്ങളിൽ പ്രത്യേകമായും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. നമുക്കുവേണ്ടി ദുആയുടെ മാർഗം തുറന്നു കിടക്കുന്നു. അല്ലാഹു ദുആകൾ കേൾക്കുകയും ചെയ്യുന്നു. ആത്മാർഥമായി അവന്റെ മുമ്പിൽ കുനിയുകയാണെങ്കിൽ അത് അവൻ സ്വീകരിക്കുന്നു. എങ്ങനെയാണ് സ്വീകരിക്കുന്നതെന്ന് അവനാണ് നല്ലവണ്ണം അറിയുന്നത്. പൊതുവായ നിലയിൽ തങ്ങൾക്കുവേണ്ടിയും തങ്ങളുടെ പ്രിയപ്പെട്ടവർക്കുവേണ്ടിയും ബന്ധുക്കൾക്കുവേണ്ടിയും ജമാഅത്തിനുവേണ്ടിയും മൊത്തത്തിൽ മനുഷ്യകുലത്തിനുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അവരുടെയും നമ്മുടെയും മേൽ കരുണ ചൊരിയുമാറാകട്ടെ. മുൻകരുതലുകൾക്കുള്ള സാധനസാമഗ്രികൾ ഇല്ലാത്ത

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***


**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**


## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**


**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

അഹ്മദികളും അല്ലാത്തവരുമായ ധാരാളമാളുകൾ ലോകത്തുണ്ട്. അവർക്ക് ചികിത്സയ്ക്കും ഭക്ഷണപാനീയങ്ങൾക്കുമുള്ള സൗകര്യങ്ങളില്ല. അല്ലാഹു അവരുടേയും നമ്മുടെ എല്ലാവരുടേയുംമേലും കരുണ ചൊരിയുമാറാകട്ടെ. ഈ അവസ്ഥകളിൽ ഭക്ഷണസാധനങ്ങളും മറ്റും എല്ലാ അഹ്മദികൾക്കും എത്തിക്കുന്നതിന് നമ്മൾ ശ്രമിക്കുന്നുണ്ട്. എങ്കിലും കുറവുകളുണ്ടാകും. അഹ്മദികളുടെ വീടുകളിലെത്തിക്കാനുള്ള ശ്രമമുണ്ടായിട്ടും പോരായ്മകളുണ്ടാകാറുണ്ട്. ഈ എല്ലാ സൗകര്യങ്ങളും മറ്റുള്ളവർക്കും എത്തിക്കുന്നതിനുവേണ്ടിയും നമ്മൾ പരിശ്രമിക്കുന്നുണ്ട്. നിസ്വാർഥരായി ഈ സേവനം സഹതാപവികാരത്തോടുകൂടിയാണ് നമ്മൾ ചെയ്യുന്നത്. പക്ഷേ, എന്നിട്ടും ചില പക്ഷപാതമുള്ള മാധ്യമങ്ങൾ, അല്ലെങ്കിൽ നാമധാരികളായ ഉലമാ അഹ്മദികൾ ഈ സേവനം ചെയ്യുന്നതും ഭക്ഷണസാധനങ്ങളെത്തിക്കുന്നതും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതുമെല്ലാം തങ്ങളുടെ മതപ്രചാരണത്തെ സഹായിക്കാനാണെന്ന ആക്ഷേപം ഉന്നയിക്കുന്നു; അവരുടെ പ്രചാരണത്തിനുള്ള വഴികൾ തുറക്കാനാണത്രെ! എന്തായാലും ഈ ആക്ഷേപംകൊണ്ട് നമുക്ക് ഒരു വ്യത്യാസവും ഉണ്ടാകുകയില്ല. നമ്മുടെ ഉദ്ദേശ്യങ്ങളും നമ്മുടെ വികാരങ്ങളും അല്ലാഹു അറിയുന്നു. വീണ്ടും ഞാൻ പറയുകയാണ്, ഇക്കാലത്ത് ദുആകളിൽ, ദുആകളിൽ, ദുആകളിൽ വളരെയധികം ശക്തി ചെലുത്തുക. അല്ലാഹു ജമാഅത്തിനെ എല്ലാ വിധത്തിലും, ജമാഅത്തിലെ എല്ലാ അംഗങ്ങളേയും എല്ലാവിധത്തിലും മൊത്തത്തിൽ ജമാഅത്തിനെ എല്ലാ വിധത്തിലും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. അല്ലാഹു എനിക്കും നിങ്ങൾക്കും ദുആകൾ ചെയ്യുവാനും ദുആ സ്വീകാര്യതയാൽ അനുഗൃഹീതരാകുവാനും തൗഫീഖ് നൽകുമാറാകട്ടെ.

ഇക്കാര്യവും ഞാൻ ചില വ്യാപാരികളോടു പറയാൻ ആഗ്രഹിക്കുകയാണ്. കച്ചവടക്കാരായ അഹ്മദികൾ ഈ ദിനങ്ങളിൽ തങ്ങളുടെ സാധനങ്ങളുടെമേൽ അസാധാരണമായ ലാഭമുണ്ടാക്കാൻ ശ്രമിക്കരുത്. അങ്ങനെ ചെയ്യുന്നതിനുപകരം പ്രത്യേകിച്ചും ഭക്ഷണ-പാനീയ വസ്തുക്കൾ ഏറ്റവും കുറഞ്ഞ ലാഭത്തിന് വില്ക്കുക. ഇത് മനുഷ്യകുലത്തിന് സേവനം ചെയ്യുവാനുള്ള ദിനങ്ങളാണ്. സഹാനുഭൂതിയുടെ വികാരം ഉണ്ടാക്കിയെടുക്കുക എന്നു പറഞ്ഞ് ഇക്കാര്യത്തിലേക്ക് ഹദ്റത്ത മസീഹ് മൗഊദ്(അ) ഉപദേശിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിറവേറ്റുന്നതിനും അതു മുഖേന ദൈവസാമീപ്യം പ്രാപിക്കുവാനുള്ള ദിനങ്ങളാണിത്. ഈ അവസ്ഥകളിൽ അമിതലാഭം എടുക്കുന്നതിനുപകരം സഹാനുഭൂതിയുടെ വികാരമനുസരിച്ച് തങ്ങളുടെ വ്യാപാരസ്ഥാപനങ്ങൾ നടത്താൻ അല്ലാഹു വ്യാപാരികൾക്ക് തൗഫീഖ് നൽകുമാറാകട്ടെ.

ഇനി ഞാൻ കഴിഞ്ഞ ദിവസം വഫാത്തായ നമ്മുടെ വളരെ ആത്മാർഥനായ ജമാഅത്തിന്റെ കാർകുനുംസേവകനുമായിരുന്ന നാസിർ അഹ്മദ് സയീദ് സാഹിബിനെ അനുസ്മരിക്കുകയാണ്. അദ്ദേഹം ഏപ്രിൽ 5ന് വഫാത്തായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* നാസിർ അഹ്മദ് സയീദ് സാഹിബ് 1951-ൽ സിയാൽക്കോട്ടു ജില്ലയിലെ ഡസ്ക എന്ന ഗ്രാമത്തിൽ താജുദ്ദീൻ സാഹിബിന്റെ വീട്ടിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് താജുദ്ദീൻ എന്നായിരുന്നു. നാസിർ അഹ്മദ് സയീദ് സാഹിബ് ജന്മനാ അഹ്മദിയായിരുന്നു. അധികം വിദ്യാഭ്യാസമൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹം മിഡിൽവരെ, എട്ടാംക്ലാസുവരെ പഠിച്ചു. 1973-ൽ നല്ലാറത്ത് ഉമൂറെആമയുടെ കീഴിൽ ജീവനക്കാരനെന്ന നിലയിൽ 'ഹിഫാളത്തെ ഖാസിൽ' നിയമിതനായി. (ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1984-ൽ റബ്വയിൽനിന്ന് ഹിജ്റത്ത് ചെയ്ത കാലത്തെന്നാണ് ഞാൻ വിചാരിക്കുന്നത്). അതിനുശേഷം 1985 ൽ അദ്ദേഹത്തിന് ലണ്ടനിലേക്ക് സ്ഥലമാറ്റമുണ്ടായി. അവിടെ സേവനം ചെയ്തുകൊണ്ടിരുന്നു. പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ചട്ടങ്ങൾ പ്രകാരം 2010 ഒക്ടോബറിൽ അദ്ദേഹം റിട്ടയേർഡായി. പക്ഷേ, അദ്ദേഹം റിട്ടയർമെന്റിനുശേഷവും തന്റെ ജോലി തുടർന്നുപോന്നു. ഡ്യൂട്ടി, ചുമതലകൾ നിർവഹിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂന്നാം ഖിലാഫത്തു മുതൽ എന്റെ സമയംവരെയും അദ്ദേഹത്തിന് ഡ്യൂട്ടി ചെയ്യുവാനുള്ള സൗഭാഗ്യമുണ്ടായി.

നാസിർ സയീദ് സാഹിബ് അനേകം സവിശേഷഗുണങ്ങൾക്കുടമയായിരുന്നു. വളരെ വിശ്വസ്തതയോടെയും സന്നദ്ധതയോടെയും ഡ്യൂട്ടി ചെയ്തിരുന്നു. ഖിലാഫത്തുമായി അദ്ദേഹത്തിന് യഥാർഥ സ്നേഹബന്ധമായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ ഭാര്യ കുൽസൂം ബീഗം, ഒരു മകൻ ഖാലിദ് അഹ്മദ് സയീദ് എന്നിവരാണുള്ളത്. പിന്നീടുള്ളത് ഖാലിദ് അഹ്മദ് സയീദ് സാഹിബിന്റെ മക്കളാണ്. ഖാലിദ് സാഹിബും വളണ്ടിയർ ആയി സ്പെഷ്യൽ സെക്യൂരിറ്റി ഗാർഡിൽ ഡ്യൂട്ടി നല്കാറുണ്ട്. അല്ലാഹു അദ്ദേഹത്തെ പിതാവിനെപ്പോലെ വിശ്വസ്തനാക്കട്ടെ. അദ്ദേഹത്തിന്റെ കാലടികളെ പിന്തുടരുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യക്ക് ക്ഷമയും സഹനവും പ്രദാനം ചെയ്യട്ടെ.

നാസിർ സയീദ് സാഹിബ് ഒരു കുടുംബ ബന്ധുവാണ്. അദ്ദേഹത്തിന്റെ മാതുലൻ സാദ് സയീദ് സാഹിബ് റബ്വയിലാണ്. മഹ്മൂദ് സാഹിബ് ആദ്യം സൈന്യത്തിലായിരുന്നു. ഇദ്ദേഹത്തിന്റെ സമപ്രായക്കാരനുമായിരുന്നു. പറയുന്നു: നാസിർ സയീദ് സാഹിബിന്റെ മാതാപിതാക്കളും ഇദ്ദേഹത്തിനോടു സൈന്യത്തിൽ ചേരാനോ മറ്റെന്തെങ്കിലും തൊഴിൽ നോക്കാനോ പറഞ്ഞിരുന്നു. അപ്പോൾ അദ്ദേഹം അവരോടു പറഞ്ഞു: 'എന്തെങ്കിലും ജോലി ചെയ്യുകയാണെങ്കിൽ അത് ജമാഅത്തിനുവേണ്ടിയായിരിക്കും. ഇല്ലെങ്കിൽ ഈ ചെറിയ കൃഷിയിടമുണ്ടല്ലോ, അവിടെ എന്റെ കർഷകവൃത്തി ചെയ്തു കഴിയും.' അതിനുശേഷം ഞാൻ പറഞ്ഞതുപോലെ ഇദ്ദേഹം ജമാഅത്തിൽവന്നു ജോലിയിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ ബന്ധുതന്നെ പറയുന്നു, അദ്ദേഹം തന്റെ എല്ലാ ബന്ധുമിത്രാദികളോടും അങ്ങേയറ്റം ആത്മാർഥതയോടെ സ്നേഹപൂർവം പെരുമാറിയിരുന്നു. നിർധനരായവരെ രഹസ്യമായി സഹായിച്ചിരുന്നു.

റബ്വയിലെ ഹിഫാളത്തെ ഖാസിലെ അംഗം ശക്കൂർ സാഹിബ് പറയുന്നു, എനിക്ക് 1990 മുതൽ 98 വരെ ലണ്ടനിൽ നാസിർ സയീദ് സാഹിബിന്റെ കൂടെ ജോലി ചെയ്യാനുള്ള അവസരം കിട്ടി. എപ്പോഴും ഖിലാഫത്തിനോടു കൂറുപുലർത്തുന്നയാളും അനുസരണമുള്ള ആളുമായിട്ടാണ് ഞാൻ കണ്ടത്. ഡ്യൂട്ടിയുടെ കാര്യത്തിൽ എപ്പോഴും വലിയ വിശ്വസ്തനായിരുന്നു. ഡ്യൂട്ടിസമയത്തിനുമുമ്പേ എപ്പോഴും എത്തുമായിരുന്നു. രഹസ്യമായ എന്തെങ്കിലും സന്ദേശമുണ്ടെങ്കിൽ അത് രഹസ്യമാക്കിത്തന്നെ വെക്കും. ആരോടും കൂട്ടുകാരോടുപോലും അതെ കുറിച്ച് പറയുമായിരുന്നില്ല.

ഹിഫാളത്തെ ഖാസ് ഓഫീസറാണ് മേജർ മഹ്മൂദ് സാഹിബ്. അദ്ദേഹം എഴുതുന്നു: നാസിർ സയീദ് സാഹിബ് അങ്ങേയറ്റം കൂറുപുലർത്തുന്ന ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തിന്റെ ആത്മാവിന്റെ അച്ചുതണ്ട് അഹ്മദിയ്യാ ഖിലാഫത്ത് മാത്രമായിരുന്നു. ഭൗതികമായ എല്ലാ കാര്യങ്ങൾക്കും അതീതനായിരുന്നു. ദീനീ സേവനം അദ്ദേഹത്തിന്റെ ഉന്നതമായ ദൗത്യമായിരുന്നു. സേവനം ചെയ്യുന്നതിനുപുറമെ മറ്റൊരു ചിന്തയുമുണ്ടായിരുന്നില്ല. ഖിലാഫത്തിന്റെ വാതിൽക്കൽ ജീവൻ പോകണമെന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. അത് അദ്ദേഹം സത്യമാക്കിക്കാണിക്കുകയും ചെയ്തു. അതിഥി സൽക്കാരത്തിലും വളരെ മുന്നിലായിരുന്നു. അതിനു അദ്ദേഹത്തിനുദാഹരണം അദ്ദേഹംതന്നെയാണ്. ചെറിയവരേയും വലിയവരേയും വളരെ ശ്രദ്ധിച്ചിരുന്നു. ഉദ്യോഗസ്ഥരെ ആദരിച്ചിരുന്നു. പരാതികളൊന്നും ഒരിക്കലും പറഞ്ഞിരുന്നില്ല. കല്പനകളെല്ലാം പാലിക്കേണ്ടത് തന്റെ നിർബന്ധ കടമയായി മനസ്സിലാക്കി. മേജർ സാഹിബ് എഴുതുന്നു: വഖ്ഫെ സിന്ദഗിക്ക് മറുപടിയില്ലാത്ത മാതൃകയായിരുന്നു അദ്ദേഹം. യാഥാർഥ്യവും ഇതുതന്നെയാണ്. അതുല്യ പ്രതിഭയായിക്കൊണ്ട് അദ്ദേഹം തന്റെ ജീവിതത്തിൽ സേവനം ചെയ്തു.

ജർമനിയിലെ ജാമിഅ വിദ്യാർഥി ഹാറൂൺ എഴുതുന്നു: ആളുകൾ തമ്മിൽ എന്തെങ്കിലും ഭിന്നിപ്പോ വഴക്കോ ഉണ്ടായാൽ അവരുടെ ഇടയിൽ രഞ്ജിപ്പുണ്ടാക്കാൻ പല പങ്കും വഹിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ ഒരിക്കൽ അദ്ദേഹത്തോടു ചോദിച്ചു: അങ്ങ് അവധികളിൽ എവിടെയെങ്കിലും പോകാറുണ്ടോ? അദ്ദേഹം പറഞ്ഞു: 'കാലത്തിന്റെ ഖലീഫയ്ക്ക് സേവനം ചെയ്യുന്നതും അവിടെ ഹാജരായി ഇരിക്കുന്നതും ഡ്യൂട്ടികൊടുക്കലുംതന്നെയാണ് വഖ്ഫെ സിന്ദഗിയുടെ അവധികൾ! മറ്റൊരു ഉദ്യോഗവും ഉണ്ടാകാൻ പാടില്ല.'

ധാരാളമാളുകൾ അദ്ദേഹത്തിന്റെ സൽസ്വഭാവങ്ങളേയും അതിഥിസൽക്കാരത്തേയും സൽപെരുമാറ്റത്തേയും സ്നേഹത്തേയും കുറിച്ചെഴുതിയിട്ടുണ്ട്. അദ്ദേഹം ജമാഅത്തിന്റെ വലിയ തസ്തികകളിലൊന്നുമായിരുന്നില്ലെങ്കിലും നിസാരനായ സേവകനായിരുന്നിട്ടുകൂടി എല്ലാ

## ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്‌ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## ഹദീഥുന്നബ്വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

വർക്കും പ്രിയപ്പെട്ടയാളായിരുന്നു. ആരുമായി കണ്ടുമുട്ടിയാലും അവരുടെ ഹൃദയം പിടിച്ചുവാങ്ങുമായിരുന്നു.

ജർമനിയിൽനിന്ന് നസീർ ബാജ്വാ സാഹിബ് പറയുന്നു: ഉത്തമമായ സ്വഭാവഗുണങ്ങളുടേയും ശീലങ്ങളുടേയും ഉടമയായിരുന്നു അദ്ദേഹം. എല്ലാവർക്കും നല്ലതേ ആഗ്രഹിച്ചിരുന്നുള്ളു. സകലമനുഷ്യർക്കും എപ്പോഴും സേവനത്തിന് തയ്യാറായിരുന്നു. മറ്റുള്ളവർക്ക് എന്തെങ്കിലും സഹായം ചെയ്യുന്നത് വളരെ സന്തോഷമായിരുന്നു. അതിൽ മനഃസംതൃപ്തി കണ്ടിരുന്നു. അമേരിക്കയിലെ ഒരു ഖാദിം സയ്യിദ് ഉവയ്സ് സാഹിബ് എഴുതുന്നു: അമേരിക്കയിൽ വന്നപ്പോഴെല്ലാം വളരെ സന്തോഷത്തോടെയാണ് കണ്ടിരുന്നത്. ഒരിക്കലും അദ്ദേഹത്തിൽ ക്ഷീണത്തിന്റെ ഒരു ലക്ഷണവും കണ്ടിട്ടില്ല. ഖുദ്ദാമിനേയും വളരെ സന്തോഷത്തോടെയാണ് കണ്ടിരുന്നത്. സ്നേഹത്തോടെ അവർക്ക് കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുമായിരുന്നു. അവരെ ഉത്സുകരാക്കാൻ ശ്രമിച്ചിരുന്നു. അദ്ദേഹത്തിലെ വലിയൊരു ഗുണമായിരുന്നു അത്.'

എല്ലാ രാജ്യങ്ങളിൽനിന്നും ഇതുപേലുള്ള കത്തുകൾ അദ്ദേഹത്തെ കുറിച്ച് വന്നുകൊണ്ടിരിക്കുന്നുണ്ട്. അതെല്ലാം ഇവിടെ വിവരിക്കുക അസാധ്യമാണല്ലോ.

ഫിറോസ് ആലം സാഹിബ് അദ്ദേഹത്തിന്റെ ഗുണങ്ങൾ എഴുതിയിട്ടുണ്ട്: വിനയവും എളിമയും ആയിരുന്നു അദ്ദേഹത്തിലുണ്ടായിരുന്നത്. അദ്ദേഹം ഇവിടെ തനിച്ചായിരുന്നപ്പോൾ അദ്ദഹത്തേയും ഇദ്ദേഹം സ്വീകരിച്ചിരുന്നു. ആരാധനയെ കുറിച്ച് ഫിറോസ് ആലം സാഹിബ് പറയുന്നു, ഹദ്റത്ത് ഖലീഫത്തുൽ മാസീഹ് റാബിഅ്(റഹ്)ന്റെ അവസാന നാളുകളിൽ മസ്ജിദിൽ വലിയ വേദനയോടെ വിങ്ങിപ്പൊട്ടി കരഞ്ഞു ദുആ ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ജർമനിയിലെ ഖുദ്ദാമുൽ അഹ്മദിയ്യ മുൻസ്വദ്ർ ഹസനാത്ത് സാഹിബും വാഖ്ഫെ സിന്ദഗിയാണ്. അദ്ദേഹം എഴുതുന്നു: അദ്ദേഹത്തിന്റെ ആത്മാർഥത, ഡ്യൂട്ടി നിർവഹിക്കുന്നതിലുള്ള താൽപര്യം, ഖിലാഫത്തിനോടുള്ള കൂറ് എല്ലാം കണ്ട് അസൂയ തോന്നിയിരുന്നു. ഒരു ഭാഗത്ത് ലാളിത്യത്തിന്റെ പരമമായ അവസ്ഥ. മറുഭാഗത്ത് അത്ഭുതകരമായ ഈ ഇർഫാനും അദ്ദേഹത്തിന്റെ ഉള്ളിലുണ്ടായിരുന്നു. വീണ്ടും പറയുന്നു: അദ്ദേഹത്തിൽനിന്ന് ഖുദ്ദാമുൽ അഹ്മദിയ്യ സ്വദ്ർ എന്ന നിലയിൽ ഡ്യൂട്ടികളെ സംബന്ധിച്ച് ഒരുപാട് പഠിക്കാനും അവസരം കിട്ടി. അദ്ദേഹം ഒരിക്കലും തന്റെ ആരോഗ്യമോ അല്ലെങ്കിൽ പ്രായമോ പ്രകടിപ്പിച്ചിരുന്നില്ല. തന്റെ ഡ്യൂട്ടിയിൽ അദ്ദേഹത്തെ മറ്റുള്ളവരെപ്പോലെ യുവാവായി കാണാൻ കഴിയുമായിരുന്നു. ഹസനാത്ത് സാഹിബ് തുടർന്നെഴുതുന്നു:

പ്രായം കൂടിയ കാരണത്താൽ അദ്ദേഹത്തോടു ആ നിലയിൽ പെരുമാറുന്നത് അദ്ദേഹം ഒരിക്കലും സഹിച്ചിരുന്നില്ല. ഇത് ഞാൻ പലപ്രാവശ്യവും കണ്ടിട്ടുള്ളതാണ്. ഖുദ്ദാം ഡ്യൂട്ടി നല്കുന്നതുപോലെ, മറ്റു സെക്യൂരിറ്റിക്കാർ ഡ്യൂട്ടി നല്കുന്നതുപോലെ താനും ഡ്യൂട്ടി നല്കുമെന്ന് അദ്ദേഹം പറയുമായിരുന്നു. തന്നെക്കാൾ ചെറിയവരോടു ആദരവോടെ പെരുമാറി. അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ തങ്ങൾ നാണിച്ചുപോകാറുണ്ടെന്ന് അവർ പറയുമായിരുന്നു. ഡ്യൂട്ടി നല്കുന്ന ഖുദ്ദാമിനെ പ്രോത്സാഹിപ്പിക്കുകയും ഉത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു.' വളരെ നല്ലൊരു കാര്യമാണ് അദ്ദേഹം ഈ എഴുതിയത്. അദ്ദേഹം തുടർന്നു പറയുന്നു: 'ആളുകൾ സംസാരത്തിലൂടേയും അല്ലെങ്കിൽ ക്യാമ്പ് സംഘടിപ്പിച്ചുമാണ് ആർക്കെങ്കിലും പരിശീലനം നല്കുന്നത്. പക്ഷേ, ഇദ്ദേഹത്തിന്റെ ഡ്യൂട്ടി, ഇദ്ദേഹത്തിന്റെ പരിശീലനം, അനുപമമായി തന്റെ ഡ്യൂട്ടി നിർവഹിച്ചും ഹൃദയസാന്നിധ്യത്തോടും ആത്മാർഥതയോടും ദുആകളോടുംകൂടിയായിരുന്നു. അവസരം കിട്ടുമ്പോഴൊക്കെ എവിടെ വെച്ചുകണ്ടാലും 'എനിക്ക് ശുഭപര്യവസാനമുണ്ടാകാൻ ദുആ ചെയ്യുക' എന്നുതന്നെയാണ് എപ്പോഴും പറയാറുണ്ടായിരുന്നത്.

റഷ്യൻ ഡസ്കിലെ ഖാലിദ് അഹ്മദ് സാഹിബ് ഒരുപാടു കാര്യങ്ങൾ എഴുതിയിട്ടുണ്ട്. അദ്ദേഹം ഇതും എഴുതിയിരിക്കുന്നു, 'രഹസ്യമായി പലരേയും സഹായിച്ചുകൊണ്ടിരുന്നു. എന്നല്ല ദരിദ്രരേയും അർഹരായ സഹോദരിസഹോദരന്മാരേയും സഹായിക്കാൻ ജമാഅത്തിലെ കഴിവുള്ളവരോടു പറയുകയും അവരെ പ്രേരിപ്പിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ ഒരു സവിശേഷ ഗുണമായിരുന്നു അതിഥി സൽക്കാരം. പ്രത്യേകിച്ചും ജൽസയുടെ ദിനങ്ങളിൽ അദ്ദേഹത്തിന്റെ ഈ ഗുണം അതിന്റെ പാരമ്യതയിലെത്തുമായിരുന്നു. ജൽസയ്ക്കുവരുന്നവരെ ആത്മാർഥമായി ആദരിച്ചിരുന്നു. കേന്ദ്രത്തിൽനിന്നോ മറ്റു രാജ്യങ്ങളിൽനിന്നോ വരുന്ന അതിഥികളെ തന്റെ വീട്ടിലേക്ക് രാവിലേയും വൈകുന്നേരവും ക്ഷണിച്ച് വിരുന്നൊരുക്കമായിരുന്നു. അതിനോടൊപ്പം എല്ലാ അതിഥികൾക്കും മസ്ജിദിൽ വിരിച്ച ഓരോ മുസ്വല്ലയും നല്കുമായിരുന്നു.

ജർമൻകാരനായ അത്ഹർ സുബയ്ർ സാഹിബ് എഴുതുന്നു: ഖിലാഫത്തിനോടു പ്രത്യേക കൂറോടുകൂടിയ ബന്ധമായിരുന്നു അദ്ദേഹത്തിന്. വളരെ ആത്മാർഥനായിരുന്നു. സംസാരരീതി വളരെ മൃദുലമായിരുന്നു. അടുത്ത ഷിഫ്റ്റിലേക്ക് വരുന്നയാൾ താമസിച്ചാൽത്തന്നെയും ഒരു പരാതിയും പറയില്ലായിരുന്നു. ഖലീഫത്തുൽ മസീഹിനുള്ള ഡ്യൂട്ടിയിൽ കുറച്ച് അധികസമയം കിട്ടിയതിന് അല്ലാഹുവിന് ശുക്ർ ചെയ്യുമായിരുന്നു. ഡ്യൂട്ടിനല്കാൻ സദാ സന്നദ്ധനായിരുന്നു. എന്തെങ്കിലും അസുഖമുണ്ടായാലും ഡ്യൂട്ടികഴിഞ്ഞ് എത്രയും വേഗം പോകണമെന്ന ചിന്തയൊന്നുമുണ്ടായിരുന്നില്ല. എന്നല്ല അവസാനത്തെ രോഗത്തിലും അദ്ദേഹം പറയുന്നത് ഞാൻ കേട്ടു, അദ്ദേഹം തന്റെ മകനോടു ചോദിച്ചു: 'സമയം എത്രയായി?' ചോദിച്ചതിന്റെ സാരം ഇന്നത്തെ ഡ്യൂട്ടിയും പോയല്ലോ എന്ന നിസംഗതയായിരുന്നു. ഇന്നും തനിക്ക് ഡ്യൂട്ടിയ്ക്കുപോകാൻ കഴിയില്ല. കഠിനമായ രോഗാവസ്ഥയിലും ഡ്യൂട്ടിയെ കുറിച്ചുള്ള ചിന്തയായിരുന്നു.

ഇവിടെയൊരു ഹംസ റശീദ് സാഹിബുണ്ട്. അദ്ദേഹം പറയുന്നു: എല്ലാവരേയും സ്നേഹിക്കുന്ന ആളായിരുന്നു. സൽകർമങ്ങൾക്ക് പ്രോത്സാഹനം നല്കുന്ന ആളായിരുന്നു. ഖുദ്ദാമിന് മാതൃകയായിരുന്നു. അത്യധ്വാനത്തോടെ ഉത്സാഹത്തോടെ തന്റെ ചുമതല നിറവേറ്റിയിരുന്നു. ഖിലാഫത്തിനോടു അതിരറ്റ സ്നേഹമായിരുന്നു. കാലത്തിന്റെ ഖലീഫയ്ക്ക് സ്നേഹപൂർവം ഡ്യൂട്ടി ചെയ്യണമെന്ന് ഖുദ്ദാമിനോടു പറയുമായിരുന്നു. എല്ലാ കാര്യത്തെക്കാളും ഇതിന് മുൻതൂക്കം കൊടുക്കണമെന്നും പറയുമായിരുന്നു.'

ഇന്തൊനേഷ്യയിലെ മുറബ്ബി സയ്യിദ് ത്വാഹാ നൂർ സാഹിബ് പറയുന്നു: എപ്പോൾ എന്നെ കണ്ടാലും ഇന്തൊനേഷ്യയെ കുറിച്ച് പറയുമായിരുന്നു. 2000–ൽ ഹദ്റത്ത് ഖലീഫത്തുൽമസാഹ് റാബിഉമായി ഇന്തൊനേഷ്യയിൽ പോയ കാര്യം സ്മരിക്കുമായിരുന്നു. അദ്ദേഹം പറയുന്നു, ഒരിക്കൽ ഇവിടെ മസ്ജിദിൽ വന്നു. ഇവിടെ തുണി കഴുകിയിടാൻ സൗകര്യമൊന്നുമുണ്ടായിരുന്നില്ല. വെളിയിൽക്കൊടുത്ത് കഴുകിച്ച് തരാമെന്ന് ഞങ്ങൾ പറഞ്ഞു. അതുകേട്ട് അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ തൊഴിലാളികളാണ്. മറ്റുള്ളവരെക്കൊണ്ട് തുണികൾ കഴുകിക്കുന്ന സ്ഥാനമല്ല ഞങ്ങളുടേത്.' വളരെ നിർബന്ധിച്ചിട്ടും അദ്ദേഹം വസ്ത്രങ്ങൾ തന്നില്ല. ഇതെല്ലാം ബാഹ്യമായി നോക്കുമ്പോൾ ചെറുതും നിസാരവുമായ കാര്യങ്ങളാണ്. പക്ഷേ, ഒരു വഖ്ഫെ സിന്ദഗിയുടെ അടിസ്ഥാനപരമായ ആത്മാവ് ഇക്കാര്യങ്ങളിൽനിന്ന് വ്യക്തമാകുന്നുണ്ട്; ഒരു വഖ്ഫെ സിന്ദഗി എങ്ങനെയാകണമെന്ന്. യുവാക്കൾക്കും ഇതിൽനിന്ന് പാഠം ലഭിക്കുന്നു.

യു.കെ തദ്ദേശ ജമാഅത്തിന്റെ മുൻ മുഹ്തമിം മഖാമി അദ്നാൻ ളഫ്ർ സാഹിബ് എഴുതുന്നു: ഡ്യൂട്ടി നല്കുന്നതിന് പ്രത്യേകമായ നിലയിൽ ഞങ്ങളോടു പറയാറുണ്ടായിരുന്നു. എല്ലാ കാര്യങ്ങളും എഴുതിവെക്കുക. ഡ്യൂട്ടിക്കിടയിൽ ഭക്ഷണപാനീയങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും വസ്തുക്കളും എഴുതി വെക്കുക. ഇതിനുപുറമെ പ്രത്യേകമായ കാര്യം അദ്നാൻ സാഹിബെഴുതിയത് തന്നെ ഖിലാഫത്തിനോടുള്ള മര്യാദകൾ അദ്ദേഹം പഠിപ്പിച്ചുവെന്നാണ്. ഖിലാഫത്തിനോടു ശക്തമായ ബന്ധത്തിന്റെ സൂത്രവാക്യം(ഫോർമുല)മനസ്സിലാക്കിത്തന്നു. വളരെ ദീർഘവീക്ഷണമുള്ളയാളായിരുന്നു. ഏതെങ്കിലും കാര്യത്തിൽ അഭിപ്രായം ചോദിക്കുമ്പോൾ ഞങ്ങൾക്കെന്നും നേട്ടമേ ഉണ്ടായിട്ടുള്ളു.

അത്ഹർ സാഹിബ് ഹിഫാളത്തെ ഖാസിലെ അംഗമാണ്. അദ്ദേഹം എഴുതുന്നു: ഞാൻ 9 വർഷം ഡ്യൂട്ടി ചെയ്തു. 1911 മുതൽ 1920 വരെ. അത് സാധാരണ ഡ്യൂട്ടിയായിരുന്നു. പിന്നീടാണ് ഹിഫാളത്തെ ഖാസിൽ വന്നത്. അദ്ദേഹം നാസിർ സയീദു സാഹിബനോടു ചോദിച്ചു, അങ്ങ് 48 വർഷം മൂന്നു ഖിലാഫത്തിന് ഡ്യൂട്ടി ചെയ്തു. എനിക്കെന്തെങ്കിലും ഉപദേശം നല്കിയാലും. എനിക്കും അതുപോലെ ഡ്യൂട്ടി ചെയ്യാമല്ലോ. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇ

## ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്‌ലിം)***

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരുനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്‌ലിം)**

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

വിടെ നിങ്ങളുടെ കണ്ണുകളും ചെവികളും തുറന്നുവെക്കുക. നാവ് അടക്കി വെക്കുക. അതോടൊപ്പം ദുആയും ചെയ്തുകൊണ്ടിരിക്കുക.' ഈ ഉപദേശമനുസിരച്ച് കർമങ്ങൾ ചെയ്യേണ്ടത് പൊതുവായ നിലയിൽ എല്ലാ വാഖിഫെ സിന്ദഗികൾക്കും നിർബന്ധമാണ്. എന്നല്ല എല്ലാ ജോലിക്കാരനും ജമാഅത്തിന് സേവനം ചെയ്യുന്നവർക്കും എല്ലാ ഭാരവാഹികൾക്കും നിർബന്ധമാണ്. ഇത് വലിയൊരു കാര്യമാണ്. പിന്നീട് പറയുന്നു: 'അദ്ദേഹത്തെ ആളുകൾ ലാലാജി എന്നാണ് വിളിച്ചിരുന്നത്. ലാലാജിയോടൊപ്പം ജോലി ചെയ്ത്, ഏതെങ്കിലും ഓഫീസിൽനിന്ന് കല്പന വന്നാൽ അതെന്തു കല്പനയാണെങ്കിലും അത് അതുപോലെ ചെയ്യണമെന്ന് എനിക്കു മനസ്സിലായി. അങ്ങനെതന്നെ ചെയ്യണമെന്ന് ചെയ്തു കാണിച്ചുതരുമായിരുന്നു. ആ കല്പനയിൽ 'അങ്ങനെയുമാകാം ഇങ്ങനെയുമാകാം' എന്നൊക്കെ പറഞ്ഞ് ഒന്നും കൂട്ടിക്കലർത്താൻ പാടില്ല. അദ്ദേഹത്തോടു എത്രമാത്രം പറയുമോ അത്രമാത്രം അതുപോലെ ചെയ്യുമായിരുന്നു. ഞങ്ങളെക്കൊണ്ടും അങ്ങനെതന്നെ ചെയ്യിച്ചിരുന്നു. ഇന്ന ഷിഫ്റ്റിലെ ഇൻചാർജ് ഇങ്ങനെയാണ് ചെയ്യുന്നതെന്നു പറഞ്ഞാൽ, അദ്ദേഹമെന്താണ് ചെയ്യുന്നതെന്ന് തനിക്കറിയില്ലെന്ന് പറയുമായിരുന്നു. എനിക്കുകിട്ടുന്ന കല്പന അതുപോലെ തന്നെ പാലിക്കണം. തുടർന്ന് ദുആ ചെയ്യാനും പ്രത്യേകം പറയുമായിരുന്നു; ആയുസ്സുള്ളിടത്തോളം അല്ലാഹു നടത്തുകയും ചുറ്റിക്കാണിക്കുകയും ചെയ്യട്ടെ. സമയം വരുമ്പോൾ ആരേയും ആശ്രയിക്കാനിടവരാതെ ആ അവസ്ഥയിൽത്തന്നെ കൊണ്ടുപോകുകയും ചെയ്യട്ടെ. അദ്ദേഹത്തോടു അല്ലാഹുവും അങ്ങനെത്തന്നെയാണ് പെരുമാറിയത്. അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ആയുരാരോഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. സഹനവും ക്ഷമയും നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മകനേയും ഞാൻ ആദ്യം പറഞ്ഞതുപോലെ എന്നല്ല അദ്ദേഹത്തിന്റെ തലമുറകളേയും സന്താനങ്ങളേയും ഖിലാഫത്തിനോടും ജമാഅത്തിനോടും കൂട്ടിചേർത്ത് നിറുത്തുമാറാകട്ടെ.

ജമാഅത്തിന് സേവനം ചെയ്യാൻ റബ്വയിൽ വന്ന കാലം മുതൽ എനിക്ക് അദ്ദേഹത്തെ അറിയാം. തീർച്ചയായും എഴുതിയവരെല്ലാം എഴുതിയത് തികച്ചും യാഥാർഥ്യമാണ്. നിസ്വാർഥമായി സേവനം ചെയ്യുകയും തികഞ്ഞ അനുസരണം പുലർത്തുകയും ചെയ്യുന്ന ആളായിരുന്നു. ജനാസയിൽ കൂടുതൽ ആളുകൾ പങ്കെടുക്കാൻ പറ്റാത്ത അവസ്ഥയിലാണ് അദ്ദേഹത്തിന്റെ മരണം സംഭവിച്ചിരിക്കുന്നത്. കുറച്ചു കാലമായി ഹൃദ്രോഗബാധിതനായിരുന്നു. ആഞ്ചിയോപ്ലാസ്റ്റിയും നടത്തിയിരുന്നു. കുറച്ചു ദിവസംമുമ്പേ സുഖമില്ലാതെയായി. ആശുപത്രിയിൽ പോയി. അതിനുശേഷം അവിടെത്തന്നെയായിരുന്നു. ശക്തമായ ഹൃദായാഘാതം ഉണ്ടായിരിക്കുന്നുവെന്ന് ഡോക്ടർമാർ പറഞ്ഞു. പിന്നീട് വൈറസ് ബാധയുണ്ടായിട്ടുണ്ടെന്നും അറിയിച്ചു. ആദ്യമെ ആരിൽനിന്നെങ്കിലും കിട്ടിയതാണോ അതല്ല ആശുപത്രിയിൽ പ്രവേശിച്ചതിനുശേഷം കിട്ടിയതാണോ എന്ന് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. അവിടത്തന്നെ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജറായി. ഇവിടെ നിയമപരമായ നിയന്ത്രണം ഉള്ളതുകൊണ്ട് ജനാസ കൊണ്ടുവരാനും സാധിക്കുകയില്ല. കുറച്ചു അടുത്ത ബന്ധുക്കൾക്കല്ലാതെ ആർക്കും ജനാസയിൽ പങ്കെടുക്കാനും കഴിയില്ല. പിന്നെ ജനാസ അടക്കാൻ നിബന്ധനയുമുണ്ട്. അവരുടെ funeral home അല്ലെങ്കിൽ ഖബ്ർസ്ഥാനിലായിരിക്കും ജനാസ നടക്കുക. അതുകൊണ്ട് ഇക്കാലത്തെ അവസ്ഥകൾ കാരണത്താൽ ജനാസ ഗാഇബ് ഇവിടെ നമസ്കരിക്കുന്നതായിരിക്കും.

എഴുതിയിട്ടുള്ളവരൊക്കെ അദ്ദേഹത്തിന്റെ സദ്ഗുണങ്ങളാണ് എഴുതിയത്. അതെല്ലാം സത്യമാണ്. ആ ഗുണങ്ങളെല്ലാം അദ്ദേഹത്തിലുണ്ടായിരുന്നു. മുമ്പേയും ഞാൻ പറഞ്ഞു കഴിഞ്ഞതുപോലെ തന്റെ സേവനത്തെയും പ്രതിജ്ഞയെയും പൂർത്തിയാക്കിക്കൊണ്ടാണ് അദ്ദേഹം ഈ ലോകത്തുനിന്ന് വിട പറഞ്ഞത്. അല്ലാഹുവിനോട് ചെയ്ത എല്ലാ കരാറുകളും അദ്ദേഹം പൂർത്തിയാക്കി. അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്ന് നമുക്ക് അങ്ങനെയാണ് കാണാൻ സാധിക്കുന്നത്. അത്തരത്തിൽ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപ്രകാരം ശഹീദ് ആകുന്നു. അല്ലാഹു അദ്ദേഹത്തെ അക്കൂട്ടരിൽ ഉൾപ്പെടുത്തുമാറാകട്ടെ. ഈ രോഗം ബാധിച്ച് മരിച്ച എല്ലാ അഹ്മദികളോടും അല്ലാഹു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. എല്ലാവരും അല്ലാഹുവിന്റെ കാരുണ്യവും മഗ്ഫിറത്തും കരസ്ഥമാക്കുന്നവരാകട്ടെ.

(പേജ് 1ൽനിന്ന്)

ക്ഷേ, ഓർക്കുക! സത്യനിഷേധിയുടെ വിജയം വഴികേടിന്റേതാണ്. സത്യവിശ്വാസിയുടെ വിജയംകൊണ്ട് അവന് അനുഗ്രഹങ്ങളുടെ വാതിൽ തുറക്കുകയാണ്. സത്യനിഷേധിയുടെ വിജയം വഴികേടിലേക്ക് കൊണ്ടുപോകുന്നത് എന്തുകൊണ്ടാണെന്നാൽ അവൻ ദൈവത്തിലേക്ക് മടങ്ങുന്നില്ല. മറിച്ച് തന്റെ അധ്വാനത്തേയും ബുദ്ധിയേയും കഴിവിനേയും ദൈവമാക്കുന്നു. എന്നാൽ, സത്യവിശ്വാസി അല്ലാഹുവിലേക്ക് മടങ്ങി അല്ലാഹുവുമായി ഒരു പുതിയ പരിചയമുണ്ടാക്കുന്നു.

ഇങ്ങനെ ഓരോ വിജയത്തിനുശേഷവും അവൻ അല്ലാഹുവുമായി ഒരു പുതിയ കാര്യം ആരംഭിക്കുന്നു. അതിൽ മാറ്റങ്ങൾ ഉണ്ടാകാൻ തുടങ്ങുന്നു. *ഇന്നല്ലാഹ മഅല്ലദീനത്തഖൗ*(16:129) മുത്തഖിയായവരുടെ കൂടെയാണ് അല്ലാഹു. വിശുദ്ധ ഖുർആനിൽ തഖ്വാ എന്ന പദം ഒരുപാടു പ്രാവശ്യം വന്നിട്ടുണ്ടെന്ന് ഓർക്കുക. അതിന്റെ അർഥം ആദ്യത്തെ വാക്കിൽനിന്നാണ് ചെയ്യപ്പെടുന്നത്. ഇവിടെ 'മഅ' എന്ന വാക്ക് വന്നിരിക്കുന്നു. അല്ലാഹുവിനെ മുന്തിച്ചു നിറുത്തുന്നവനെ അല്ലാഹു മുന്തിക്കുന്നു. ലോകത്തെ എല്ലാ തരത്തിലുള്ള നിന്ദ്യതകളിൽനിന്നും അവനെ രക്ഷിക്കുന്നു. മനുഷ്യൻ ലോകത്തെ എല്ലാ തരത്തിലുള്ള നിന്ദ്യതകളിൽനിന്നും ഞെരുക്കങ്ങളിൽനിന്നും രക്ഷപ്പെടാനാഗ്രഹിക്കുന്നെങ്കിൽ 'മുത്തഖി'യാകുക എന്ന ഒരേയൊരു വഴിയെയുള്ളു എന്നതുതന്നെയാണ് എന്റെ ഈമാൻ. പിന്നീട് അവന് ഒരു കുറവുമുണ്ടാകുകയില്ല. അതിനാൽ സത്യവിശ്വാസിയുടെ വിജയങ്ങൾ അവനെ മുന്നോട്ടു കൊണ്ടുപോകുന്നു. അവൻ ഒരിടത്തു നിന്നുപോകുകയില്ല. (മൽഫൂദാത്ത് വാല്യം 1, പേജ് 134, ഖാദിയാൻ 2018)

ബദർ വീക്കിലി ഖാദിയാൻ Weekly BADAR Qadian Malayalam
The Weekly BADR Qadian (Malayalam)
https://www.akhbarbadrqadian.in/

# ഇസ്‌ലാമിന്റെ പ്രചാരണത്തിനും പ്രാർഥിക്കുക:

നമ്മുടെ ജമാഅത്ത് ഏതെങ്കിലും ഭൗതിക സൊസൈറ്റിയല്ല. തങ്ങളുടെ മക്കൾക്കും തങ്ങളുടെ പ്രയാസങ്ങൾ അകലുന്നതിനും തങ്ങളുടെ ബന്ധുക്കൾക്കും തങ്ങളുടെ മറ്റു ലക്ഷ്യങ്ങൾക്കുംവേണ്ടി ദുആ ചെയ്യുന്നതിനോടൊപ്പം ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും ദുആ ചെയ്യുക എന്നത് ഇതിലെ അംഗങ്ങളുടെ നിർബന്ധ കടമയാണ്. ദുആകൾ ആത്മാർഥതയോടെ ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിജയിക്കുന്നതാണ്. കാരണം സത്യവാന്മാരുടേയും പുണ്യാത്മാക്കളുടേയും ജമാഅത്തുകളുടെ ഒന്നാമത്തെ നിർബന്ധ കടമ ജീവനും ധനവും സംരക്ഷിക്കലല്ല. പ്രത്യുത ജമാഅത്തിന്റെ അഭിവൃദ്ധിക്കും വിജയത്തിനുംവേണ്ടി ശ്രമിക്കുക എന്നതാണ്. നേർമാർഗത്തിന്റേയും സത്യത്തിന്റേയും പ്രചാരണമാണ്. അതുകൊണ്ട് നമ്മുടെ എല്ലാ സ്നേഹിതന്മാരും, അവർ തങ്ങൾക്കും തങ്ങളുടെ ബന്ധുക്കൾക്കും തങ്ങളുടെ സ്നേഹിതന്മാർക്കുംവേണ്ടി ദുആ ചെയ്യുന്നതിനു മുമ്പേ, ഏറ്റവും കൂടുതൽ ദുആകൾക്കും വിലാപങ്ങൾക്കും ഇന്നർഹൻ ഇസ്‌ലാമാണ്. എന്തുകൊണ്ട്? ആർക്കെങ്കിലും ദുആ ചെയ്യാൻ തൗഫീഖ് കിട്ടുകയാണെങ്കിൽ അത് ഇസ്‌ലാമിലൂടെയാണ് കിട്ടുന്നത്. ഇസ്‌ലാം മുഖേന മാത്രമാണ്. കോടിക്കണക്കിനാളുകളിലേക്ക് റമളാൻ കടന്നു വരുന്നു. പോകുകയും ചെയ്യുന്നു. അതു പൊള്ളയായിത്തന്നെ ഇരിക്കുകയും ചെയ്യുന്നു. അതിനാൽ ദുആ ചെയ്യുന്നവർക്ക് ഈ അവസരം ഇസ്‌ലാമും നബി(സ)തിരുമേനിയും മുഖേനയും ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയുമാണ് ലഭിച്ചിട്ടുള്ളത്. അതുകൊണ്ട് അവരുടെ ആദ്യത്തെ കടമ ഇസ്‌ലാമിന്റെ പ്രചാരണത്തിനായി ദുആ ചെയ്യുക എന്നതാണ്. (ഖുത്ബാത്തെ മഹ്മൂദ്, വാല്യം: 4, പേജ്: 397, ജുമുഅ ഖുത്ബ 16-07-1915)

## ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'*
*(മുസ്‌ലിം)*

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

(പേജ് 2ൽനിന്ന്)

ളുകൾക്ക് വെള്ളം കൊണ്ടുവരാൻ കഴിയുമോ? അല്ലാഹു പറയുന്നു:

قُلْ أَرَءَيْتُمْ إِنْ أَصْبَحَ مَآؤُكُمْ غَوْرًا فَمَن يَأْتِيكُم بِمَآءٍ مَّعِينٍ (67:31)

നിങ്ങൾ എനിക്കു പറഞ്ഞുതരിക! നിങ്ങളുടെ വെള്ളം ഭൂമിയുടെ അഗാധതയിൽ അപ്രത്യക്ഷമായിപ്പോയാൽ ഒഴുകുന്ന വെള്ളം നിങ്ങൾക്കുവേണ്ടി അല്ലാഹു അല്ലാതെ ആരാണ് കൊണ്ടുവരിക? ഇതിൽനിന്ന് ആത്മീയ ജലവും ഉദ്ദേശ്യമായെടുക്കാവുന്നതാണ്; ഭൗതികജലവും. ആത്മീയാടിസ്ഥാനത്തിൽ നമ്മൾ നോക്കുകയാണെങ്കിൽ അല്ലാഹുവിനെ മറന്നതുകൊണ്ടു അവരുടെ ആത്മീയ ജലം വറ്റിക്കഴിഞ്ഞിരിക്കുകയാണ്; ബാഹ്യമായ ജലവും വറ്റിപ്പോകാനിടയുണ്ടെന്ന് അല്ലാഹു പറയുന്നു. ഇതെന്റെ റഹ്മാനിയ്യത്താണ്. എന്റെ പരിപാലനത്വമാണ്. അക്കാരണത്താലാണ് നിങ്ങളുടെ വിദ്രോഹപരമായ പ്രവർത്തനങ്ങളുണ്ടായിട്ടും നിങ്ങളെനിക്ക് പങ്കാളികളെ വെച്ചിട്ടും എന്റെ സത്തയിലും എന്റെ അസ്തിത്വത്തിലും നിങ്ങൾക്കു വിശ്വസമില്ലാതിരുന്നിട്ടും നിങ്ങൾക്കതു ലഭിച്ചുകൊണ്ടിരിക്കുന്നത്. മഴയില്ലെങ്കിൽ ബഹളം വെക്കുന്നു. പക്ഷേ, വിശ്വാസികളായ നമ്മൾ നമ്മുടെ ദൈവത്തിന്റെ ഖുദ്റത്ത് കാണുന്നു. നിരവധി സംഭവങ്ങൾ ഞാൻ പല പ്രാവശ്യവും ഇതുസംബന്ധമായി വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. മഴയില്ല, വരൾച്ചയുടെ അവസ്ഥയാണ്, പിന്നെ മഴയുടെ ആവശ്യവുമുണ്ട്. നമ്മുടെ മിഷ്ണറി ഇവിടെ എഴുതിയിരിക്കുന്നു, ഞാൻ ദുആയും ചെയ്തു. ജനങ്ങളെ ഒരുമിച്ചുകൂട്ടി മഴയ്ക്കുവേണ്ടി(ഇസ്തിസ്ഖാ നമസ്കാരം) നമസ്കരിക്കാനും പറഞ്ഞു. പിന്നീട് അല്ലാഹു മഴ പെയ്യിച്ച ദൃശ്യങ്ങളും കണ്ടു. ഇക്കാര്യം അവിടുത്തെ ആളുകളുടെ ഈമാൻ വർധിക്കുന്നതിന് നിമിത്തമായി. അവർക്ക് അല്ലാഹുവിന്റെ സത്തയിലും അസ്തിത്വത്തിലും ദൃഢവിശ്വാസവുമുണ്ടായി. അല്ലാഹു പറയുന്നു: അവൻ സ്വമദാണ്; സർവാധിനാഥനാണ്. അവന് ഒന്നിന്റേയും ആഗ്രഹമില്ല. അവശ്യവുമില്ല. ആഗ്രഹവും ആവശ്യവുമുണ്ടെങ്കിൽ അത് അവന്റെ സൃഷ്ടികൾക്കാണ്. ഒരിടത്ത് അല്ലാഹു പറയുന്നു:

قُلْ مَن رَّبُّ السَّمٰوٰتِ وَالْأَرْضِ قُلِ اللّٰهُ قُلْ أَفَاتَّخَذْتُم مِّن دُونِهِ أَوْلِيَاءَ لَا يَمْلِكُونَ لِأَنفُسِهِمْ نَفْعًا وَلَا ضَرًّا قُلْ هَلْ يَسْتَوِي الْأَعْمَىٰ وَالْبَصِيرُ أَمْ هَلْ تَسْتَوِي الظُّلُمَاتُ وَالنُّورُ أَمْ جَعَلُوا لِلّٰهِ شُرَكَاءَ خَلَقُوا كَخَلْقِهِ فَتَشَابَهَ الْخَلْقُ عَلَيْهِمْ قُلِ اللّٰهُ خَالِقُ كُلِّ شَيْءٍ وَهُوَ الْوَاحِدُ الْقَهَّارُ (الرعد:17)

ആകാശങ്ങളുടേയും ഭൂമിയുടേയും രക്ഷിതാവാരാണെന്ന് നീ ചോദിക്കുക. അതിന് അവർ എന്തു മറുപടി നല്കാനാണ്? അല്ലാഹു തന്നെയാണെന്ന് നീ സ്വയം പറയുക. അവനുപുറമെ നിങ്ങൾക്ക് ഒരു ഗുണമോ ദോഷമോ ചെയ്യാൻ സാധ്യമല്ലാത്ത മിത്രങ്ങളെയാണോ നിങ്ങൾ സ്വീകരിച്ചിരിക്കുന്നതെന്നും അവരോടു ചോദിക്കുക. അന്ധനും കാഴ്ചയുള്ളവനും തുല്യരാണോ? എന്നും അവരോടു ചോദിക്കുക. അല്ലെങ്കിൽ അന്ധകാരവും പ്രകാശവും സമമാകുമോ? അല്ലെങ്കിൽ അല്ലാഹുവിന്റെ സൃഷ്ടിപോലുള്ളവയെ സൃഷ്ടിച്ച പങ്കാളികളെയാണോ അവർ അവന് സങ്കൽപിച്ചുവെച്ചിരിക്കുന്നതെന്നും അവരോടു ചോദിക്കുക. അങ്ങനെ അവർക്ക് സൃഷ്ടികൾ പരസ്പരം സദൃശ്യങ്ങളായിപ്പോയോ? അല്ലെങ്കിൽ തങ്ങളും കുറച്ചു സൃഷ്ടിച്ചുവെന്ന് അവർ കരുതുന്നുണ്ടോ? അല്ലാഹു സൃഷ്ടിച്ചതാണോ മറ്റുള്ളവർ സൃഷ്ടിച്ചതാണോ എന്ന് മനസ്സിലാക്കാൻ പറ്റാത്ത സദൃശ്യമാക്കപ്പെട്ട കാര്യമുണ്ടെന്നും അതുകൊണ്ടാണ് തങ്ങൾ അല്ലാഹുവിനെ വിശ്വസിക്കാത്തതെന്നും അവർ പറയുന്നുവോ? പറയുക, എല്ലാ വസ്തുക്കളുടേയും സ്രഷ്ടാവ് അല്ലാഹുവാണ്. അവൻ ഏകനും എല്ലാത്തിനേയും അടക്കിഭരിക്കുന്നവനുമാകുന്നു. (13:17).

വീണ്ടും അല്ലാഹു പറയുന്നു:

قُلْ أَرَءَيْتُمْ إِن جَعَلَ اللّٰهُ عَلَيْكُمُ اللَّيْلَ سَرْمَدًا إِلَىٰ يَوْمِ الْقِيَامَةِ مَنْ إِلَٰهٌ غَيْرُ اللّٰهِ يَأْتِيكُم بِضِيَاءٍ أَفَلَا تَسْمَعُونَ (القصص:72)

പറയുക, നിങ്ങൾ ചിന്തിച്ചുനോക്കീട്ടുണ്ടോ? പുനരുത്ഥാനനാൾവരേക്കും അല്ലാഹു നിങ്ങളുടെമേൽ രാവിനെ സ്ഥിരമായി നിശ്ചയിച്ചിരുന്നെങ്കിൽ, അല്ലാഹു അല്ലാതെ മറ്റേതൊരു ദൈവമാണ് നിങ്ങൾ വിശ്രമിക്കുന്ന രാവിനെ നിങ്ങൾക്കുകൊണ്ടുവന്നുതരിക? അപ്പോൾ നിങ്ങൾ കേൾക്കുന്നില്ലേ? (28:72)

قُلْ أَرَءَيْتُمْ إِن جَعَلَ اللّٰهُ عَلَيْكُمُ النَّهَارَ سَرْمَدًا إِلَىٰ يَوْمِ الْقِيَامَةِ مَنْ إِلَٰهٌ غَيْرُ اللّٰهِ يَأْتِيكُم بِلَيْلٍ تَسْكُنُونَ فِيهِ أَفَلَا تُبْصِرُونَ (القصص:73)

പറയുക, നിങ്ങൾ ചിന്തിച്ചുനോക്കീട്ടുണ്ടോ? അല്ലാഹു നിങ്ങളുടെമേൽ പുനരുത്ഥാന നാൾവരേക്കും പകലിനെ നിരന്തരമായി നിലനിറുത്തിയിരുന്നെങ്കിൽ, അല്ലാഹു അല്ലാതെ മറ്റേതൊരു ദൈവമാണ് നിങ്ങൾ വിശ്രമിക്കുന്ന രാവിനെ നിങ്ങൾക്കു കൊണ്ടുവന്നുതരിക? അപ്പോൾ നിങ്ങൾ കാണുന്നില്ലേ? (28:73)

തുടർന്നു പറഞ്ഞു:

وَمِن رَّحْمَتِهِ جَعَلَ لَكُمُ اللَّيْلَ وَالنَّهَارَ لِتَسْكُنُوا فِيهِ وَلِتَبْتَغُوا مِن فَضْلِهِ وَلَعَلَّكُمْ تَشْكُرُونَ (القصص:74)

നിങ്ങൾക്കുവേണ്ടി രാവും പകലും സഷ്ടിച്ചുതന്നത് അവന്റെ കാരുണ്യത്തിൽപ്പെട്ടതാണ്. അതിൽ(രാത്രിയിൽ) നിങ്ങൾ വിശ്രമിക്കുന്നതിനും (പകലിൽ)അവന്റെ അനുഗ്രഹത്തിൽനിന്ന് നിങ്ങൾ അന്വേഷിക്കുന്നതിനുംവേണ്ടി;നിങ്ങൾ നന്ദി കാണിക്കുന്നതിനുവേണ്ടിയും. (28:74)

അതായത് ജോലി ചെയ്യുക. ഭൗതിക സമ്പാദ്യവുമുണ്ടാക്കുക. നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കുക. പക്ഷേ, അതിനോടൊപ്പം മറ്റൊരിടത്ത് ഇങ്ങനെയും പറഞ്ഞിരിക്കുന്നു, അല്ലാഹുവിനെ മറക്കാതിരിക്കുക, അവന്റെ സ്മരണയും മറക്കാതിരിക്കുക. പകലിൽ ജോലിചെയ്യുന്നതിനിടയിലും അവനെ സ്മരിക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു.

പിന്നീട് അല്ലാഹു താൻ സ്വാശ്രയനാണെന്നതിനെ കുറിച്ച് പറയുന്നു: لَهُ مَا فِي السَّمٰوٰتِ وَمَا فِي الْأَرْضِ وَإِنَّ اللّٰهَ لَهُوَ الْغَنِيُّ الْحَمِيدُ

ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവനുള്ളതാണ്. തീർച്ചയായും അല്ലാഹു സ്വാശ്രയനും സ്തുത്യർഹനുമാകുന്നു. (22:65)

വീണ്ടും പറഞ്ഞു:

أَلَمْ تَرَ أَنَّ اللّٰهَ سَخَّرَ لَكُم مَّا فِي الْأَرْضِ وَالْفُلْكَ تَجْرِي فِي الْبَحْرِ بِأَمْرِهِ وَيُمْسِكُ السَّمَاءَ أَن تَقَعَ عَلَى الْأَرْضِ إِلَّا بِإِذْنِهِ إِنَّ اللّٰهَ بِالنَّاسِ لَرَءُوفٌ رَّحِيمٌ (الحج:66)

നീ കണ്ടില്ലേ, തീർച്ചയായും അല്ലാഹു ഭൂമിയിലുള്ള വസ്തുക്കളേയും അവന്റെ ആജ്ഞയനുസരിച്ച് സമുദ്രത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കപ്പലുകളേയും നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നു. തന്റെ അനുമതി കൂടാതെ ആകാശം ഭൂമിയിൽ വീഴാതിരിക്കാൻ അവൻ അതിനെ തടഞ്ഞുനിറുത്തുന്നു. തീർച്ചയായും അല്ലാഹു മനുഷ്യരോടു വളരെ ദയയുള്ളവനും കരുണാമയനുമാകുന്നു.(22:66)

ആകാശത്തുനിന്നുള്ള വിപത്തുകളെ തടഞ്ഞുവെച്ചിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ അനുകമ്പയും ദയയുമാണ്. ഇല്ലെങ്കിൽ മനുഷ്യൻ എന്തുമാതിരിയുള്ള പ്രവൃത്തികളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇക്കാലത്ത് പ്രത്യേകിച്ചും വിദ്രോഹപരമായ പോക്കും രീതിയുമാണുള്ളത്. അല്ലാഹുവിനെ മറന്നിരിക്കുന്നു. അല്ലാഹുവിന് പങ്കാളികളെ വെക്കുന്നു. അല്ലാഹുവിന്റെ സത്തയിൽ ഒട്ടും വിശ്വാസമില്ല. അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വാസമില്ല. അല്ലാഹു ഇച്ഛിച്ചാൽ പെട്ടെന്ന് പിടിക്കാമായിരുന്നു. പക്ഷേ, അല്ലാഹു നീട്ടിക്കൊടുക്കും. അവന് ധിറുതിയില്ല. അവൻ പറയുന്നു, അല്ലാഹു എന്തുകൊണ്ട് പിടിക്കുന്നില്ലെന്ന് അവർ ചോദിക്കുന്നു. താൻ നീട്ടിക്കൊടുക്കുന്നതാണെന്ന് അവൻ പറഞ്ഞു. പിടിക്കാൻ ആഗ്രഹിച്ചാൽ നിങ്ങളെ പിടിക്കും. അവൻ വിചാരിച്ചാൽ ലോകത്ത് ജനങ്ങളെത്തന്നെ ഇല്ലാതാക്കാം. പക്ഷേ, അവന്റെ പരമകാരുണികത ഉണ്ടല്ലോ, അത് പിന്നെയും നിങ്ങൾക്ക് നീട്ടിത്തന്നുകൊണ്ടിരിക്കുകയാണ്. അവൻ സകല ശക്തികളുടേയും ഉടമയായതുകൊണ്ടാണ് ധിറുതി കാണിക്കാത്തത്. താനിച്ഛിക്കുമ്പോൾ തനിക്ക് പിടിക്കാൻ കഴിയുമെന്ന് അവനറിയാം. അപ്പോൾപ്പിന്നെ ആർക്കും തന്നെ തടയാൻ കഴിയുകയില്ല. തന്റെ പിടിത്തത്തിൽനിന്ന് ഒരാൾക്കും ഓടിമറയാനും സാധിക്കുകയില്ല. അതുകൊണ്ട് എന്ത് അടിസ്ഥാനത്തിൽ നോക്കിയാലും നിങ്ങൾക്ക് തന്നെ ആശ്രയിക്കേണ്ടിവരുമെന്ന് അല്ലാഹു പറയുന്നു; എന്റെ റഹ്മാനിയ്യത്തിന്റേയും (പരമകാരുണികത) റുബൂബിയ്യത്തിന്റേയും(പരിപാലനം) ജ്യോതിർവിലാസമാണ് ഞാൻ കാണിക്കുന്നത്. അല്ലാഹുവിന്റെ ബാക്കിയുള്ള സ്വിഫത്തുകളുമുണ്ട്. താനിച്ഛിച്ചാൽ സൂര്യന്റെ വെളിച്ചം കൊണ്ടുവരാൻ കഴിയുമെന്ന് പറയാൻ നിങ്ങളിൽ ആരാണുള്ളത്?; അല്ലെങ്കിൽ രാത്രിയെ പകലാക്കാൻ കഴിയുമെന്ന്? അല്ലെങ്കിൽ പകലിനെ രാത്രിയാക്കാൻ കഴിയുമെന്ന്? അല്ലെങ്കിൽ പ്രളയത്തെ തടഞ്ഞുനിറുത്താൻ കഴിയുമെന്ന്? തങ്ങളുടെ പക്കലുള്ള എല്ലാ ഉപാധികളുംകൊണ്ട് തങ്ങൾ വലിയ അഭിവൃദ്ധിനേടിക്കഴിഞ്ഞിരിക്കുന്നുവെന്നും വലിയ അഡ്വാൻസായി കഴിഞ്ഞിരിക്കുന്നുവെന്നും പറയുന്ന ജപ്പാനും അമേരിക്കയ്ക്കും മറ്റേതെങ്കിലും ശക്തികൾക്കും ഈ പ്രളയങ്ങളെയൊന്നും തടയാൻ സാധിക്കുകയില്ല. അതേ, അല്ലാഹുവിന്റെ കൃപാതിരേകം കൊണ്ട് അനിച്ഛിച്ചാൽ പ്രളയങ്ങളുടെ ഗതിമാറ്റിവിടാൻ കഴിയും. ഫിജിയിൽ ഞാൻ പര്യടനത്തിനുപോയിരുന്നു. അവിടെ ഒരു ദിവസം രാവിലെ സുബ്ഹി നമസ്കാരത്തിനുമുമ്പേ പാക്കിസ്താനിൽനിന്ന് നാള്വിർ അഅ്‌ലായുടെ ഫോൺവിളി വന്നു. ശക്തമായ സുനാമി വരാൻപോകുകയാണെന്നും അത് ഫിജിയെ കൈയിലെടുക്കുമെന്നും ബി.ബി.സി ന്യൂസ് ചാനലിൽ വാർത്ത വന്നുകൊണ്ടിരിക്കുന്നതായി വിവരം കിട്ടി. നാലുഭാഗത്തും പരിഭ്രമം പ്രകടമായിരുന്നു. ധാരാളം ബന്ധുക്കളുടെ ഫോൺകോളുകൾ വന്നുകൊണ്ടിരുന്നു. നമസ്കാരസമയമായിരുന്നു. ഞാൻ താമസസ്ഥലത്തുനിന്ന് മസ്ജിദിൽ പോയി. നമസ്കാരത്തിനുമുമ്പേ ഈ പ്രളയത്തിന്റെ ദിശ മാറ്റിവിടുന്നതിന് നമുക്ക് സുജൂദിൽ ദുആ ചെയ്യാമെന്നും എന്നോടൊപ്പം ദുആയിൽ ചേരുകയെന്നും ഞാൻ പറഞ്ഞു. അങ്ങനെ ദുആ ചെയ്തു. അല്ലാഹു അവിടെത്തന്നെ സമാധാനത്തിനുള്ള സാഹചര്യമൊരുക്കി. തിരിച്ചു വന്നപ്പോൾ അറിയാൻ കഴിഞ്ഞു, പ്രളയത്തിന്റെ ദിശ മറ്റു ഭാഗത്തേക്ക് മാറിയെന്ന്. ഇതാണ് അല്ലാഹുവിന്റെ ശക്തി പ്രഭാവം. ഭൗതിക ശക്തികൾക്ക് ഈ പ്രളയത്തെ തടയാൻ സാധിക്കുകയില്ല. പക്ഷേ, അല്ലാഹു ഉദ്ദേശിക്കുമ്പോൾ അവനെ വിശ്വസിക്കുന്ന, അവനെ ആരാധിക്കുന്ന ആത്മാർഥരായ തന്റെ ദാസരുടെ പ്രാർഥനകൾ സ്വീകരിക്കുന്നു. അവരെ കേൾക്കുന്നു. പ്രാർഥനകൾകൊണ്ട് മഴയും പെയ്യിക്കുന്നു. പ്രളയങ്ങളുടെ ദിശയും തിരിച്ചുവിടുന്നു. മറ്റു വിപത്തുകളിൽനിന്ന് മോചനം ലഭിക്കുന്നു. ഇതാണ് താനെന്നും ഇതാണ് തന്റെ സത്തയെന്നും അല്ലാഹു പറയുന്നു;ഇതാണ് ഞാൻ ഉണ്ട് എന്നതിന്റെ അടയാളം. അതിനാൽ റഹ്മാനും റഹീമും മുജീബും സകല സ്വിഫത്തുകളുടേയും ഉടമയുമായ അല്ലാഹു തന്റെ മഹിമാവിലാസം കാണിക്കുന്നു. എന്നാൽ, നാസ്തികർക്കും അന്യാരാധകർക്കും ഇതു മനസ്സിലാകുകയില്ല. അതുകൊണ്ടാണ് അല്ലാഹു നബി(സ)തിരുമേനിയോടും പിന്നീട് അവിടന്നുമുഖേന മുഅ്മിനീങ്ങളോടും അന്യാരാധനയുടെ ഇക്കാലഘട്ടത്തിൽ, നിരീശ്വരത്വത്തിന്റെ ഇക്കാലഘട്ടത്തിൽ അല്ലാഹുവിന്റെ സത്തയേയും അവന്റെ അസ്തിത്വത്തേയും ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കുക എന്നു പറഞ്ഞത്. ഇപ്പോൾ ഇത് മുഹമ്മദീ മസീഹിന്റെ ദാസരുടെ ജോലിയാണ്; ആ ജോലി നല്ലവണ്ണം നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്.

ഇനി അടുത്ത സൂറത്ത് സൂറാ ഫലഖാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് ഇതു സംബന്ധമായി പറഞ്ഞു, 'മുസ്‌ലിമീങ്ങളേ! നിങ്ങൾ സത്യമനസ്സോടുകൂടി അല്ലാഹുവിനേയും അവന്റെ പരിശുദ്ധ നബിയേയും വിശ്വസിക്കുകയും ദൈവസഹായം കാത്തിരിക്കുകയും ചെയ്യുന്നുവെങ്കിൽ സഹായത്തിന്റെ സമയം അടുത്തെത്തിയിരിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊള്ളുക. ഈ പ്രവൃത്തി മനുഷ്യന്റെ ഭാഗത്തുനിന്നുള്ളതല്ല. മാനുഷികമായ ഏതെങ്കിലും പദ്ധതി അതിനു അടിത്തറ പാകിയിട്ടുമില്ല. പ്രത്യുത ഇത് ഉദിച്ചുയർന്ന അതേ 'സ്വുബഹ് സ്വാദിഖ്'ണ്; പുലർകാലമാണ്, ഉഷസാണ്. ദൈവത്തിന്റെ പരിശുദ്ധമായ ഏടുകളിൽ ആദ്യമെതന്നെ വിവരം നല്കപ്പെട്ട അതേ 'സ്വുബഹ് സ്വാദിഖ് ' അഥവാ പുലർകാലം ഉദിച്ചുയർന്നിരിക്കുന്നു. അല്ലാഹു വളരെ ആവശ്യമുള്ള നേരത്ത് നിങ്ങളെ ഓർത്തിരിക്കുന്നുവെന്ന് അല്ലാഹു പറഞ്ഞു."(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാല്യം 3, പേജ് 104)

ഇപ്പോൾ അല്ലാഹുവിന്റെ സഹായം വരേണ്ട ആവശ്യമുണ്ടായിരുന്നു. അവന്റെ പിന്താങ്ങുകൾ വരേണ്ടിയിരുന്നു. തന്റെ ദീനിനുവേണ്ടി ആരെയെങ്കിലും അയക്കേണ്ടിയിരു

ന്നു. അതുകൊണ്ടാണ് ഈ പുലർകാലം(സുബ്ഹ് സ്വാദിഖ്)ഉദിച്ചുയർന്നത്. ഇമാം റാഗിബ് തന്റെ മുഫ്റദാത്തിൽ എഴുതിയിരിക്കുന്നു: ഇതു അദ്ദേഹത്തിന്റെ പഴയ നിഘണ്ടുവാണ്. 'ഫലഖി'ന്റെ ഒരർഥം ഇങ്ങനേയുമുണ്ട്. 'ഫലഖ്' കൊണ്ടുള്ള ഉദ്ദേശ്യം സ്വുബ്ഹിയാണ്.(മുഫ്റദാത്ത് ഇമാം റാഗിബ് 'ഫലഖ്' എന്ന പദം).

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗത്തോടെ പ്രഭാതം ഉദിച്ചുയർന്നു. പക്ഷേ, ഇക്കാലത്തെ ദജ്ജാലിശക്തിയുടെ പരിശ്രമങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും തന്റെ അഭയത്തിൽകൊണ്ടുവരുന്നതിനും അല്ലാഹു ആളെ അയച്ചു. പ്രഭാതം ഉദിച്ചുയർന്നുവെന്നത് ശരി തന്നെ, പക്ഷേ, ഈ പ്രഭാതത്തിൽനിന്ന്, അതിന്റെ വെളിച്ചത്തിൽനിന്ന്, ആ സൂര്യനിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നതിൽനിന്ന് തടയാനുള്ള ശ്രമങ്ങളിലും പ്രവൃത്തികളിലും ദജ്ജാലീ ശക്തികൾ മുഴുകിയിരിക്കുകയാണ്. എന്നാൽ, അവരുടെ ശ്രമങ്ങൾ നിലവിലിരിക്കെത്തന്നെ ഇൻശാഅല്ലാഹു പ്രഭാതത്തോടുകൂടി ഉദിച്ചുയർന്ന ഈ ദിവസം പ്രശോഭിതമായി മുന്നോട്ടു പോകണ്ടതുതന്നെയാണ്.

നബി(സ)തിരുമേനി സിറാജുൻമ്മുനീറാണ്. ആ ദിവ്യാത്മാവിന്റെ വെളിച്ചം മുഴുലോകത്തും പരക്കേണ്ടതുണ്ട്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ ഇതിനെതിരിൽ സാത്താനിക ശക്തികളും പൂർണമായും വരേണ്ടതുണ്ട്. അവർ നിശബ്ദരായിരിക്കുകയില്ല. ഈയിടെയായി നമ്മൾ കാണുന്നത് വളരെ കടുപ്പത്തോടെ, തന്ത്രങ്ങളിലൂടെ, ഇവർ ഇസ്‌ലാമിന്റേയും നബി(സ)തിരുമേനിയുടെ വ്യക്തിത്വത്തിന്റേയുംമേൽ ആക്രമണം നടത്തുന്നതാണ്. മുസ്‌ലിമീങ്ങളെ മുസ്‌ലിമീങ്ങളെക്കൊണ്ടു തല്ലിക്കുന്നു. മുസ്‌ലിമീങ്ങളാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'പ്രഭാതം ഉദിച്ചുയർന്നിരിക്കുന്നു, അതിനെ കാണുക' എന്നുള്ള മുന്നറിയിപ്പിൽ ലവലേശം ചിന്തിക്കുന്നില്ല. അവിടന്ന് പറഞ്ഞു: അത്യാവശ്യനേരത്ത് നിങ്ങളുടെ അല്ലാഹു നിങ്ങളെ ഓർത്തിരിക്കുന്നു. ഇതിന്റെ ശക്തമായ ആവശ്യമുണ്ടായിരുന്നു. പക്ഷേ, എന്നിട്ടും നിങ്ങൾക്കു മനസ്സിലാകുന്നില്ല. അല്ലാഹു ഓർമിപ്പിച്ചിട്ടും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ അല്ലാഹു നിങ്ങളെ വകവെക്കുകയില്ല. സകല ഭരണകൂടങ്ങളും മാധ്യമങ്ങളുമുണ്ടായിട്ടും അധഃപതനത്തിൽനിന്ന് അധഃപതനത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. മുസ്‌ലിം ഉലമായും ഹദ്റത്ത് മസീഹ് മൗഊദ് (അ)നോടുള്ള എതിർപ്പിൽ തിമിർത്താടുകയാണ്. അല്ലാഹു അവരുടെമേൽ ചെയ്ത കൃപയിൽനിന്ന് എങ്ങനെ അനുഗ്രഹം പ്രാപിക്കണമെന്നുള്ള ഭാഗത്തേക്ക് അവർ നോക്കുന്നേയില്ല. അവർ തങ്ങളുടെ തന്ത്രങ്ങളാൽ സൂര്യവെളിച്ചത്തെ മറയ്ക്കാൻ നോക്കുകയാണ്. ഇരുവരും ഇതിൽ പെടുന്നുണ്ട്. ഇതുതന്നെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറഞ്ഞത്, ഒന്ന് ലജ്ജാലീ ശക്തികളാണ്. രണ്ടാമത്തേത് നാമമാത്ര ഉലമായാണ്. ഇത്തരം അവസ്ഥയിൽ അല്ലാഹുവിന്റെ അഭയത്തിൽവന്ന് അവന്റെ തൗഹീദിൽ നിലകൊണ്ട് ആ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാവുന്നതാണ്. അല്ലാഹുവിന്റെ കല്പനകളിലൂടെ നടന്ന് ഈ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാവുന്നതാണ്. ഇതല്ലാതെ ഓടിപ്പോകാൻ മറ്റൊരു വഴിയുമില്ല. അല്ലാഹു നല്കിയിരിക്കുന്ന 'നിഅ്മത്തുകൾ' ശരിയായ നിലയിൽ ഉപയോഗിച്ച് ഈ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടാവുന്നതാണ്. എണ്ണപ്പണത്തെ തങ്ങളുടെ സുഖലോലുപതയ്ക്കായി ഉപയോഗിക്കുകയും, നിങ്ങളുടെ വീടുകളേയും നിങ്ങളുടെ കൊട്ടാരങ്ങളേയും സ്വർണത്താളുകളും ഇലകളുംകൊണ്ട് അലങ്കരിക്കാൻ തുടങ്ങുകയും അല്ലാഹുവിനോടുള്ള കടമകളിൽനിന്നും നിർബന്ധകാര്യങ്ങളിൽനിന്നും മുഖം തിരിക്കുകയും അത് ശ്രദ്ധിക്കാതിരിക്കുകയും അത് നിഷേധിച്ചുകൊണ്ടുപോകുകയും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റാതിരിക്കുകയും ചെയ്താൽ ആ സമ്പത്തുകളൊന്നും ഒരു പ്രയോജനവും ചെയ്യുകയില്ല. ദജ്ജാൽ പറയുന്നതും കേട്ട് ഈ സമ്പത്ത് ഒരു കൂട്ടർ മറ്റേ കൂട്ടർക്കെതിരിൽ വിനിയോഗിക്കാൻ തുടങ്ങിയാൽ സ്വാഭാവികമായ ഫലം ഉണ്ടാകേണ്ടിയിരുന്നത് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

തുടർന്ന് അല്ലാഹു പറയുന്നു: ഈ അവസ്ഥ ഉണ്ടായാൽ എന്റെ അഭയത്തിൽനിന്ന് നിങ്ങൾ പുറത്തുപോകും. പിന്നെ എന്റെ അഭയത്തിൽ നിങ്ങൾ ഇരിക്കുകയില്ല. നിങ്ങളുടെ മോഹങ്ങളും ദൗർബല്യങ്ങളും കാരണത്താൽ നിങ്ങൾ ആ ദ്രോഹികൾക്ക് വിധേയരായി വരുന്നതായിരിക്കും. ശരീരേച്ഛകൾ അതിജയിച്ചാൽ മനുഷ്യൻ എല്ലാ ദ്രോഹങ്ങൾക്കും അടിപ്പെടുന്നതായിരിക്കും. അത് അവന് നഷ്ടമുണ്ടാക്കും. പിന്നീട് അവൻ അല്ലാഹുവിന്റെ അഭയത്തിൽനിന്ന് പുറത്തുപോകും. അതുകൊണ്ടാണ് 'റഹ്മാനായ അല്ലാഹുവുമായി ബന്ധം വേർപെടുമ്പോൾ അവിടെ ശയ്ത്വാൻ ബന്ധം സ്ഥാപിക്കുന്നതായിരിക്കും' എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറഞ്ഞത്. (മൽഫൂദാത്ത് വാള്യം 1, പേജ് 12)

ശയ്ത്വാനുമായി ബന്ധമുണ്ടായാൽ പിന്നെ ശയ്ത്വാൻ ആഗ്രഹിക്കുന്നതായിരിക്കും നടക്കുക. ഇതാണ് നമ്മൾ കണ്ടുവരുന്നത്; ഇപ്പോൾ ആ അവസ്ഥകളാണുള്ളത്. അതുകൊണ്ട് സത്യവിശ്വാസികളെല്ലാം ഇക്കാര്യം മുന്നിൽ വെക്കേണ്ടതാണ്. എല്ലാ മുസ്‌ലിമീങ്ങളും ഇക്കാര്യം മുന്നിൽ വെക്കേണ്ടതാണ്. അല്ലാഹുവിന്റെ നിഅ്മത്തുകളെ ശരിയായ നിലയിൽ ഉപയോഗിക്കുന്നതിനും സൃഷ്ടികളുടെ ഉപദ്രവങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും അല്ലാഹുവിന്റെ അഭയത്തിൽ വരേണ്ടത് നിർബന്ധമാണ്. ഇക്കാലഘട്ടത്തിൽ അല്ലാഹു ഏതൊരു അഭയമാണോ ലഭ്യമാക്കിയിരിക്കുന്നത് അതിന്റെ മടിത്തട്ടിൽ വരേണ്ടത് അനിവാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തോടെ ഉദിച്ചുയർന്ന ഉഷസ്സിൽനിന്ന് അനുഗ്രഹം പ്രാപിക്കാൻ കഴിയുന്നത്, അല്ലാഹു നല്കിയിട്ടുള്ള നിഅ്മത്തുകളെ തൗഹീദ് പ്രചരിപ്പിക്കുന്നതിനും തഖ്‌വയിലൂടെ നടക്കുന്നതിനും ഉപയോഗിക്കുമ്പോഴാണ്. സമ്പത്ത് സുഖാഢംബരങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ തുടങ്ങിയാൽ-നമ്മൾ ഭൂരിഭാഗം സമ്പന്നമുസ്‌ലിം രാഷ്ട്രങ്ങളേയും കണ്ടുകൊണ്ടിരിക്കുന്നതുപോലെ-അല്ലാഹു പറയുന്നു, ശയ്ത്വാന്റെ പിടിയിൽപ്പെട്ട കാരണത്താൽ ദൈവകൃപകൾ നിഷേധിക്കപ്പെടുന്നതായിരിക്കും. എങ്ങനെയെങ്കിലും മുസ്‌ലിമീങ്ങളെ ദുർബലരാക്കാൻ ഇസ്‌ലാം വിരുദ്ധ ശക്തികൾ എല്ലാ തരത്തിലുള്ള ദജ്ജാലീ ആയുധങ്ങളും ഉപയോഗിക്കുന്നതും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും നമ്മൾ കാണുന്നുണ്ട്; മുസ്‌ലിമീങ്ങളുടെ ഐക്യവും ഒത്തൊരുമയും തകർക്കാനും അവരിൽ ഭിന്നിപ്പും തമ്മിലടിയും ഉണ്ടാക്കാനും. ഇവർ ഭൗതിക ദൃഷ്ടിയോടെയാണ് നോക്കുന്നത്. കാരണം അല്ലാഹുവിനെ കാണാനുള്ള അവരുടെ കണ്ണിന് കാഴ്ച നഷ്ടപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിക രാജ്യങ്ങളെ അഭിവൃദ്ധിപ്പെടുത്താതിരിക്കാനുള്ള ശ്രമത്തിലാണ്. ദൗർഭാഗ്യവശാൽ ഇസ്‌ലാമിക രാജ്യങ്ങളുടെ സ്വന്തം കർമങ്ങൾ എങ്ങനെയുള്ളതാണെന്നാൽ, ദൈവികാധ്യാപനങ്ങൾക്ക് വിരുദ്ധമായ അവരുടെ കർമങ്ങൾ വീണ്ടും എതിരാളികളുടെ ശ്രമങ്ങളെ വിജയിപ്പിക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാമിക രാജ്യങ്ങളുടെ സമ്പത്തും അവരുടെ ശക്തിയും എന്താണെങ്കിലും ദജ്ജാലീ ശക്തികളുടെ കൈയിലിരിക്കാനാണ് ഈയാളുകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ ദൗർഭാഗ്യവശാൽ മുസ്‌ലിം അധികാരികൾ അല്ലാഹുവിന്റെ വ്യക്തമായ മുന്നറിയിപ്പുണ്ടായിട്ടും വാർണിംഗുണ്ടായിട്ടും وَمِنْ شَرِّ غَاسِقٍ إِذَا وَقَبَ -രാവിന്റെ, അത് സർവത്ര അന്ധകാരനിബിഢമാകുമ്പോഴുള്ള ദോഷങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് നിന്റെ അഭയത്തിൽ വരുന്നു-എന്ന ദുആ പഠിപ്പിച്ചിട്ടും وَمِنْ شَرِّ النَّفّٰثٰتِ فِي الْعُقَدِ പരസ്പരമുള്ള ബന്ധങ്ങളുടെ ശക്തമായ കെട്ടുകളിൽ ഊതി ആ ബന്ധങ്ങളെ തകർക്കാൻ ശ്രമിക്കുന്നു; ഊതുന്നു. അങ്ങനെ ഊതിക്കൊണ്ടിരിക്കുമ്പോൾ അത്തരം അവസ്ഥയിൽ നമ്മൾ നമ്മുടെ റബ്ബിന്റെ അഭയത്തിൽ വരുന്നു. അല്ലാഹു ഈ ദുആ എന്തായാലും പഠിപ്പിച്ചു. പക്ഷേ, നമ്മൾ കാണുന്നതെന്താണ് മുസ്‌ലിമീങ്ങൾ ഈ ദുആ ചെയ്യുന്നുണ്ടെങ്കിലും നമ്മൾ നമ്മുടെ റബ്ബിന്റെ അഭയത്തിൽ വരുകയും ശയ്ത്വാനിൽനിന്ന് രക്ഷപ്പെടുകയും ചെയ്യുമ്പോൾ അവർ അതേ ദജ്ജാലീ ശക്തികളുടെ കൈകളിൽ കളിപ്പാവയായിക്കൊണ്ടിരിക്കുന്നു. ചിലർ അമുസ്‌ലിം ഭരണകൂടങ്ങളിൽനിന്ന് സഹായം തേടുന്നു; ചിലർ മറ്റു ചിലരിൽനിന്ന്. പിന്നീട് അതേ ഇസ്‌ലാം വിരുദ്ധ ശക്തികൾ ആ രാജ്യങ്ങൾക്കുള്ളിൽ ഭീകരവാദികളെ സഹായിച്ചുകൊണ്ടിരിക്കുന്നു. പിന്നെ അവിടേയും സഹായം നിറുത്തുന്നില്ല. ഈ എല്ലാ കുഴപ്പങ്ങളും ഉണ്ടാക്കിയിട്ടും മതിവരാതെ, ചില രാജ്യങ്ങൾ അവരുടെ കൈയിൽ വരാത്തതുകൊണ്ടും അവർ ആഗ്രഹിക്കുന്നതുപോലെ അവരെ അവർക്ക് കിട്ടാത്തതുകൊണ്ടും അവരുടെ ജീവിതവൃത്തി തകർത്തതിനുശേഷവും അവർക്ക് തൃപ്തിയാകാതെ മലക്കം മറിഞ്ഞു. മുസ്‌ലിമീങ്ങളുടെ ദീനിനോടുള്ള താൽപര്യത്തെ എങ്ങനെ ചൂഷണം ചെയ്തുവെന്നാൽ, ഒരു ഖിലാഫത്തിന്റെ ഫിത്ന ഉയർത്തിക്കൊണ്ടുവന്നു. ഫിത്ന മുസ്‌ലിമീങ്ങളുടെ ഉള്ളിൽനിന്നുണ്ടായതല്ല. ഇതും ദജ്ജാലീ ശക്തികൾ ഉണ്ടാക്കിയ ഫിത്നയാണ്;ഇക്കാര്യത്തിൽ മുസ്‌ലിമീങ്ങൾ യോജിക്കുമെന്നും ഐക്യമുണ്ടാകുമെന്നും ഒന്നിക്കുമെന്നും അവർ കരുതി. അല്ലെങ്കിൽ ഈ ഖിലാഫത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ പിടിത്തം മുസ്‌ലിം ഭരണകൂടങ്ങളുടെമേൽ കുറഞ്ഞപക്ഷം ശക്തിപ്പെടുത്താമെന്ന് അവർ കരുതി. അങ്ങനെ ഒരു താവളമാക്കി അവയെ തങ്ങളുടെ ഇഷ്ടമനുസരിച്ച് ഡിക്റ്റേറ്റു(dictate)ചെയ്യാൻ സാധിക്കുമെന്നും അവർ വിചാരിച്ചു. സഹായം ആവശ്യമുള്ളിടത്ത് സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യാം. ഇതിനുവേണ്ടി അവർ ഖിലാഫത്തിന്റെ കലാപപരമായ ഒരു കാര്യം തട്ടിക്കൂട്ടുകയും അതിനെ നിലനിറുത്തുകയും അതിനെ പരിപൂർണമായി സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ആയുധങ്ങളും നല്കുന്നു. അത്യന്താധുനിക ആയുധങ്ങളാണ് അവർക്ക് നല്കിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും ഖിലാഫത്തിന്റെ സ്ഥാപനം അല്ലാഹുവിന്റെ വ്യവസ്ഥിതിയനുസരിച്ച് മാത്രമെ ഉണ്ടാകുകയുള്ളുവെന്ന് അവർക്ക് അറിയുകയില്ലായിരുന്നു. അവസാനം ശതകോടിക്കിന് ഡോളറുകൾ ചെലവഴിച്ചതിനുശേഷവും അവർ ഉദ്ദേശിച്ച ഫലം കണ്ടില്ല. പിന്നീട് ആ സഹായവും അവർ നിറുത്തി. ഇക്കാര്യം അവരെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവരും അവരെക്കുറിച്ച് ചിന്തിക്കുന്നവരും അവരെ കാണുന്നവരും സംഭവങ്ങളുടെ യാഥാർഥ്യം മനസ്സിലാക്കിയവരും എഴുതിയിട്ടുള്ളതാണ്. ഈ ഏതൊരു ഐ.എസ്.ഐ.എസ് അല്ലെങ്കിൽ ഖിലാഫത്ത് വ്യവസ്ഥിതി നടത്താനാണോ അവരുടെ പരിശ്രമം അതവരുടെ വ്യാമോഹമായിരുന്നു. ഇവർ കാരണത്താലാണ് അത് നടന്നുവന്നത്. കാരണം അതിനോടൊപ്പം അവർ എഴുതി: അവരുടെ സഹായം കൂടാതെ ഇക്കൂട്ടർക്ക് ഭരണകൂടങ്ങൾക്കെതിരെ അല്ലെങ്കിൽ സർക്കാറിനെതിരെ ഇത്ര ദീർഘനാൾ നില്ക്കാൻ കഴിയുമായിരുന്നില്ലെന്ന്!

പിന്നീട് തങ്ങൾ ഉദ്ദേശിച്ചത് കിട്ടുന്നില്ലെന്ന് കണ്ടപ്പോൾ, സ്വന്തം നാടിനെ അത് ബാധിക്കാൻ തുടങ്ങിയിരിക്കുന്നവെന്ന് തിരിച്ചറിഞ്ഞപ്പോൾ അത് അവരെ നശിപ്പിക്കുന്നതിന് നിമിത്തമായിത്തീർന്നു. അവർ പടച്ചുവിട്ട ആ വിഭാഗം അല്ലെങ്കിൽ ഇസ്‌ലാമിനെ ദുർബലപ്പെടുത്തുന്നതിന് കളവിലൂടെയുള്ള അവരുടെ ശ്രമം പൊളിഞ്ഞു. യഥാർഥത്തിൽ അവരുടെ ഉദ്ദേശ്യം മുസ്‌ലിം രാജ്യങ്ങളുടെ ശക്തി ദുർബലപ്പെടുത്തുകയും അങ്ങനെ സമ്പത്തുകൾ പിടിച്ചെടുക്കുകയും ചെയ്യുക എന്നതായിരുന്നു. അവരെ തങ്ങളുടെ നിരീക്ഷണത്തിൽവെക്കുക എന്നതായിരുന്നു. ഇക്കാര്യത്തിൽ ചിലർ ശ്രമിച്ചത് ലോകത്ത് അവരുടെ തൊഴിൽവേതനം എന്നെന്നും നിലനിറുത്താനായിരുന്നു. ഇക്കാര്യങ്ങൾ ഞാൻ പറഞ്ഞതുപോലെ മുമ്പേയും ഞാൻ പറഞ്ഞുകൊണ്ടിരുന്നതാണ്, ഇതിന്നിടയിലും ഞാൻ പറഞ്ഞിട്ടുണ്ട്, ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നു. പറഞ്ഞുകൊണ്ടിരിക്കുന്നതുമായിരിക്കും. ചിലപ്പോൾ ഭരണകൂടവുമായി ഏറ്റുമുട്ടിച്ചും ചിലപ്പോൾ മറ്റു തന്ത്രങ്ങൾ പ്രയോഗിച്ചും ആ റീജ്യണിൽ തങ്ങളുടെ പിടിത്തം നിലനിറുത്താനായിരുന്നു അവരുടെ ശ്രമം. രണ്ടാമത്തേത് മുസ്‌ലിമീങ്ങൾക്ക് ഒരിക്കലും ഐക്യപ്പെടാനുള്ള സാഹചര്യം ഒരുങ്ങരുത്. ഐർലാന്റിലെ പര്യടനത്തിന്നിടയിൽ ഒരു പത്രപ്രവർത്തകൻ എന്നോടു ചോദിച്ചു: ആദ്യം ഭീകരവാദ സംഘങ്ങൾ അല്ലെങ്കിൽ രാജ്യദ്രോഹികൾ സർക്കാരുകൾക്കെതിരെ എഴുന്നേറ്റുനിന്നു. അതുകൊണ്ട് അവർ വിജയിച്ചിരുന്നില്ല. ഇപ്പോൾ ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിതമായി. ഖിലാഫത്തിന്റെ പേരിൽ മുസ്‌ലിമീങ്ങൾ

അവർക്കുചുറ്റും ഒരുമിച്ചുകൂടുന്നു. താങ്കൾ എങ്ങനെയാണ് ഇതിനെ കാണുന്നതെന്ന് അദ്ദേഹം എന്നോടു ചോദിച്ചു. ഞാൻ ആ നേരത്ത് അദ്ദേഹത്തോടു പറഞ്ഞത് ഇതുതന്നെയാണ്. ഇവരും മറ്റു ഭീകരവാദസംഘങ്ങളെപ്പോലുള്ള ഒരു സംഘംതന്നെയാണ്. ഇതിനുമുമ്പേയുള്ളവർ അസാമാധാനമുണ്ടാക്കിയതല്ലാതെ മറ്റൊന്നും ഉണ്ടാക്കിയില്ല. ഇവരും ഒന്നും കരസ്ഥമാക്കാൻ പോകുന്നില്ല. ഇവരുടെ പര്യവസാനം അവരെക്കാൾ ഭയാനകമായിരിക്കും. ഇവർ സ്വന്തം ശവക്കുഴി തോണ്ടുന്നവരായിരിക്കും. കാരണം ഖിലാഫത്ത് സ്ഥാപിക്കുക എന്നത് അല്ലാഹുവിന്റെ ജോലിയാണ്. നമ്മൾ എന്താണ് കാണുന്നത്? ഏതൊരു ഖിലാഫത്താണോ കൊട്ടിഘോഷിക്കപ്പെട്ടത് മൂന്നു നാലു വർഷത്തിനുള്ളിൽ അത് അവസാനിച്ചു. മൂന്നുനാലു വർഷത്തിനുമുമ്പേയുള്ള കാര്യമാണ്. അതിന്റെ കുറച്ച് ഇപ്പോൾ ബാക്കിയുണ്ട്. അതിനെക്കുറിച്ച് അവരുടെ ചർച്ചകൾ വന്നുകൊണ്ടിരിക്കുന്നു. ഒരിടത്ത് ഒരു പോക്കറ്റായി ഉണ്ടായിട്ടുണ്ട്. അതും അവർ ആ രാജ്യങ്ങളെ ഭയപ്പെടുത്തുന്നതിനുവേണ്ടി ഈ നാമമാത്ര സംഘത്തെ തങ്ങളുടെ കൺട്രോളിൽ വെച്ചിരിക്കാനാണ് സാധ്യത. ഇല്ലെങ്കിൽ അവരുടെ കൺട്രോൾ കൂടാതെ ഇപ്രകാരം survive ചെയ്യാൻ സാധിക്കുകയില്ല. എന്തായാലും അല്ലാഹു ജാഗരൂകരാക്കിയിരിക്കുന്നു. ഒപ്പം ദുആയും പഠിപ്പിച്ചിരിക്കുന്നു. അവസാനം ഖാത്തമുൽഖുലഫായുടെ കാലം വരുമ്പോൾ അന്ധകാരങ്ങളും ഇരുട്ടുകളും വ്യാപിപ്പിക്കുന്ന ശക്തികളിൽനിന്ന് നിങ്ങളെ അല്ലാഹുവിന്റെ അഭയത്തിൽ നല്കാൻ ശ്രമിക്കുകയും വേണം. ദുആയും ചെയ്യണം. മുസ്‌ലിമീങ്ങളുടെ ഒത്തൊരുമയും ഐക്യവും തകർക്കാൻ ആദ്യത്തെക്കാളുപരി ശ്രമമുണ്ടാകുന്നതായിരിക്കും. ഇതുതന്നെയാണ് ഞാൻ പറഞ്ഞതുപോലെ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ആ നേരത്ത് അല്ലാഹുവിന്റെ അഭയത്തിൽ വരാൻ ദുആ ചെയ്യേണ്ടതാണ്. പ്രഭാതം എന്നത് ഇസ്‌ലാമിന്റെ രണ്ടാം ഉയിർത്തെഴുന്നേല്പിന്റെ പ്രഭാതമാണ്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനത്തോടെ ഉദിച്ചുയർന്നു. ഇതിൽ ആ സിറാജുൻമ്മുനീർ വീണ്ടും ലോകത്ത് വിളങ്ങേണ്ടതാണ്; ആ മഹാത്മാവ് ലോകത്തെ പ്രകാശമാനമാക്കാൻ 1400 വർഷം മുമ്പേ വന്നതാണ്. ആ നേരത്തെക്കുറിച്ച് അല്ലാഹു പറയുന്നു, എന്റെ അഭയം തേടിക്കൊണ്ട്, എന്റെ അഭയത്തിൽവന്നുകൊണ്ട് ആ ആഗതരാകുന്ന ഖാത്തമുൽഖുലഫായുമായി ചേരുക. പക്ഷേ, ദൗർഭാഗ്യവശാൽ മുസ്‌ലിമീങ്ങളിൽ ഭൂരിഭാഗവും ഈ ദൈവിക മുന്നറിയിപ്പിനെ ഗൗനിക്കുന്നില്ല. അല്ലാഹു പറഞ്ഞിട്ടുള്ള ദുആകളിൽ ചിന്തിക്കുന്നുമില്ല. എന്നല്ല ശത്രുവിന്റെ വലയിൽ കുടുങ്ങി അന്ധകാരങ്ങളിൽ പതിച്ചുകൊണ്ടുപോകുകയാണ്; ശയ്ത്വാൻ എപ്പോഴും മനുഷ്യനോടൊപ്പം ചേർന്നിരിക്കുകയാണ്.

വിശ്വസിച്ചു സുരക്ഷിതരായി എന്ന് അഹ്മദികളും മനസ്സിലാക്കരുത്. നബി(സ)തിരുമേനി 'ഖുൽ' എന്നതുകൊണ്ടാരംഭിക്കുന്ന മൂന്നു സൂറത്തുകൾ രാത്രിയിൽ ഉറങ്ങാൻ പോകുമ്പോൾ ഓതാൻ ഉപദേശിച്ചിരുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ അഭയത്തിൽ ഇരിക്കാൻ ദുആയും ചെയ്തുകൊണ്ടിരിക്കുക. ഖിലാഫത്തിന്റെ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കാൻ ഖിലാഫത്തുമായി എപ്പോഴും ചേർന്നിരിക്കുക. അതിനോടുള്ള അനുസരണവും നിറവേറ്റാൻ ശ്രമിക്കുക. കഴിവിന്റെ പരമാവധി അനുസരിക്കുക. അനുസരണശാലികളാകുക. ഇല്ലെങ്കിൽ അസൂയാലുക്കൾ നിങ്ങളുടെമേലും ആക്രമണം നടത്താനിടയുണ്ട്. അവർ എതിരാളികളായും ആക്രമണം നടത്തിയേക്കാം. കാപട്യം കാണിച്ചുകൊണ്ടും നിങ്ങളെ വാഗ്ദത്ത മഹ്ദിയുടെ കാലഘട്ടത്തിലെ അഭിവൃദ്ധിയിൽനിന്നും ഖിലാഫത്തിന്റെ അനുഗ്രഹത്തിൽനിന്നും തടയാൻ ശ്രമിക്കുന്നതുമായിരിക്കും. അവരുടെ ഈ അസൂയ വർധിക്കുന്നതെന്തുകൊണ്ടാണ്? എന്തുകൊണ്ട് നമ്മുടെ വലയിൽ വരുന്നില്ല. പലയിടത്തും നമ്മുടെ ചിലയാളുകളോടു അവരുടെ നയതന്ത്രജ്ഞന്മാർ അതു പ്രകടിപ്പിച്ചിട്ടുണ്ട്. ഞങ്ങൾ മറ്റുള്ളവരെ, മുസ്‌ലിം സംഘങ്ങളേ, നേതാക്കളെ ഞങ്ങളുടെ വരുതിയിലാക്കി. പക്ഷേ, അഹ്മദികൾ ഞങ്ങളാഗ്രഹിക്കുന്നതുപോലെ ഞങ്ങളുടെ കീഴിൽ വരുന്നില്ല. ഇനി ഏതെങ്കിലും കപടവിശ്വാസി, അല്ലെങ്കിൽ ദുർബല വിശ്വാസി വന്നാൽത്തന്നെയും അയാൾക്കൊരു വിലയുമില്ലതാനും. എന്തൊകൊണ്ടെന്നാൽ അവർക്ക് കീഴടക്കാൻ സാധ്യവുമല്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു ഇൽഹാമിലൂടെ അറിയിച്ചു: 'ഈ ദജ്ജാലീ ശക്തികൾ ഒരിക്കലും വിജയിക്കുകയില്ല. പിന്നീട് അക്കാലത്ത് ഫ്രീമെയ്സൻ ശക്തമായിരുന്നപ്പോൾ, അതിനെ നിങ്ങൾക്കുമേൽ അധികാരിയാക്കുകയില്ലെന്നും പറഞ്ഞിരുന്നു.(തദ്ക്കിറ പേജ് 336, നാലാം പതിപ്പ്)

അതുകൊണ്ട് ഇവർക്ക് നമ്മുടെമേൽ ആധിപത്യം നേടാൻ സാധിക്കുകയില്ല. പക്ഷേ, അതിനുള്ള ശ്രമം അവർ നടത്തിക്കൊണ്ടിരിക്കും; ഏതെങ്കിലും രീതിയിൽ തകർക്കാൻ. വിവിധ തന്ത്രങ്ങളിലൂടേയും വിവിധ മാർഗങ്ങളിലൂടേയും, സഹതാപികളായി, മുസ്‌ലിമീങ്ങളായി ഇവർ ജമാഅത്തിൽ കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ ഫിത്നയിൽനിന്ന് ആർക്കെങ്കിലും രക്ഷിക്കാൻ കഴിയുമെങ്കിൽ അല്ലാഹു പറയുന്നു, നിങ്ങളുടെ റബ്ബിന് മാത്രമെ കഴിയുകയുള്ളു. ആ രക്ഷിതാവാണ് രക്ഷിക്കുക. ഉഷസിനെ ഉദിപ്പിച്ചുയർത്തിയവൻ. മസീഹ് മൗഊദിനെ അയച്ചവൻ. മുഴുലോകത്തിന്റേയും രക്ഷിതാവ് താനാണെന്ന് നമ്മളോടു പറഞ്ഞവൻ. അവൻ റബ്ബിന്നാസാണ്. അതുകൊണ്ട് രക്ഷപ്പെടാനാഗ്രഹിക്കുന്നെങ്കിൽ ഒരേയൊരു അസ്തിത്വത്തെ നിങ്ങളുടെ രക്ഷിതാവായി വിശ്വസിക്കുക. ആത്മ പരിശോധന നടത്തുക. എന്നിട്ട് നോക്കുക യഥാർഥത്തിൽ ഏകനും റബ്ബിന്നാസും മുഴുലോകത്തേയും പരിപാലിക്കുന്നവനുമായവന്റെ അഭയത്തിൽ വരാൻ ശ്രമിക്കുന്നുണ്ടോ എന്ന്. അല്ലാഹു നമ്മുടെ വിവിധ അവസ്ഥകളിൽ നമ്മെ പരിപാലിക്കാൻ മാർഗമുണ്ടാക്കിയിരിക്കുന്നുവെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, ഇതെല്ലാം തന്നെ റബ്ബിന്നാസിന്റെ സൃഷ്ടിയാണ്. സൂറത്തുന്നാസിൽ ഇതിനെ സംബന്ധിച്ചും വ്യക്തമാക്കി. നമ്മുടെ പരിപാലനത്തിന് അല്ലാഹു സൃഷ്ടിച്ച മാർഗങ്ങളാണ് മാതാപിതാക്കളും മറ്റുള്ളവരുമെല്ലാം. അല്ലാഹുവിന്റെ കല്പനയാലാണ് നമ്മൾ അവരോടു നന്ദി കാണിക്കുന്നത്. നിലവിലുള്ള സർക്കാർ നീതിപൂർവം പ്രവർത്തിക്കുന്ന സർക്കാറാണ്. അവർ നമ്മുടെ ആവശ്യങ്ങൾ പൂർത്തിയാക്കുന്നുണ്ടെങ്കിൽ, നമുക്ക് സ്വാതന്ത്ര്യം നല്കുന്നുണ്ടെങ്കിൽ, മറ്റു മാർഗങ്ങൾ ലഭ്യമാക്കുന്നുണ്ടെങ്കിൽ അതിന് നന്ദി കാണിക്കുന്നത് അല്ലാഹുവിന്റെ കല്പനയാലാണ്. എന്നാൽ, യഥാർഥ റബ്ബിന്നാസ് പങ്കാളികളാരുമില്ലാത്ത ഏകനായ അല്ലാഹുവാണ്. അതുകൊണ്ടുതന്നെയാണ് യഥാർഥ റബ്ബിനെ മറക്കരുതെന്ന് അവൻ പറഞ്ഞത്; അവൻ റബ്ബിന്നാസാണ്.

പിന്നീട് പറഞ്ഞത് മലിക്കിന്നാസിന്റെ അഭയത്തിൽവരാൻ ദുആ ചെയ്യുക എന്നാണ്. സകല രാജാക്കന്മാരുടേയും രാജാവ് ! അതിശ്രേഷ്ഠൻ. ഭൂമിയുടേയും ആകാശത്തിന്റേയും ഉടമ. അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാണ്. ഭൗതിക രാജാക്കന്മാർ ഈ നിഅ്മത്തുകൾ നിങ്ങൾക്കു നല്കുകയില്ല. ഈ നിഅ്മത്തുകൾ നിങ്ങൾക്കു നല്കുന്നത് അല്ലാഹുവാണ്. എന്നല്ല ആരാണോ ഭൗതികരാജാവായിട്ടുള്ളത് അവർക്കും അല്ലാഹുവാണ് സകലതും നല്കുന്നത്. സൂറത്ത് ഇഖ്‌ലാസിൽ അതിന്റെ വിശദീകരണമുണ്ട്; അതായത് അല്ലാഹുവാണ്. അവൻ എല്ലാ സ്വിഫത്തുകളുടേയും ഉടമയാണ്. സമ്പൂർണമായ നിലയിൽ ഈ സ്വിഫത്തുകളെല്ലാം അവൻ ഉൾക്കൊള്ളുന്നു. അവന്റെ ആശ്രയമില്ലാതെ ഒരു രാജാവിനും രാജാവാകാൻ കഴിയുകയില്ല. ഈ ഭൗതിക രാജാക്കന്മാർ ആരെയെങ്കിലും വെറുക്കുകയോ തങ്ങളുടെ ഇഷ്ടത്തിനു വിരുദ്ധമായി എന്തെങ്കിലും സംഭവിക്കുകയോ ചെയ്താൽ നീതിയുടെ തേട്ടവും പിമ്പുറം തള്ളിക്കളയുന്നു. ഇതുമാത്രമല്ല പ്രത്യുത അക്രമവും ബലാൽക്കാരവും പാരമ്യതയിലെത്തിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹു പറയുന്നു, നിങ്ങൾ അത്തരം കാലഘട്ടത്തിൽ അക്രമിയായ രാജാവ് തന്റെ അക്രമത്തിൽ തിമിർത്താടിയാൽ യഥാർഥ ഉടമയുടെ അഭയത്തിൽ വരാൻ ദുആ ചെയ്യുക. അഹ്മദികൾ ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഈ മുസ്‌ലിം രാഷ്ട്രങ്ങളുടെ നേതാക്കൾ, ഭരണകൂടങ്ങൾ തങ്ങളെ സകലതിന്റേയും ഉടമകളാണെന്നാണ് മനസ്സിലാക്കുന്നത്. ഇവർ അഹ്മദികൾക്കെതിരെ, അഹ്മദികളായ നമ്മളെ യഥാർഥ ഇസ്‌ലാമിൽ നിലകൊള്ളുന്നതിൽനിന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിന് വിധേയരായി ഇരിക്കുന്നതിൽനിന്നും തടയുന്നതിനുള്ള നിയമങ്ങളാണ് ഉണ്ടാക്കുന്നത്. അപ്പോൾ അല്ലാഹു പറയുന്നു, അത്തരം അവസ്ഥയിൽ ഏതെങ്കിലും അഭയസ്ഥലമുണ്ടെങ്കിൽ അത് മലിക്കിന്നാസായ അല്ലാഹുവാണ്. അല്ലാഹുവിന്റെ സത്തയാണ്. അതുകൊണ്ട് അവന്റെ അഭയത്തിൽ വരാൻ ശ്രമിക്കുക. അവനാണ് എല്ലാ മനുഷ്യരുടേയും രാജാവ്. രാജാക്കന്മാരും ഭരണകൂടങ്ങളും അവന്റെ കീഴിലാണ്. അവനാണ് ആ ഭൗതിക രാജാക്കന്മാരുടെ ഉപദ്രവങ്ങളിൽനിന്ന് നമ്മെ രക്ഷിക്കാൻ കഴിയുന്നത്.

പിന്നീട് പറയുന്നു: നിങ്ങൾ ഇലാഹിന്നാസിന്റെ അഭയത്തിൽ വരാൻ ശ്രമിക്കേണ്ടതാണ്. യഥാർഥ ആരാധ്യൻ അല്ലാഹുതന്നെയാണ്. ഇങ്ങനെ ദുആ ചെയ്യുക: 'അല്ലാഹുവേ! എന്നെ നിന്റെ അഭയത്തിലെടുത്ത് ഈ വ്യാജ ആരാധ്യന്മാരുടെ ഉപദ്രവങ്ങളിൽനിന്ന് രക്ഷിച്ചാലും. ഞങ്ങളെ ഞങ്ങളുടെ യഥാർഥ ആരാധ്യനിൽനിന്ന് അകറ്റാൻ ശ്രമിക്കുന്ന ഇത്തരക്കാരുടെ ശർറിൽനിന്ന് രക്ഷപ്പെടുത്തി, ബാഹ്യമായ വാക്കുകളിൽ വീമ്പിളക്കുന്നവരല്ലെങ്കിലും എന്നാൽ, തങ്ങളെ സ്വയം ആരാധ്യരായി മനസ്സിലാക്കുന്ന, അല്ലെങ്കിൽ ഈയാളുകളും തങ്ങളെപ്പോലെ ആരാധന നടത്തണമെന്ന് ആഗ്രഹിക്കുന്നവരുടെ ഏജന്റുമാരും ദല്ലാളന്മാരുമായവരുടെ ഉപദ്രവത്തിൽനിന്ന് രക്ഷിച്ചാലും; അതേ, അഹ്മദികളുടെ ആരാധനകളും അവർ പറയുന്നതനുസരിച്ച്, ചെയ്യുന്നതനുസരിച്ച് ആകണമത്രെ! അവരുടെ ഇഷ്ടത്തിനനുസരിച്ച് അഹ്മദികൾ നടക്കണമത്രെ! പാക്കിസ്താനിൽ ഇങ്ങനെയൊക്കെയാണ് നടന്നു വരുന്നത്. ഇതു തന്നെയാണ് മറ്റു ചില മുസ്‌ലിം രാജ്യങ്ങളിലും നടന്നുവരുന്നത്. സൗദി രാജാവ് ആഗ്രഹിക്കുന്നതും ഇതാണ്. അദ്ദേഹത്തേയും റബ്ബാക്കണമത്രെ! രാജാവും അദ്ദേഹത്തെ ആക്കണമത്രെ! ആരാധനയും അദ്ദേഹം പറയുന്നതനുസരിച്ച് നടത്തണമത്രെ!

ഇസ്‌ലാം വിരുദ്ധർ ബാഹ്യമായ ആരാധ്യരെ ഉണ്ടാക്കിവെച്ചിരിക്കുന്നു. അവരെ സൃഷ്ടിച്ചുകൊണ്ട് പറഞ്ഞത്, ഇവരും ദൈവത്വത്തിൽ ഭാഗഭാക്കാണെന്നാണ്. പക്ഷേ, അക്കൂട്ടർ വലിയ മാർഗത്തിലൂടെ തങ്ങളുടെ പ്രജകളെ എങ്ങനെ അടിമകളാക്കിവെച്ചിരിക്കുന്നുവെന്നാൽ, അവരുടെ അനുവാദം കൂടാതെയും അവർ ഉണ്ടാക്കിവെച്ചിരിക്കുന്ന മാർഗങ്ങൾ കൂടാതെയും ഏകനായ അല്ലാഹുവിനെ ആരാധിക്കാനും അവർക്കു കഴിയുകയില്ല. ഞാൻ പറഞ്ഞതുപോലെ ഇതാണ് അവിടെ അഹ്മദികളോടു ചെയ്യുന്നത്. നിങ്ങൾ നമസ്കരിക്കരുത്, അല്ലാഹുവിനെ ആരാധിക്കാൻ മസ്ജിദിൽ സംഘടിക്കരുത്. ഞങ്ങൾ പറയുന്നതുപോലെ ചെയ്തുകൊള്ളണം. അതായത് അല്ലാഹുവിന്റെ കല്പന പാലിക്കരുത്, അവരുടെ കല്പന പാലിച്ചുകൊള്ളണം. അല്ലാഹു അയച്ച ആളെ, അല്ലാഹു ഉദയം ചെയ്യിച്ച ഉഷസിനെ നിഷേധിക്കുക. അല്ലാഹു പറഞ്ഞു, അത്തരം നേരത്ത് യഥാർഥ ആരാധ്യന്റെ മുമ്പിൽ കൂടുതൽ കുനിയുക. അവന്റെ അഭയത്തിൽ വരിക. നിങ്ങളുടെ ദുആകളുടേയും നിങ്ങളുടെ വിലാപങ്ങളുടേയും ഫലമായി അല്ലാഹു നിങ്ങളെ ഈ നാമമാത്ര ആരാധ്യരിൽനിന്ന് രക്ഷിക്കുമാറാകട്ടെ. തങ്ങളെപ്പോലെ ആരാധന നടത്താൻ നിർബന്ധിധിക്കുന്ന ഈ മതനേതാക്കന്മാരുടെ പിടിത്തത്തിൽനിന്ന് നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ. തന്റെ അഭയത്തിൽ എടുക്കുമാറാകട്ടെ.

പിന്നീട് അല്ലാഹു പറഞ്ഞു, مِن شَرِّ الْوَسْوَاسِ الْخَنَّاسِ ദുർബോധനം ചെയ്യുന്നവരുടെ ഉപദ്രവങ്ങളിൽനിന്ന്, എല്ലാത്തരം ദുർബോധനവും ചെയ്ത് പിന്മാറിക്കളയുന്നവരുടെ ഉപദ്രവങ്ങളിൽനിന്ന് അല്ലാഹുവിൽ അഭയം തേടുന്നു. الَّذِي يُوَسْوِسُ فِي صُدُورِ അവൻ മനുഷ്യഹൃദയങ്ങളിൽ സംശയങ്ങളുണ്ടാക്കുന്നു. مِنَ الْجِنَّةِ وَالنَّاسِ അത് മറഞ്ഞിരിക്കുന്നവരായാലും വേണ്ടില്ല, സാധാരണ ജനങ്ങളാണെങ്കിലും വേണ്ടില്ല. അതിനാൽ അല്ലാഹുവിന്റെ അഭയത്തിൽവന്ന് അത്തരക്കാരുടെ ഗോപ്യമായ ആക്രമണങ്ങളിൽനിന്നും ബാഹ്യമായി ആക്രമണങ്ങളിൽനിന്നും രക്ഷപ്പെടാൻ കഴിയും.

അല്ലാഹുവിന്റെ അഭയത്തിൽ വന്നാൽ മറഞ്ഞിരിക്കുന്ന ആ ആക്രമണകാരികളിൽനിന്നും പരസ്യമായ ആക്രമണകാരികളിൽനിന്നും കപടവിശ്വാസികളിൽനിന്നും നമ്മെ രക്ഷിക്കാൻ കഴിയും. അല്ലാഹു അതിനാണ് ദുആ പഠിപ്പിച്ചത്. അതുകൊണ്ട് എപ്പോൾ അക്രമകാരികളുടെ ആക്രമണം ഉണ്ടായാലും അല്ലെങ്കിൽ മറ്റുവാക്കുകളിൽ പറഞ്ഞാൽ പരസ്യമായും രഹസ്യമായും ആക്രമിക്കുന്ന ആ ശയ്ത്വാന്മാരുടെ ആക്രമണം എപ്പോൾ ഉണ്ടായാലും നിങ്ങൾ അല്ലാഹുവിന്റെ അഭയത്തിൽ വരാൻ ശ്രമിക്കുക. ഇക്കൂട്ടർ ഒളിച്ചിരുന്ന് വിവിധ തന്ത്രങ്ങളിലൂടേയും ഗൂഢപദ്ധതികളിലൂടേയും ദുർബോധനങ്ങളിലൂടേയും ആക്രമണം നടത്തും. അവർ നാമമാത്ര വലിയ ഉലമാ നേതാക്കന്മാരിൽനിന്നുള്ളവരാകും. അല്ലെങ്കിൽ സാധാരണക്കാരാകും!അവരുടെ ശിങ്കിടികളാകും. അല്ലാഹുവിന്റെ അഭയത്തിൽവന്നുമാത്രമെ അവരുടെ ഉപദ്രവങ്ങളിൽനിന്ന് രക്ഷപ്പെടാൻ നിങ്ങൾക്കു സാധിക്കുകയുള്ളു.

പിന്നെ സാത്താനിക സ്വിഫത്തുകളുള്ള ആളുകളുമുണ്ട്. ഇവർ 'അഹ്മദി അങ്ങനെ പറയുന്നു, ഇങ്ങനെ പറയുന്നു'വെന്ന് പറഞ്ഞ് സാധാരണ മുസ്‌ലിമീങ്ങളുടെ മനസ്സുകളിൽ ദുർബോധനം ഇറ്റിക്കുന്നു. ഏതെങ്കിലും ഒരു അഹ്മദിയുടെ ചിന്തയിൽപ്പോലും വരാത്ത കാര്യങ്ങളാണ് ജനങ്ങളുടെ ഇടയിൽ ഇവർ പറഞ്ഞുപരത്തുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: ഖന്നാസ് ശയ്ത്വാന്റെ പേരുകളിൽ ഒരു പേരാണ്; അവൻ വഞ്ചനയിലൂടേയും ചതിയിലൂടേയും ദുർബോധനത്തിലൂടേയും പ്രവൃത്തിക്കുമ്പോൾ.'(തുഹ്ഫയെ ഗോൾഡവിയ്യ, റൂഹാനീ ഖസാഇൻ വാല്യം 17 പേജ് 273, അടിക്കുറിപ്പ്)

ഇതുതന്നെയാണ് ഇന്ന് ഇസ്‌ലാമിന്റെ പരസ്യമായ ശത്രുക്കളുടേയും അവസ്ഥ. അവർ ഇസ്‌ലാമിന്നെതിരിൽ ജനഹൃദയങ്ങളിൽ ദുർബോധനം ചെയ്യുന്നു. ഇക്കാരണത്താൽ ലോകത്ത് മുസ്‌ലിമീങ്ങൾക്കെതിരിൽ വിദ്വേഷം ഉണ്ടായിക്കൊണ്ടിരിക്കുന്നത് നമ്മൾ കാണുന്നു; മുസ്‌ലിമീങ്ങളുടെ കൈയിലിരിപ്പും അതിലുണ്ടെന്നത് വേറെ കാര്യം. ഇതുതന്നെയാണ് ഈ നാമമാത്ര ഉലമാഇന്റേയും പ്രവൃത്തി. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിഷേധിക്കാൻ, പൊതുജനങ്ങളെ അഹ്മദികൾക്കെതിരെ ഇളക്കിവിടാൻ പല തരത്തലുള്ള ദുർബോധനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു; ഇവർ ഇസ്‌ലാമിൽ വിശ്വസിക്കുന്നില്ല, നഊദുബില്ലാഹ് മുഹമ്മദു നബി(സ)യെക്കാൾ സ്ഥാനം മിർസാ ഗുലാം അഹ്മദിനു നല്കുന്നു, ഖാത്തമുന്നബിയ്യീനിൽ വിശ്വസിക്കുന്നില്ല തുടങ്ങി പലതും. ഈയിടെയായി പാക്കിസ്താനിൽ പ്രത്യേകിച്ചും ഇതിന് വേഗം കൂടിയിട്ടുണ്ട്. അത്തരം അവസ്ഥകളിൽ അല്ലാഹു നമ്മളോടു പറയുന്നു, നിങ്ങൾ എന്റെ അഭയത്തിൽ വരുന്നതിനും സുരക്ഷിതരായി ഇരിക്കുന്നതിനുംവേണ്ടി നിങ്ങളുടെ കർമങ്ങൾകൊണ്ടും ശ്രമിക്കുക, ദുആകളും ചെയ്യുക.

അതിനാൽ ഇക്കാലഘട്ടത്തിൽ ദ്രോഹങ്ങളിൽനിന്ന് സുരക്ഷിതരായിരിക്കുന്നതിനും തൗഹീദിൽ നിലകൊള്ളുന്നതിനും അല്ലാഹുവിന്റെ ഫള്‌ലുകളെ കരസ്ഥമാക്കുന്നതിനും ധാരാളമായി ദുആയിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു എല്ലാ അഹ്മദികൾക്കും അതിനു തൗഫീഖ് നല്കുമാറാകട്ടെ.

ഇനി ദുആ ചെയ്യുന്നതിനുമുമ്പേ ചില ദുആകളെ കുറിച്ചും ഞാൻ പറയുന്നതായിരിക്കും. ഇക്കാര്യങ്ങൾ നമ്മൾ നമ്മുടെ ദുആകളിൽ മുന്നിൽ വെക്കേണ്ടതാണ്. ഏറ്റവുമാദ്യം നമ്മൾ ദുആ ആരംഭിക്കുന്നത് സ്വലാത്തുകൊണ്ടാണ്.

سُبْحَانَ اللّٰہِ وَبِحَمْدِہٖ وَسُبْحَانَ اللّٰہِ الْعَظِیْمِ      اَللّٰھُمَّ صَلِّ عَلٰی مُحَمَّدٍ وَّاٰلِ مُحَمَّدٍ

നബി(സ)തിരുമേനിയുടെ കുടുംബാദികൾക്കുവേണ്ടി ദുആ ചെയ്യുക. മുസ്‌ലിമീങ്ങൾ യഥാർഥമായ നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ ഉദ്ദേശ്യം തിരിച്ചറിയുന്നവരായിത്തീരുമാറാകട്ടെ. അദ്ദേഹത്തെ സ്വീകരിക്കുന്നവരാകുമാറാകട്ടെ. സകല അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരേയും എല്ലാത്തരം ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. ഇസ്‌ലാമിക ലോകത്തിനുവേണ്ടി മൊത്തത്തിൽ ദുആ ചെയ്യുക. അല്ലാഹു അവർക്ക് പരസ്പരം ഐക്യവും സഹതാപവും പ്രദാനം ചെയ്യുമാറാകട്ടെ. ഞാനിപ്പോൾ പറഞ്ഞതുപോലെ ഭിന്നിപ്പ് കാരണത്താൽ ശത്രുക്കൾതന്നെയാണ് ഫലം കൊയ്തുകൊണ്ടിരിക്കുന്നത്. പക്ഷേ, ഇക്കാര്യം ഇവർ മനസ്സിലാക്കുന്നില്ല. അവരോടുള്ള അല്ലാഹുവിന്റെ പെരുമാറ്റം കണ്ടിട്ടും അല്ലാഹുവിലേക്ക് മടങ്ങാൻ ഇവർ ശ്രമിക്കുന്നില്ല. അല്ലാഹുവിനെ ഇവർ തിരിച്ചറിയുന്നവരാകട്ടെ. അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞും തൗബ ചെയ്തുംകൊണ്ട് അവന്റെ റഹ്മത്ത് തേടുന്നവരാകട്ടെ.

ജമാഅത്തിന്റെ ആഗോള വ്യവസ്ഥിതിക്കുവേണ്ടിയും എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും സർവലോക ജമാഅത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെല്ലാവരേയും കാത്തുസൂക്ഷിക്കുമാറാകട്ടെ. എല്ലാ ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. നിലയുറപ്പ് പ്രദാനം ചെയ്യുമാറാകട്ടെ. എല്ലാവരേയും ഖിലാഫത്ത് വ്യവസ്ഥിതിയുമായി ചേർത്തുനിറുത്തുമാറാകട്ടെ. ഇപ്രകാരംതന്നെ നിള്ളാമെ ജമാഅത്തിന്റെ ഔദ്യോഗികഭാരവാഹികളേയും ഔദ്യോഗകമായി സേവനംചെയ്യാൻ സ്ഥാനങ്ങൾ ഒന്നുമില്ലാത്ത സാധാരണ അഹ്മദികളേയും പക്ഷേ, ഒരു അഹ്മദി എന്ന നിലയിൽ അവർ ഔദ്യോഗിക ഭാരവാഹികളെ ആദരിക്കുന്നവരാകട്ടെ. ഔദ്യോഗിക ഭാരവാഹികൾ തങ്ങളുടെ ഭാരവാഹിത്വത്തെ, തങ്ങളുടെ ഭാരവാഹിത്വം എന്നു മാത്രം മനസ്സിലാക്കി വെറുതെ ഇരിക്കുന്നവരാകാതിരിക്കട്ടെ. മറിച്ച് യഥാർഥത്തിൽ അതിനോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ. ഈ വർഷം പുതിയ തിരഞ്ഞെടുപ്പുകളും നടന്നു വരികയാണ്. വിവിധ സ്ഥലങ്ങളിൽ പുതിയ ഭാരവാഹികൾ വന്നുകൊണ്ടിരിക്കുകയാണ്. ആയിക്കൊണ്ടിരിക്കുകയാണ്. അല്ലാഹുവിനെ യഥാർഥത്തിൽ ഭയപ്പെടുന്നവരും നിസ്വാർഥരായിക്കൊണ്ട് സേവനം ചെയ്യുന്നവരും സേവന വികാരത്താൽ എല്ലാ അഹ്മദികളോടുമുള്ള കടമനിറവേറ്റുന്നവരുമായ ഔദ്യോഗിക ഭാരവാഹികളെ അല്ലാഹു നല്കുമാറാകട്ടെ.

ദജ്ജാലിന്റെ ഫിത്നയുടെ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടാനും ദുആ ചെയ്യുക. അല്ലാഹു അവരുടെ കുതന്ത്രങ്ങളിൽനിന്നും ഗൂഢപദ്ധതികളിൽനിന്നും നമ്മെ കാത്തുകൊള്ളുമാറാകട്ടെ. അവരുടെ ദുർവിചാരങ്ങളിൽനിന്ന് നമ്മെ രക്ഷിക്കുമാറാകട്ടെ. യുദ്ധത്തിന്റെ ഭയാനകതയും വർധിച്ചുകൊണ്ടുപോകുകയാണ്. അല്ലാഹു ലോകർക്ക് ബുദ്ധി നല്കുമാറാകട്ടെ. വൻശക്തികൾ തങ്ങളുടെ സ്വാർഥ നേട്ടങ്ങൾക്കുവേണ്ടി ലോകത്തിനുമേൽ യുദ്ധം അടിച്ചേല്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു അവർക്ക് ബുദ്ധിനല്കുമാറാകട്ടെ. യുദ്ധങ്ങളുടെ കെടുതികളിൽനിന്ന് ലോകത്തെ സുരക്ഷിതമാക്കി വെക്കുമാറാകട്ടെ. ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും പ്രചാരണത്തിനുവേണ്ടിയും ദുആ ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗത്തിന്റെ യഥാർഥ ഉദ്ദേശ്യം അതായത് സന്മാർഗപ്രചാരണത്തിന്റെ സംപൂർത്തീകരണം നിറവേറ്റുന്നവരാകാൻ അല്ലാഹു നമുക്ക് അവസരം നല്കുമാറാകട്ടെ.

അഹ്മദീ ശഹീദുമാർക്കുവേണ്ടിയും അവരുടെ ബന്ധുക്കൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവൻ തന്നെ അവരെ കാത്തുകൊള്ളുമാറാകട്ടെ. എല്ലാത്തരും പ്രയാസങ്ങളിൽനിന്നും അവരെ രക്ഷിക്കുമാറാകട്ടെ. എത്രയും പെട്ടെന്ന് മോചിതരാകുന്നതിന് 'അസീറാനെ രാഹെ മൗലാ'യ്ക്കുവേണ്ടിയും ദുആ ചെയ്യുക. അവരുടെ തണലിൽനിന്ന് താൽക്കാലികമായി മാറ്റപ്പെട്ട അവരുടെ കുടുംബാംഗങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരുടെ സന്തോഷങ്ങൾ അവർക്കു മടക്കി നല്കുമാറാകട്ടെ. വിവിധ പ്രശ്നങ്ങളിൽ വ്യക്തിപരമായി കുടുങ്ങിക്കിടക്കുന്നവർക്കുവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവരുടെ പ്രയാസങ്ങൾ അകറ്റുമാറാകട്ടെ. എല്ലാത്തരം രോഗങ്ങളിൽനിന്നും ശിഫാ നല്കുമാറാകട്ടെ. വിവിധ തരത്തിലുള്ള സ്വന്തം വിഡ്ഢിത്തം കാരണത്താൽ അല്ലെങ്കിൽ കഴിവില്ലാത്തകാരണത്താൽ കടങ്ങളുടെ ഭാരംവന്ന് പതിഞ്ഞുകഴിഞ്ഞവരുടേയും നോട്ടീസ് കിട്ടികഴിഞ്ഞവരുടേയുംമേൽ അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. ഇത്തരം കത്തുകൾ നിത്യേന ലഭിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു അവരുടെ പ്രയാസങ്ങൾ അകറ്റുമാറാകട്ടെ.

രാഷ്ട്രീയമായി അക്രമങ്ങൾക്ക് വിധേയമാക്കപ്പെടുന്നവർക്കും അല്ലെങ്കിൽ മതപരമായി അക്രമങ്ങൾക്ക് വിധേയമാക്കപ്പെടുന്നവർക്കും അല്ലെങ്കിൽ പക്ഷപാതപരമായി അക്രമങ്ങൾക്ക് വിധേയമാക്കപ്പെടുന്നവർക്കും എല്ലാവർക്കുംവേണ്ടി ദുആ ചെയ്യുക. ഇപ്പോൾ അറബ് ജനതയിലും ദൈവകൃപയാൽ അഹ്മദിയ്യത്ത് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്, അവിടേയും അവർ മതപരമായി അക്രമങ്ങൾക്ക് വിധേയരാക്കപ്പെടുന്നുണ്ട്, ചിലർ തടവുകൾ സഹിച്ചുകൊണ്ടിരിക്കുകയാണ് അവർക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എത്രയുംവേഗം അവരുടെ മോചനത്തിനുള്ള സാഹചര്യം ഒരുക്കുമാറാകട്ടെ. മത-ജാതിവ്യത്യാസമില്ലാതെ സാമ്പത്തികപരമായ ദുരവസ്ഥയക്കു ഇരയായിത്തീർന്നിട്ടുള്ള കഠിനമായി ഉപദ്രവിക്കപ്പെടുന്നവർക്കുവേണ്ടി ദുആ ചെയ്യുക. പിന്നെ ഭാര്യാഭർത്താക്കന്മാരുടെ ദാമ്പത്തികവും കുടുംബപരവുമായ പലവിധ വഴക്കുകളിൽനിന്ന് അവർക്ക് മോചനമുണ്ടാകാൻ ദുആ ചെയ്യുക. അവരുടെ എണ്ണവും വർധിച്ചുകൊണ്ടുപോകുകയാണ്. അല്ലാഹു പുരുഷന്മാർക്കും സ്ത്രീകൾക്കും ബുദ്ധിനല്കുമാറാകട്ടെ. അവർ തങ്ങളുടെ വീടുകളെ സുഗന്ധിതമാക്കുന്നവരാകട്ടെ. അവകാശങ്ങൾ ധ്വംസിക്കപ്പെട്ട വിധവകളുടേയും അനാഥരുടേയും അവകാശങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക.

വിവാഹബന്ധങ്ങൾ ഉറയ്ക്കാതെ താമസിച്ചു പോകുന്ന പെൺകുട്ടികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവർതന്നെയും അവരുടെ മാതാപിതാക്കളും വളരെ പ്രയാസത്തിലാണ്. കുട്ടികൾ ഇല്ലാത്തവർക്കുവേണ്ടിയും ദുആ ചെയ്യുക. വിദ്യാർഥികൾക്കുവേണ്ടിയും-പലരുടേയും കത്തുകൾ വന്നുകൊണ്ടിരിക്കുന്നു, ഇപ്പോൾ പരീക്ഷകൾ നടന്നുവരികയുമാണ്-ദുആ ചെയ്യുക. തൊഴിൽരഹിതർക്കുവേണ്ടി ദുആ ചെയ്യുക. വ്യാപാരികൾക്കും കർഷകർക്കുംവേണ്ടി ദുആ ചെയ്യുക. വിവിധ കേസുകളിൽ കുടുങ്ങിക്കിടക്കുന്നവർക്കുവേണ്ടി-അവർ ദുആയ്ക്കു എഴുതിക്കൊണ്ടിരിക്കുന്നു- ദുആ ചെയ്യുക.

ഖാദിയാനിലെ ദർവേശുമാർക്കും റബ്‌വ വാസികൾക്കും വേണ്ടി ദുആ ചെയ്യുക. അല്ലാഹു അവിടേയും വരാനും പോകാനുമുള്ള വഴികൾ തുറക്കുമാറാകട്ടെ. ലണ്ടനിൽനിന്ന് ഇസ്‌ലാമാബാദിൽ ഹിജ്റത്ത് ഉണ്ടായി. അപ്പോൾ മസ്ജിദ് ഫള്‌ലിന് ചുറ്റുമുള്ളവർ തങ്ങൾ വേറിട്ടുപോയി എന്നു പറഞ്ഞ് ബഹളംവെച്ചു. അവർക്ക് വളരെ വേദനയുണ്ടായി. നിശബ്ദത ചാഞ്ഞു. അവർ ഉദാസീനരായി. അവർക്ക് റബ്‌വ വാസികളുടെ വിചാരം എന്തുകൊണ്ടുണ്ടാകുന്നില്ല. അവർ കഴിഞ്ഞ 35 വർഷമായി പ്രതീക്ഷയുമായി ഇരിക്കുകയാണ്; അവസ്ഥകൾ നന്നാകണെ എന്നു പറഞ്ഞ്; അവസ്ഥകൾ നന്നാകണെ എന്നു പറഞ്ഞ്; കാലത്തിന്റെ ഖലീഫ അവിടെ തിരിച്ചെത്തണെ എന്നു പറഞ്ഞ്. അതുകൊണ്ട് അവർക്കുവേണ്ടിയും ധാരാളം ദുആ ചെയ്യുക.

ഇസ്‌ലാമിന്റെ പേരിൽ പീഢനം ഏൽക്കുന്നവർക്കുവേണ്ടി ദുആ ചെയ്യുക. അവരിൽ ഏറ്റവുമധികമുള്ളത് അഹ്മദിയ്യാ ജമാഅത്തിലെ ആളുകൾത്തന്നെയാണ്. എന്നാൽ, ഇവർക്കുപുറമെ മറ്റു ഭാഗങ്ങളിലും ആളുകളുണ്ട്. അവർക്കുവേണ്ടിയും ദുആ ചെയ്യുക. ലോക ഇസ്‌ലാമിനുവേണ്ടി ഞാൻ മുമ്പേയും പറഞ്ഞതുപോലെ ഒരുപാട് പ്രശ്നങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്, ദജ്ജാൽ അവരെ കീഴടക്കിക്കൊണ്ടു പോകുകയാണ്, അവർക്കുവേണ്ടിയും ദുആ ചെയ്യുക. സ്വിറാത്തുൽമുസ്തഖീമിലൂടെ നടക്കാൻ പറ്റുന്നതായ പ്രകാശം അവർക്ക് അല്ലാഹു നല്കുമാറാകട്ടെ. ഇതുകൂടാതെ അവർക്ക് മോക്ഷത്തിനുള്ള മാർഗമില്ല. പിന്നെ ദുഃഖം അനുഭവിച്ചു കഴിയുന്നവർക്കുവേണ്ടി പൊതുവായും ദുആ ചെയ്യുക. ജമാഅത്തിന്റെ പരീക്ഷണ കാലഘട്ടം അവസാനിക്കുന്നതിനുവേണ്ടിയും ദുആ ചെയ്യുക.

തഹ്‌രീക്കെ ജദീദിനും വഖ്ഫെ ജദീദിനും മറ്റു ധനപരമായ ആഹ്വാനങ്ങളിലും ത്യാഗം ചെയ്യുന്ന മുഖ്‌ലിസ്വുകളായവർക്കുവേണ്ടിയും ദുആ ചെയ്യുക. അവരുടെ ലിസ്റ്റും വന്നുകൊണ്ടിരിക്കുന്നു. അവർ പരിശ്രമിച്ച് തങ്ങളുടെ ചന്ദകൾ അടച്ചുതീർത്തു. അഹ്മദിയ്യാ ജമാഅത്തിനുവേണ്ടി ലോകംമുഴുവൻ സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരും ഉദ്യോഗസ്ഥകളുമുണ്ട്. അവർക്കുവേ

ണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്ക് പ്രതിഫലം നല്കുമാറാകട്ടെ. എം.ടി.എ യിലെ സകല പ്രവർത്തകരുമുണ്ട്;ഇവിടേയും ലോകത്തിന്റെ വിവിധ രാജ്യങ്ങളിലും വ്യാപിച്ചുകിടക്കുന്നു. അവർക്കെല്ലാംവേണ്ടി ദുആ ചെയ്യുക. അല്ലാഹു അവർക്കു പ്രതിഫലം നല്കുമാറാകട്ടെ. അവരെ നന്മകളിലും നിലനിറുത്തുമാറാകട്ടെ. സേവനത്തിന് കൂടുതൽ തൗഫീഖ് നല്കുമാറാകട്ടെ. എം.ടി.എ ആഫ്രിക്ക, ആദ്യം 'എം.ടി.എ.3 അൽഅറബിയ' മാത്രമായിരുന്നു, ഇപ്പോൾ ആഫ്രിക്കയിലും ഘാനയിൽ സ്റ്റുഡിയോ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ ബുർക്കിനോഫാസോയിലും ഇപ്പോൾ തുടങ്ങിക്കഴിഞ്ഞു. പിന്നീട് അമേരിക്കയിലും കനഡയിലും പുനരുദ്ധാരണം നടന്നു. ഇന്തൊനേഷ്യയിലും ജർമനിയിലും ഇപ്പോൾ പുതിയ രീതിയിൽ എം.ടി.എ പ്രവർത്തനം തുടങ്ങിയിരിക്കുന്നു. വളരെ നല്ല രീതിയിൽ പ്രവൃത്തിച്ചുവരുന്നു. ഇവർക്കെല്ലാവർക്കും അല്ലാഹു അവരവരുടെ രാജ്യങ്ങളിലും വിവിധ ഭാഷകളിലും ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം എത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. എത്രയുംവേഗം മുഴുവൻ ലോകത്തേയും ഇസ്‌ലാമിന്റെ മടിത്തട്ടിൽ കൊണ്ടുവരുന്നവരാകുമാറാകട്ടെ. അവരുടെ ശ്രമത്തിൽ അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ.

ലോകത്ത് വിവിധ അപകടങ്ങളിൽപ്പെട്ടിട്ടുള്ളവരുടെ സൗഖ്യത്തിനുവേണ്ടിയും ദുആ ചെയ്യുക.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ كَمَا صَلَّيْتَ عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ۔ اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَّعَلٰى اٰلِ مُحَمَّدٍ كَمَا بَارَكْتَ عَلٰى اِبْرَاهِيْمَ وَعَلٰى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ

ഇപ്പോൾ ഈ ദുആയും അധികമധികമായി ചെയ്യുക

اَللّٰهُمَّ اِنَّا نَجْعَلُكَ فِيْ نُحُوْرِهِمْ وَنَعُوْذُبِكَ مِنْ شُرُوْرِهِمْ

(സുനൻ അബൂദാവൂദ്, കിതാബുൽവിത്ർ, ഹദീഥ് 1537)

അല്ലാഹുവേ!അവരെ നേരിടാൻ ഞങ്ങൾ നിന്നെത്തന്നെ അവരുടെ നെഞ്ചകങ്ങളിൽ ആക്കുന്നു.അവരുടെ എല്ലാ ശർറുകളിൽനിന്നും ഞങ്ങൾ നിന്നോടു രക്ഷതേടുകയും ചെയ്യുന്നു.

لَا إِلٰهَ إِلَّا اللّٰهُ الْعَظِيْمُ الْحَلِيْمُ لَا إِلٰهَ إِلَّا اللّٰهُ رَبُّ الْعَرْشِ الْعَظِيْمِ لَا إِلٰهَ إِلَّا اللّٰهُ رَبُّ السَّمٰوَاتِ وَرَبُّ الْأَرْضِ وَرَبُّ الْعَرْشِ الْكَرِيْمِ

(സ്വഹീഹുൽ ബുഖാരി, കിതാബുദ്ദഅ്വാത്ത് ഹദീഥ് 6346)

മഹാനും യുക്തിജ്ഞനുമായ അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ല. മഹോന്നതമായ അർശിന്റെ രക്ഷകനായ അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ല. ആകാശങ്ങളുടേയും ഭൂമിയുടേയും ആദരണീയമായ അർശിന്റേയും നാഥനായ അല്ലാഹു അല്ലാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ല.

പിന്നീട് നബി(സ)തിരുമേനിയുടെ ഒരു ദുആ ഉണ്ട്.

اَللّٰهُمَّ اِنِّيْ اَسْئَلُكَ حُبَّكَ وَحُبَّ مَنْ يُّحِبُّكَ وَالْعَمَلَ الَّذِيْ يُبَلِّغُنِيْ حُبَّكَ اَللّٰهُمَّ اجْعَلْ حُبَّكَ اَحَبَّ اِلَيَّ مِنْ نَفْسِيْ وَاَهْلِيْ وَمِنَ الْمَآءِ الْبَارِدِ

(സുനനുത്തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്, ഹദീഥ് 3490)

അല്ലാഹുവേ, നിന്റെ പ്രീതിയും നിന്നെ സ്നേഹിക്കുന്നവരുടെ പ്രീതിയും നിന്റെ പ്രീതിയെ പ്രാപിക്കാനുള്ള പ്രവൃത്തികൾക്കുമായി ഞാൻ നിന്നോടു ചേദിക്കുന്നു. അല്ലാഹുവേ, നിന്നോടുള്ള ഇഷ്ടം എന്നെക്കാളും എന്റെ കുടുംബത്തെക്കാളും തണുത്ത പാനീയത്തെക്കാളും ഏറെ ഇഷ്ടപ്പെട്ടതാക്കി മാറ്റേണമേ.

നബി(സ)തിരുമേനിയുടെ ഒരു ദുആ ഇങ്ങനെയാണ്.

يَا مُقَلِّبَ الْقُلُوْبِ ثَبِّتْ قَلْبِيْ عَلٰى دِيْنِكَ

(സുനനുത്തിർമുദി, അബ്‌വാബുൽഖദ്ർ, ഹദീഥ് 2739)

മനസ്സുകളെ മാറ്റി മറിക്കുന്നവനേ, എന്റെ മനസ്സിനെ നിന്റെ ദീനിൽ ഉറപ്പിച്ചുനിറുത്തേണമേ.

ഇങ്ങനെയൊരു ദുആ നബി(സ)തിരുമേനി ചെയ്യാറുണ്ടായിരുന്നു:

اَللّٰهُمَّ لَا تَقْتُلْنَا بِغَضَبِكَ وَلَا تُهْلِكْنَا بِعَذَابِكَ وَعَافِنَا قَبْلَ ذٰلِكَ

(സുനനുത്തിർമുദി,അബ്‌വാബുദ്ദഅ്‌വാത്ത്, ഹദീഥ് 3450)

അല്ലാഹുവേ, ഞങ്ങളെ നിന്റെ കോപത്താൽ വധിക്കരുതേ. നിന്റെ ശിക്ഷയെകൊണ്ട് ഞങ്ങളെ നശിപ്പിക്കുകയും ചെയ്യരുതേ. അതിനുമുമ്പേ ഞങ്ങൾക്കു സൗഖ്യം നല്കേണമേ.

വേറൊരു ദുആ ഇതാണ്:

اَللّٰهُمَّ إِنِّيْ أَعُوْذُبِكَ مِنْ زَوَالِ نِعْمَتِكَ وَتَحَوُّلِ عَافِيَتِكَ وَفُجَاءَةِ نِقْمَتِكَ وَجَمِيْعِ سَخَطِكَ

(സ്വഹീഹ് മുസ്‌ലിം, കിതാബുർരിഖാഖ് ഹദീഥ് 2739)

അല്ലാഹുവേ, നിന്റെ നിഅ്മത്ത് അസ്തമിച്ചുപോകുന്നതിൽനിന്നും നിന്റെ സൗഖ്യം മാറിൽപോകുന്നതിൽനിന്നും നിന്റെ പെട്ടെന്നുള്ള ശിക്ഷയിൽനിന്നും നീ വെറുക്കപ്പെടുന്ന എല്ലാ കാര്യങ്ങളിൽനിന്നും ഞാൻ നിന്നോടു അഭയം തേടുന്നു.

ഇക്കാലത്ത് ആദം(അ) ചെയ്ത ദുആ ചെയ്യേണ്ടതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. ഈ ദുആ ആദ്യമെതന്നെ സ്വീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതാണ്. അതായത് സ്വീകരിക്കപ്പെട്ട ദുആ അല്ലാഹു പഠിപ്പിച്ചിരിക്കുന്നു.

رَبَّنَا ظَلَمْنَآ اَنْفُسَنَا وَاِنْ لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُوْنَنَّ مِنَ الْخٰسِرِيْنَ (7:24)

ഞങ്ങളുടെ നാഥാ, ഞങ്ങൾ ഞങ്ങളോടുതന്നെ തെറ്റു ചെയ്തുപോയി. നീ ഞങ്ങൾക്കു പൊറുത്തു തരികയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യാത്തപക്ഷം തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽപ്പെട്ടുപോകും. (മൽഫൂദാത്ത് വാള്യം 4, പേജ് 275)

ഹദ്റത്ത് മുബാറക്ക ബീഗം സാഹിബ(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം സ്വപ്നത്തിൽ കണ്ട ഒരു ദുആയാണിത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: എന്റെ ജമാഅത്ത് ഈ ദുആ കൂടുതലായി ചെയ്യേണ്ടതാണ്. ഈ ദുആ ചെയ്യാൻ അവരോടു പറയുക:

رَبَّنَا لَا تُزِغْ قُلُوْبَنَا بَعْدَ اِذْ هَدَيْتَنَا وَهَبْ لَنَا مِنْ لَّدُنْكَ رَحْمَةً اِنَّكَ اَنْتَ الْوَهَّابُ۔ (3:9)

ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ നേർവഴിയിലാക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചു കളയരുതേ. നീ ഞങ്ങൾക്ക് നിന്റെയടുക്കൽനിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും ഓശാരമായി നല്കുന്നതിൽ നീ തന്നെയാണ് ഏറ്റവും വലിയവൻ.(തഹ്‌രീറാത്തെ മുബാറക്ക, ,പേജ് 306, പ്രസാധകർ ലജ്ന ഇമാഇല്ലാഹ് ഇശാഅത്തു വകുപ്പ് പാകിസ്താൻ)

പ്രത്യേകിച്ചും ഇക്കാലത്ത് ഭൗതികമായ ഫിത്നകളിൽ മനുഷ്യൻ അകപ്പെടാൻ സാധ്യതയുണ്ട്. പ്രത്യേകമായും ഈ ദുആ ചെയ്യേണ്ടതാണ്.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനേയും പറഞ്ഞു, 'നമ്മുടെ ജമാഅത്ത് ഓരോ നമസ്കാരത്തിന്റേയും അവസാന റക്അത്തിൽ റുക്കൂയിനുശേഷം താഴെ കൊടുക്കുന്ന ദുആ ധാരാളമായി ചൊല്ലേണ്ടതാണ്.

رَبَّنَآ اٰتِنَا فِي الدُّنْيَا حَسَنَةً وَّفِي الْاٰخِرَةِ حَسَنَةً وَّقِنَا عَذَابَ النَّارِ۔ (2:202)

(മൽഫൂദാത്ത് വാള്യം 1, പേജ് 9)

ഞങ്ങളുടെ നാഥാ, ഐഹിക ജീവിതത്തിൽ നീ ഞങ്ങൾക്കു നന്മ നല്കേണമേ; പരലോകത്തും നീ ഞങ്ങൾക്കു നന്മ നല്കേണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തു രക്ഷിക്കേണമേ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഇൽഹാമിയായ ദുആകളുണ്ട്. അവയിലൊന്ന് ഇതാണ്. ഇതു ചെയ്യേണ്ടതാണെന്ന് അവിടന്ന് പറയുകയുണ്ടായി.

رَبَّنَآ اِنَّنَا سَمِعْنَا مُنَادِيًا يُّنَادِيْ لِلْاِيْمَانِ رَبَّنَآ اٰمَنَّا فَاكْتُبْنَا مَعَ الشّٰهِدِيْنَ

(തദ്കിറ, പേജ് 197, നാലാം പതിപ്പ്)

ഞങ്ങളുടെ നാഥാ, സത്യവിശ്വാസത്തിലേക്ക് ഞങ്ങളെ വിളിക്കുന്ന ഒരാളുടെ വിളി ഞങ്ങൾകേട്ടു. ഞങ്ങൾ വിശ്വസിച്ചു. ഞങ്ങളെ സാക്ഷികളോടൊപ്പം എഴുതേണമേ.

പിന്നീട് അദ്ദേഹത്തിന്റെ ഒരു ഇൽഹാമീ ദുആ ഉണ്ട്. അതിന്റെ തർജമ വായിക്കാം: എന്റെ രക്ഷിതാവേ! പൊറുത്തു തന്നാലും. ആകാശത്തുനിന്ന് കരുണ ചൊരിഞ്ഞാലും. എന്റെ രക്ഷിതാവേ! എന്നെ തനിച്ചു വിട്ടുകളയരുതേ. നീ ഖയ്റുൽവാരിഥീനാണ്. എന്റെ രക്ഷിതാവേ! ഉമ്മത്തെ മുഹമ്മദിയായെ പരിഷ്കരിച്ചാലും. എന്റെ രക്ഷിതാവേ!ഞങ്ങൾക്കും ഞങ്ങളുടെ ജനതയ്ക്കുമിടയിൽ സത്യസന്ധമായ വിധി പറഞ്ഞാലും. നീ വിധി പറയുന്നവരിൽ ഏറ്റവും ഉത്തമനാണ്.(തദ്ക്കിറ, പേജ് 196-197, നാലാം പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരു ഇൽഹാമി ദുആ ഉണ്ട് അത് അറബിയിൽത്തന്നെ കേൾപിക്കാം.

''يَا رَبِّ فَاسْمَعْ دُعَآئِيْ وَ مَزِّقْ اَعْدَآءَكَ وَاَعْدَآئِيْ وَ اَنْجِزْ وَعْدَكَ وَانْصُرْ عَبْدَكَ وَاَرِنَا اَيَّامَكَ وَشَهِّرْ لَنَا حُسَامَكَ وَلَا تَذَرْ مِنَ الْكَافِرِيْنَ شَرِيْرًا'' (تذکرہ، صفحہ 426، ایڈیشن چہارم)

മക്ക വലാ തദർ മിനൽകാഫിരീന ശരീറാ(തദ്ക്കിറ, പേജ് 426, നാലാം പതിപ്പ്)

എന്റെ നാഥാ, നീ എന്റെ ദുആ കേൾക്കേണമേ. എന്റേയും നിന്റേയും ശത്രുക്കളായിട്ടുള്ളവരെ നീ തുണ്ടം തുണ്ടമാക്കേണമേ. നിന്റെ വാഗ്ദാനം വേഗത്തിൽ പൂർത്തിയാക്കുകയും നിന്റെ ദാസനെ തുണയ്ക്കുകയും നിന്റെ വിജയത്തിന്റെ നാളുകൾ നീ ഞങ്ങൾക്ക് കാട്ടിത്തരികയും ഞങ്ങൾക്കുവേണ്ടി നിന്റെ വാൾ ഊരിപ്പിടിക്കുകയും ചെയ്യേണമേ. നീ സത്യനിഷേധികളിൽനിന്നുള്ള ഒരു ദ്രോഹിയേയും ശിക്ഷിക്കാതെ വിട്ടു കളയരുതേ.

അവിടത്തെ ഒരു ദുആ ഇതാണ്: സർവലോകനാഥാ! നിന്റെ ഔദാര്യങ്ങൾക്ക് നന്ദി കാണിക്കാൻ എനിക്കു കഴിവില്ല. നീ അങ്ങേയറ്റം കരുണാമയനും ഉദാരനുമാണ്. നിന്റെ അറ്റമില്ലാത്ത ഔദാര്യങ്ങൾ എന്നിലുണ്ട്. ഞാൻ നശിക്കാതിരിക്കാൻ നീ എന്റെ പാപം പൊറുത്തുതന്നാലും. എനിക്ക് ജീവിതം ലഭിക്കാൻ എന്റെ മനസ്സിൽ നിന്റെ പ്രത്യേക സ്നേഹമിട്ടാലും. എന്റെ തെറ്റുകൾ മറച്ചുവെച്ചാലും. നിനക്കിഷ്ടപ്പെട്ടപ്രവൃത്തികൾ നീ എന്നെക്കൊണ്ട് ചെയ്യിച്ചാലും. നിന്റെ കോപം എന്നിലുണ്ടാകുന്നതിൽനിന്ന് ഞാൻ നിന്നെ അഭയം തേടുന്നു. കരുണ ചൊരിഞ്ഞാലും. കരുണ ചൊരിഞ്ഞാലും. കരുണ ചൊരിഞ്ഞാലും. ഇഹപരലോകത്തെ ബലാകളിൽനിന്ന് എന്നെ രക്ഷിച്ചാലും. കാരണം എല്ലാ ഫള്ലും കറമും നിന്റെ കൈയിൽത്തന്നെയാണ്. ആമീൻ.(മക്തൂബാത്തെ അഹ്മദ്, വാള്യം 2, പേജ് 159, ഹദ്റത്ത് നവാബ് മുഹമ്മദ് അലി സാഹിബിനെഴുതിയ കത്ത്, കത്ത് നമ്പർ 3)

അവിടത്തെ മറ്റൊരു ദുആയുണ്ട്: എന്റെ അല്ലാഹുവേ! എന്റെ വിലാപം കേട്ടാലും. ഞാൻ തനിച്ചാണ്. എന്റെ അഭയമേ! എന്റെ പരിചയായിട്ടുള്ളവനേ! എന്നിലേക്ക് തിരിഞ്ഞാലും. ഞാൻ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. എന്റെ പ്രിയപ്പെട്ടവനേ! എന്റെ ഏറ്റവും പ്രിയപ്പെട്ടവനേ! എന്നെ തനിച്ച് വിട്ടേക്കരുതേ. ഞാൻ നിന്നോടൊപ്പമാണ്. നിന്റെ തിരുസന്നിധിയിൽ എന്റെ ആത്മാവ് സുജൂദിലാണ്.(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ), യഅ്ഖൂബ് അലി ഇർഫാനീ(റ), ഭഗം 5, പേജ് 553)

വരിക, നമ്മളെല്ലാവരും ചേർന്ന് ദുആ ചെയ്യാം. അല്ലാഹു നമ്മുടെ ദുആകൾ സ്വീകരിക്കുമാറാകട്ടെ. ദുആ ചെയ്യുക (ബദ്ർ പത്രം ഉർദു 2020 ഏപ്രിൽ 30)

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച...)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

### 2018 ഒക്ടോബർ 31 ബുധനാഴ്ച:

അമേരിക്കക്കു പുറമെ പോർട്ടോ റേകോ ദ്വീപിൽനിന്നുള്ള പുതിയ അഹ്മദി സംഘവും ഹുദൂറിന്റെ കൂടിക്കാഴ്ചക്ക് വന്നിരുന്നു. അവിടെ നിന്നെത്തിയ നവ അഹ്മദികൾ ഇവരാണ്. മിഗേൽ കാലിസ് (Miguel Caliz)സാഹിബ്, ലൂയിസ് പെരെസ്(Luis Perez)സാഹിബ്, ബെർനാർഡോ ബെലോനോ (Bernardo Beleno)സാഹിബ്, അലെജ്നാദ്റോ ഇസ്മായീൽ അലി (Alejnadro Ismael Ali)സാഹിബ്. ഇവരെല്ലാവരും ആദ്യമായാണ് ഹുദൂറിനെ കാണുന്നത്. അഹ്മദിയ്യത്തിനു മുമ്പേയുള്ള മതത്തെ സംബന്ധിച്ച് ഓരോരുത്തരോടും ഹുദൂർ അന്വേഷിച്ചു.

അലെജ്നാദ്റോ ഇസ്മായീൽ അലി: ഞാൻ 8 വയസ്സു മുതൽ ഇസ്‌ലാമിന് അനുകൂലമായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിനു മുമ്പേ സുന്നിയായിരുന്നു.

ലൂയിസ് പെരെസ് സാഹിബ്: ഇസ്‌ലാമിൽ വരുന്നതിനു മുമ്പേ ക്രിസ്തു മതത്തിലെ പ്രൊട്ടസ്റ്റന്റ് വിഭാഗത്തിലായിരുന്നു. ഇതിനുപുറമെ വേറേയും ധാരാളം മതങ്ങളെ പിൻപറ്റിയതിനു ശേഷമാണ് ഇസ്‌ലാം –അഹ്മദിയ്യത്തിൽ പ്രവേശിച്ചത്.

ബെർനാർഡോ ബെലോനോ: ഇസ്‌ലാം– അഹ്മദിയ്യത്തിൽ എത്തുന്നതിനു മുമ്പേ ആദ്യം കത്തോലിക്കാ വിഭാഗവുമായും പിന്നീട് പ്രൊട്ടസ്റ്റന്റ് വിഭാഗവുമായും ബന്ധപ്പെട്ടാണ് പ്രവർത്തിച്ചിരുന്നത്. അതിനുശേഷം 'സുന്നീഇസ്‌ലാമിൽ' വന്നു. എന്നാൽ, അതും ഇഷ്ടപ്പെട്ടില്ല. കാരണം അവർക്ക് ഒരു പ്രത്യേക ആത്മീയ നേതാവൊന്നുമില്ല. ഇതുകൊണ്ട് തന്നെയാണ് ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചത്. കാരണം ഈ ജമാഅത്തിൽ ഒരു ഖലീഫയുണ്ട്. ആത്മീയ നേതാവുണ്ട്. കത്തോലിക്കർക്ക് പോപ്പ് ഉള്ളതു പോലെ.'

മിഗേൽ കാലിസ്: 2006–ൽ ഒരു ആഫ്രോ അമേരിക്കൻ അഹ്മദിയായ റശീദ് അഹ്മദ് സാഹിബിന്റെ (മിൽവോക്കി(Milwaukee) ജമാഅത്ത്) തബ്‌ലീഗ് മുഖേനയാണ് അഹ്മദിയ്യത്ത് സ്വീകരിക്കുന്നത്. ഞാൻ പുറേറ്റോറിക്കോ(Puerto Rico) യിലെ ആദ്യ അഹ്മദിയാണ്.

ഹുദൂർ അലെജ്നാദ്റോ ഇസ്മായീൽ അലി സാഹിബിനോട് ചോദിച്ചു: അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം കുടുംബത്തിന്റെ പ്രതികരണം എന്താണ്?

ഇസ്മായീൽ അലി സാഹിബ്: എന്റെ കുടുംബം ഞാനെടുത്ത തീരുമാനത്തിൽ സന്തോഷവതിയാണ്. അവർ പറയുന്നത്, ഞാൻ തൃപ്തനാണെങ്കിൽ അവരും തൃപ്തയാണെന്നാണ്.

ലൂയിസ് പെരൊസ്: 'ഹുദൂർ എനിക്കൊരു മുസ്‌ലിം പേരിട്ടാലും.'

അപ്പോൾ ഹുദൂർ അദ്ദേഹത്തിന് മഹ്മൂദ് എന്ന് പേരിട്ടു.

Bernardo Beleno(Bashir Salman) ഹുദൂറിനോടു പറഞ്ഞു: മുമ്പേ ഞാൻ ക്രിസ്ത്യാനിയായിരുന്നു. പിന്നീട് ഇസ്‌ലാം സ്വീകരിച്ചു. സുന്നീ മസ്ജിദിൽ പോയിക്കൊണ്ടിരുന്നു. ഇതിനിടയിൽ സ്പെയിൻ ജമാഅത്തിൽനിന്ന് ആരോ എനിക്ക് ഒരു ഖുർആൻ ഉപഹാരമായി അയച്ചു തന്നിരുന്നു. അതെനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഈ ഖുർആനുമായി ഞാൻ സുന്നീ മസ്ജിദിൽ പോയപ്പോൾ 'ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ ഖുർആനാണെന്നും ഇത് ശരിയല്ലെന്നും ഇത് വലിച്ചെറിയുകയെന്നും ഞങ്ങളുടെ ഖുർആൻ വായിക്കുകയെന്നും' അവർ പറഞ്ഞു. ഞാൻ തുറന്നു പറഞ്ഞു: 'നിങ്ങൾ എന്തുവേണമെങ്കിലും ചെയ്തുകൊള്ളുക. ഞാൻ ഈ ഖുർആനേ വായിക്കുകയുള്ളു.' ഇതിനു ശേഷം സ്പെയിനിലുള്ള സ്പാനിഷ് ഡെസ്ക് ഇൻചാർജ് ത്വാരിഖ് മുൻഇം സാഹിബുമായി ബന്ധപ്പെട്ടു.ത്വാരിഖ് സാഹിബ് എന്നെ പുറേറ്റോറിക്കോ(Puerto Rico)യിലെ മിഷണറിയുമായി ബന്ധപ്പെടുത്തി. ഇങ്ങനെ ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചു.

മിഗേൽ കാലിസ് (Miguel Caliz)സാഹിബിനോട് എന്താണ് ചെയ്യുന്നതെന്ന് ഹുദൂർ ചോദിച്ചു:

മിഗേൽ കാലിസ്: ഡാറ്റാ അനലിസ്റ്റ് എന്ന നിലയിൽ ഒരു ഇൻഷൂറൻസ് കമ്പനിയിൽ ജോലി ചെയ്യുന്നു.

ഹുദൂർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എനിക്ക് 38 വയസ്സുണ്ട്. ഇപ്പോൾ എന്റെ വിവാഹം കഴിഞ്ഞിട്ടില്ല. ഇൻശാ അല്ലാഹ് അടുത്ത വർഷം വിവാഹം കഴിക്കാൻ പദ്ധതിയുണ്ട്.

ഹുദൂർ: വിവാഹം കഴിക്കുകയാണെങ്കിൽ ഏതെങ്കിലും മുസ്‌ലിം പെൺകുട്ടിയെ വിവാഹം കഴിക്കുക. അഹ്മദി മുസ്‌ലിം പെൺകുട്ടിയായിരിക്കാൻ ശ്രമിക്കുക.

ഒടുവിൽ ഈ സംഘത്തിന് ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി.

ഇസ്മായീൽ അലി സാഹിബ്: ഹുദൂറുമായുള്ള അഭിമുഖം എന്റെ ജീവിതത്തിലെ ഒരു പ്രത്യേക സംഭവമാണ്. ഞാൻ ഹുദൂറിന്റെ ഓഫീസിൽ പ്രവേശിച്ചതും എനിക്ക് വളരെ സുഗമവും ആവേശകരവുമായ അവസ്ഥ അനുഭവിക്കാൻ കഴിഞ്ഞു. ഞാനെന്നെ പൂർണ സുരക്ഷിത സ്ഥലത്താണെന്ന് മനസ്സിലാക്കുന്നുണ്ടായിരുന്നു. ഹുദൂറിന്റെ വ്യക്തിത്വം തികച്ചും ശാന്തഗംഭീരമായിരുന്നു എന്ന് എനിക്ക് കാണാൻകഴിഞ്ഞു. ഹുദൂർ ഉന്നത ചിന്തയുടെ ഉടമയാണ്. ഹുദൂറിന്റെ പുഞ്ചിരി ഹൃദയത്തെ ആകർഷിക്കുന്നതാണ്. എനിക്ക് ഇത് വളരെ വ്യതിരിക്തവും ഒറ്റപ്പെട്ട അനുഭവവുമായിരുന്നു. പ്രകാശവും യുക്തിജ്ഞാനവുംകൊണ്ട് പൂരിതമായ ഒരനുഭവമായിരുന്നു ഇത്.'

ബശീർ സുലയ്മാൻ എന്ന മുസ്‌ലിം നാമം സ്വീകരിച്ച ബെർനാർഡോ ബെലോനോ സാഹിബ് പറയുന്നു: 'ഹുദൂർ സമാധാനത്തിന്റെ സർവ സൈന്യാധിപനാണ്. മുസ്‌ലിമീങ്ങൾക്കുവേണ്ടി ഹുദൂറിന്റെ മനസ്സിൽ വളരെ വേദനയുണ്ട്. ഇസ്‌ലാമിനെ നമ്മൾ കൂടുതൽ പഠിക്കണമെന്നാണ് എന്റെ ആഗ്രഹം. അതിന്റെ യഥാർഥ അധ്യാപനങ്ങളനുസരിച്ച് ജീവിതം നയിക്കേണ്ടതുണ്ട്. ഹുദൂറിനോടു എന്റെ മനസ്സിൽ വളരെയധികം ആദരവും സ്നേഹവുമുണ്ട്. ഹുദൂർ അല്ലാഹുവിന്റെ സത്യസന്ധനായ സേവകനാണ്. ഇക്കാര്യം ഞാൻ സ്വന്തം കണ്ണുകൊണ്ട് കണ്ടിരിക്കുന്നു.'

സംഘത്തിലുണ്ടായിരുന്ന മഹ്മൂദ് എന്ന് മുസ്‌ലിം നാമം സ്വീകരിച്ച ലൂയിസ് പെരെസ്(Luis Perez) സാഹിബ് എന്ന നവഅഹ്മദി പറയുന്നു: 'ഒരിക്കലും വിസ്മരിക്കാൻ പറ്റാത്ത അനുഭവമാണ് ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ചയിൽ എനിക്കുണ്ടായത്. അതൊരു വലിയ ആത്മാനുഭവമായിരുന്നു. ഹുദൂർ ഒരു വളരെ അസാധാരണ വ്യക്തിത്വമാണ്. ഹുദൂറിന്റെ വ്യക്തിത്വത്താൽ റൂം മാത്രമായിരുന്നില്ല പ്രകാശിതമായിരുന്നത്. മറിച്ച് വളരെയധികം സമാധാനവും ശാന്തിയും തോന്നിയിരുന്നു. ഹുദൂറിന്റെ സ്നേഹം വ്യതിരിക്തമായി കാണുന്നുണ്ടായിരുന്നു. ഹുദൂറിനെ കണ്ടതു മുഖേന എനിക്ക് കൂടുതൽ സ്വന്തക്കാരനെന്ന അവസ്ഥ അനുഭവിക്കാൻ കഴിഞ്ഞു. ഞാൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഭാഗമായിരിക്കുന്നു എന്നതിൽ എനിക്ക് പ്രത്യേക സന്തോഷം തോന്നി. മറ്റു സമൂഹവുമായി ചേർന്ന് പ്രവർത്തിച്ചപ്പോഴൊന്നും ഈയൊരവസ്ഥ അനുഭവിച്ചിട്ടില്ല. ഹുദൂറിന്റെ സംഭാഷണരീതി എന്നിൽ കൂടുതൽ ആത്മവിശ്വാസം വളർത്തി. എന്റെ ന്യൂനമായ അറിവ് കാരണത്താൽ മുസ്‌ലിം നാമം എങ്ങനെ വെക്കണമെന്ന് എനിക്ക് അറിയില്ലായിരുന്നു. ഹുദൂറിനോട് പറഞ്ഞപ്പോഴാണ് എനിക്ക് ഹുദൂർ മഹ്മൂദ് എന്ന പേര് നിർദേശിച്ചത്. ഈ നാമം ഞാൻ വളരെ സന്തോഷത്തോടെയും അഭിമാനത്തോടെയും കാത്തു സൂക്ഷിക്കും. കാരണം ഈ പേര് ഹുദൂർ എനിക്ക് നല്കിയതാണ്.'

മിഗേൽ കാലിസ് (Miguel Caliz)സാഹിബ് പറയുന്നു: 'ഹുദൂറിന്റെ അഭിപ്രായം വളരെ സാധാരണവും നേരായതും എന്ന് തോന്നിയിരുന്നു. ഒരു വ്യക്തി എവിടെയാണെന്നും അദ്ദേഹം എവിടെ നിൽക്കണമെന്നും ഹുദൂർ ആദ്യ കാഴ്ചയിൽത്തന്നെ പറയുന്നു. എനിക്ക് എന്റെ ആത്മവിശ്വാസം വളരെ വർധിക്കുന്നതായി ഹുദൂറിനെ കണ്ടതിനുശേഷം തോന്നി. എനിക്ക് ഒരു ജീവിതം ലഭിച്ചു. ഹുദൂറിനെ എപ്പോൾ കണ്ടാലും ഹുദൂറിന്റെ ഈമാനികമായ താപത്തെ തീർച്ചയായും പ്രയോജനപ്പെടുത്തണമെന്നുതന്നെ ഞാൻ പറയും.'

കൂടിക്കാഴ്ചയുടെ ഈ പ്രോഗ്രാം രാത്രി 9.00 മണിവരെ നീണ്ടു. തുടർന്ന് ഹുദൂർ മസ്ജിദ് ബയ്ത്തുർറഹ്മാനിലെത്തി മഗ്‌രിബ്–ഇശാ നമസ്കാരം ജംഅ്ക്കി നമസ്കരിപ്പിച്ചു. ശേഷം ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങി.

### 2018 നവംബർ 2 വെള്ളിയാഴ്ച

ഹുദൂർ രാവിലെ ആറര മണിക്ക് മസ്ജിദ് ബയ്ത്തുർറഹ്മാനിൽ സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാര ശേഷം ഓഫീസിലെത്തി കത്തുകളും റിപ്പോർട്ടുകളും മറ്റും പരിശോധിച്ച് വേണ്ടുന്ന നിർദേശങ്ങൾ നല്കി.

ഇന്ന് അനുഗൃഹീത ജുമുഅ ദിവസമായിരുന്നു. അമേരിക്കയിലുള്ള ഹുദൂറിന്റെ ഈ സന്ദർശനത്തിലെ ഒടുവിലത്തെ ജുമുഅ ആയിരുന്നു ഇത്. വാഷിംഗ്ടൺ ഡീസിയും അതിന്റെ ചുറ്റിലുമുള്ള ജമാഅത്തുകൾക്ക് പുറമെ അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽനിന്നുള്ള വിദൂര ജമാഅത്തുകളിൽനിന്നും ദീർഘദൂരം യാത്ര ചെയ്തു ജുമുഅ നമസ്കരിക്കാൻ ജമാഅത്ത് സഹോദരങ്ങൾ എത്തുകയുണ്ടായി. വ്യാഴാഴ്ച

## ഹദീഥുന്നബവി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

വൈകുന്നേരംതന്നെ അവർ മസ്ജിദ് ബയ്ത്തുർ റഹ്മാനിൽ എത്തിയിരുന്നു.

അർക്കാൻസാസ്, ലോവാ, മിയാമിയിൽ നിന്നുള്ള വർ ആയിരം മൈലും ഡല്ലാസ്, കൻസാസ്, മിൻസ്റ്റോ, ഹ്യൂസ്റ്റൺ ജമാഅത്തുകളിൽ നിന്നുള്ളവർ 1300 മൈലും താണ്ടിയാണെത്തിയത്. ആസ്റ്റൺ, നോർത്ത് ഡെക്കോട്ടയിൽ നിന്നുമുള്ളവർ 1500 മൈലും ലോസ്ആഞ്ചലസിൽ നിന്നുള്ളവർ രണ്ടായിരം മൈലും ബേപൌണ്ട്, സിയാട്ടലിൽ നിന്നുമുള്ളവരും സിലിക്കൺവാലിയിൽ നിന്നുള്ളവരും 2850 മൈലും വിമാന മാർഗം വന്നവർ 4000 മൈലും ഏകദേശം 10 മണിക്കൂർ പിന്നിട്ടാണ് എത്തിയത്.

അമേരിക്കയ്ക്കു പുറമെ കനഡയിലെ വിവിധ ജമാഅത്തുകളിൽനിന്ന് ഒട്ടനവധിയാളുകൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ പിന്നിൽ ജുമുആ നമസ്കരിക്കുന്നതിന് എത്തിയിരുന്നു. കനഡയിലെ ജമാഅത്തായ കൽഗരിയിൽ നിന്നുമുള്ളവർ 2300 മൈലും വെങ്കോറിൽ നിന്നുള്ളവർ 3000 മൈലും വിമാന മാർഗം 8 മണിക്കൂർ ചെലവഴിച്ചാണെത്തിയത്. ഇപ്രകാരം മൊത്തത്തിൽ പങ്കെടുത്തവർ 6500 ൽ അധികം ഉണ്ടായിരുന്നു. ഇവരിൽ കനഡയിൽ നിന്ന് ഏകദേശം 2000 പേർ പങ്കെടുത്തിരുന്നു. ജുമുആ നമസ്കരത്തിനുവേണ്ടി വിവിധ പന്തലുകളിട്ടിരുന്നു. വിശാലമായ സൗകര്യങ്ങളാണ് ഒരുക്കിയിരുന്നത്.

**ഖുത്ബ ജുമുആ**

ഹുദൂർ അയ്യദഹുല്ലാഹ് മസ്ജിദ് ബയ്ത്തുർ റഹ്മാനിൽ 1.00 മണിക്ക് ജമുആ ഖുത്ബ നിർവഹിച്ചു. ഈ ഖുത്ബ എം. ടി. എ യിലൂടെ തൽസമയം സംപ്രേഷണം ചെയ്യപ്പെട്ടു. ഹുദൂറിന്റെ ഈ ഖുത്ബ 2018 നവംബർ 15–ന് ഇറങ്ങിയ ബദ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഖുത്ബ ജുമുആയും നമസ്കാരവും 2.10–ന് അവസാനിച്ചു. തുർന്ന് അസ്ർ നമസ്കാരം ജംആക്കി.

**ബയ്അത്ത് പരിപാടി.**

തുടർന്ന് നടന്ന ബയ്അത്ത് പരിപാടിയും എം.ടി.എ മുഖേന തൽസമയ സംപ്രേഷണം ചെയ്യപ്പെട്ടു. നവഅഹ്മദികൾ ഹുദൂറിന്റെ അനുഗൃഹീത കൈകളിൽ തങ്ങളുടെ കൈകൾ വെച്ചു. ജുമുആയിൽ പങ്കെടുത്ത എല്ലാ സഹോദരന്മാരും സഹോദരിമാരും ഈ പരിപാടിയിൽ പങ്കെടുത്ത് സായൂജ്യമടഞ്ഞു. തുടർന്ന് ഹുദൂർ ദുആക്ക് നേതൃത്വം നല്കി. ശേഷം ഹുദൂർ ലജ്നാ ഹാൾ സന്ദർശിച്ചു. എല്ലാ സ്ത്രീകൾക്കും അസ്സലാമു അലയ്ക്കും പറഞ്ഞു.ശേഷം ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങി.

**കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ**

5.30–ന് ഹുദൂർ ഓഫീസിലെത്തി. കുടുംബ കൂടിക്കാഴ്ചകൾക്ക് സമാരംഭം കുറിച്ചു. ഇന്നത്തെ സെഷനിൽ 72 കുടുംബങ്ങളിൽ നിന്നുള്ള 317 പേർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഇവർക്കെല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും ഹുദൂർ നല്കി. അമേരിക്കയിലെ ജമാഅത്തുകളായ ഡെട്രോയിറ്റ്, ആലാബാമ, കരോലിന, ജോർജിയ, ലോംഗ് ഐലന്റ്, മിയാമി, മിഡിൽ ടൗൺ, ക്യൂൻസനി, വിലിംഗ് ബോറോ, സിൽ വർ സ്പ്രിംഗ്,

വിദൂരത്തുനിന്നുവന്ന കുടുംബങ്ങൾ 12 ൽ അധികം മണിക്കൂറുകൾ യാത്ര ചെയ്താണെത്തിയത്. ഇന്ന് കൂടിക്കാഴ്ച നടത്തിയവരിൽ കനഡയിൽനിന്നുന്ന ഒരതിഥി ചീഫ് റോഡ്ജർ റെഡ്മാൻ(Chief Rodger Redman) സാഹിബും ഉണ്ടായിരുന്നു. അദ്ദേഹം കനഡയിലെ ആദിവാസി ജനതകളുടെ(Aborigines) ഗോത്രങ്ങളുടെ തലവനാണ്. അദ്ദേഹത്തിന്റെ ബന്ധം Standing Buffalo First Nation മായിട്ടാണ്.

വളരെപ്പേർക്ക് ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള അവസരം ലഭിക്കാറില്ലെന്നും ഇന്ന് തനിക്ക് അതിനുള്ള അവസരം ലഭിച്ചതിൽ വളരെ സന്തോഷമുണ്ടെന്നും അദ്ദേഹം പലപ്പോഴും പറയുന്നുണ്ടായിരുന്നു. അദ്ദേഹം ഹുദൂറിന്റെ ഖുത്ബ കേൾക്കാനും ബയ്അത്തിന്റെ ചടങ്ങിൽ പങ്കെടുക്കാനും ഹുദൂറിന്റെ ഖുത്ബയുടെ ഇംഗ്ലീഷു തർജമ കേൾക്കാനും ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ഇതിനുശേഷം അദ്ദേഹം പറഞ്ഞു: 'ഹുദൂറിന്റെ ഖുത്ബയിലെ ഞാൻ കേട്ട അനുഗൃഹീത പദങ്ങൾ മുഴുലോകത്തിനും അനുഗ്രഹമാണ്. ഇത്തരത്തിലുള്ള മാർഗദർശനങ്ങൾ അല്ലാഹുവിൽ നിന്ന് മാർഗദർശനം ലഭിച്ചവർക്കു മാത്രമേ ലഭിക്കാറുള്ളു. ഇന്ന് എന്റെ സമൂഹത്തിൽ ഇത്തരത്തിലുള്ള മാർഗദർശനം ഉണ്ടായിരുന്നുവെങ്കിൽ ഞങ്ങളും നിങ്ങളെപോലെ ഒരു സുശക്തവും അഭിമാനിക്കുന്നതുമായ സമൂഹമായി തീരുമായിരുന്നു എന്ന് എനിക്ക് ഉറപ്പുണ്ട്.'

ബയ്അത്ത് പരിപാടിയിലും അദ്ദേഹം സംബന്ധിച്ചിരുന്നു. കനഡ അമീർ സാഹിബ് പറയുന്നു: 'ബയ്അത്തിന്റെ അവസരത്തിൽ അദ്ദേഹം കുറച്ച് അസ്വസ്ഥനായി കാണപ്പെട്ടിരുന്നു. ഇസ്ലാമിൽ ഇതു സംബന്ധമായി ഒരുവിധ നിർബന്ധവുമില്ലെന്നും സ്വയം മനസ്സ് തൃപ്തമാകുമ്പോൾ ചെയ്താൽ മതിയെന്നും അദ്ദേഹത്തോട് പറയപ്പെട്ടെങ്കിലും പരിപാടി തുടങ്ങിയതോടെ അദ്ദേഹം ഉച്ചത്തിൽ കരയാൻ തുടങ്ങി. ശേഷം അദ്ദേഹം, പറഞ്ഞു: 'ഇത്തരം അന്തരീക്ഷത്തിൽ ഒരു പ്രത്യേക ശക്തിയുള്ളതായി എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ ശക്തി അഭിമാനിക്കാവുന്നതും ഉറച്ചതുമായ ഒരു സമൂഹത്തിന്റെ തോന്നൽ എന്നിലുണ്ടാക്കി. അതിന്റെ തലവൻ ഓരോ സ്റ്റെപ്പിലും അവർക്ക് മാർഗദർശനം നല്കിക്കൊണ്ടിരിക്കുന്നു. ആ ശക്തിയിൽനിന്ന് ഒറ്റപ്പെട്ട് പോകാൻ എനിക്ക് കഴിഞ്ഞില്ല.'

ഹുദൂറുമൊത്തുള്ള ചീഫിന്റെ കൂടിക്കാഴ്ച അദ്ദേഹത്തിൽ ആഴത്തിലുള്ള സ്വാധീനമാണ് ഉണ്ടാക്കിയത്. ഹുദൂർ പൂർണ വാത്സല്യത്തോടെയും സനേഹത്തോടെയുമാണ് തന്നെ കണ്ടതെന്ന് ചീഫ് പറഞ്ഞു. അദ്ദേഹം പറഞ്ഞു: 'തലവന്മാരോടും നേതാക്കളോടും വളരെ നല്ല രൂപത്തിലാണ് ഹുദൂർ പെരുമാറാറുള്ളത്. ഞങ്ങളുടെ ജനത ഇക്കാര്യം വളരെ ശ്രദ്ധ വെക്കാറുണ്ട്. അതായത് അവർ അവരിലെ ആദരണീയരോടും തലവന്മാരോടും വളരെ ആദരവോടെയാണ് പെരുമാറിയിരുന്നത്. എന്നാൽ, യൂറോപ്യൻ ജനത വടക്കേ അമേരിക്കയിൽ വന്നതിനുശേഷം നമ്മുടെ ജനത ഈ സ്വഭാവങ്ങളെല്ലാം നഷ്ടപ്പെടുത്തി. പക്ഷേ, ഞാനിന്ന് കണ്ടത്, ഹുദൂർ ആ സ്വഭാവ മഹിമകൾ പുനരുജ്ജീവിപ്പിക്കുന്നതായിട്ടാണ്.'

ഹുദൂർ വളരെ വാത്സല്യമുള്ള ഒരു മനുഷ്യനാണെന്നും ചീഫ് പറഞ്ഞു. അദ്ദേഹത്തിന്റെ സമുദായത്തിന്റെ വിജയത്തിനും പുരോഗതിക്കും ആവശ്യമായ കാര്യങ്ങളെ കുറിച്ചും ഹുദൂർ ചോദിച്ചറിഞ്ഞു. രാഷ്ട്രീയത്തിലും മറ്റും അദ്ദേഹത്തിന് ഒരുവിധ താൽപര്യവുമില്ല. മറിച്ച് ഹുദൂർ എന്റെ സമുദായത്തെ കുറിച്ചാണ് ചോദിച്ചറിഞ്ഞത്. എന്റെ സമുദായത്തിൽ ഒരു ചൊല്ലുണ്ട്. ഒരു നേതാവ് ആ ജനതയുടെ അടിമയായിരിക്കുമെന്ന്. ഹുദൂറിനോടൊപ്പമുള്ള കൂടിക്കാഴ്ചാ വേളയിൽ എനിക്ക് ഈ ചൊല്ല് ഓർമ വന്നു. കാരണം ഹുദൂർ ഇതിനെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയെന്ന് എനിക്ക് തോന്നി. ഹുദൂർ എനിക്ക് നബി(സ)തിരുമേനിയുടെ ഹദീഥ് ഓർമപ്പെടുത്തിത്തന്നു; 'ഒരു സമുദായത്തിന്റെ നേതാവ് അവരുടെ സേവകനാണ്.'

ചീഫ് റോഡ്ജർ റെഡ്മാൻ(Rodger Redman) ജമാഅത്തിനോടും ഖിലാഫത്തിനോടുമുള്ള സമ്പൂർണ ആദരവും വിശ്വാസവും പ്രകടിപ്പിച്ചു. ഹുദൂറിന്റെ ഉപദേശങ്ങൾ അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചു. അദ്ദേഹം പറഞ്ഞു: തന്റെ സമുദായത്തിലുള്ള എല്ലാവരും അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനങ്ങൾ അറിയുന്നവരായിരിക്കണമെന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം. ജമാഅത്ത് അദ്ദേഹത്തിന്റെ മക്കൾക്കും സമുദായത്തിലെ ആളുകൾക്കും ജമാ അത്തിനെ പരിചയപ്പെടുത്താൻ അദ്ദേഹത്തെ സഹായിക്കണമെന്ന് പറഞ്ഞ് ചീഫ് ഔദ്യാഗികമായി ജമാഅത്തിന് അപേക്ഷയും നല്കി; അദ്ദേഹത്തിന്റെ മക്കൾക്ക് ശിക്ഷണം നല്കുന്നതിനും! അഹ്മദികൾ ഹുദൂറിന്റെ ശിക്ഷണത്തിന്റെ ഫലമായി ഉന്നതമായ സ്വഭാവത്തിന്റെ ഉടമകളായിരിക്കുന്നു എന്നതിന് താൻ സാക്ഷിയാണെന്നും അദ്ദേഹം പറയുകയുണ്ടായി.

കൂടിക്കാഴ്ചയുടെ ഈ പരിപാടി 9.00 മണിവരെ നീണ്ടു നിന്നു. ശേഷം മസ്ജിദു ബയ്ത്തുർറഹ്മാനിൽ മഗ്രിബ്–ഇശാ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരശേഷം ഹുദൂർ ഓഫീസിലേക്ക് വന്നു. എം.ടി.എ ഇന്റർനാഷണൽ മാനേജിംഗ് ഡയറക്ടറായ മുനീറുദ്ദീൻ ശംസ് സാഹിബ്, പ്രൊഡക്ഷൻ ഡയറക്ടർ മുനീർ ഔദ സാഹിബ്, യു.എസ്.എ അമീർ സാഹിബ് സാദാ മിർസാ മഗ്ഫൂർ അഹ്മദ് സാഹിബ് എന്നിവർക്ക് ഒരുമിച്ച് ഹുദൂറിനെ കാണാനുള്ള ഭാഗ്യം ലഭിച്ചു. അമേരിക്കയിലെ എം. ടി.എ യുടെ എർത്ത് സ്റ്റേഷനോട് ചേർന്നു കിടക്കുന്ന ഫ്ളാറ്റിൽ എം.ടി.എ യുടെ സ്റ്റുഡിയോ നിർമാണവുമായി ബന്ധപ്പെട്ട പ്രോഗ്രാമും പ്ലാനിംഗും സമർപ്പിച്ചു കൊണ്ട് ഹുദൂറിനോട് മാർഗദർശനം തേടി. വാഖിഫെ സിന്ദഗി ആദരണീയനായ ത്വൽഹ അഹ്മദ് സാഹിബിന്റെ വലീമക്ഷണത്തിൽ പങ്കെടുക്കാനായി പോയ ഹുദൂർ ശേഷം താമസ സ്ഥലത്തേക്ക് മടങ്ങി.

**2018 നവംബർ 03 ശനിയാഴ്ച**

മസ്ജിദ് ബയ്ത്തുർറഹ്മാനിൽ 6.30–ന് ഹുദൂർ എത്തുകയും സുബ്ഹി നമസ്കരിപ്പിക്കുകയും ചെയ്തു. പിന്നീട് ഓഫീസ് കാര്യങ്ങളിൽ മുഴുകി. ഔദ്യോഗിക കത്തുകളും മറ്റു കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു. 11.35–ന് ഓഫീസിലെത്തിയ ഹുദൂറുമായി യു.എസ്.എ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സദ്ർ ആദരണീയനായ അദീൽ അഹ്മദ് സാഹിബ് കൂടിക്കാഴ്ച നടത്തുകയും ഹുദൂറിൽ നിന്ന് മാർഗദർശനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

**ഹദീഥുന്നബ്വി (സ):**

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'*
*(മുസ്ലിം)*

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**ഹദീസുന്നബ്വി(സ)**

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

അദ്ദേഹം ഈ വർഷമാണ് പുതിയ സ്വദ്റായി ചുമതലയേറ്റെടുത്തത്. 12.00 മണിവരെ നീണ്ടുനിന്ന ഈ കൂടിക്കാഴ്ചക്കുശേഷം ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങി.

**വെർജീനിയ 'മസ്റൂർ മസ്ജിദി'ന്റെ ഉദ്ഘാടനം.**

ഇന്ന് സൗത്ത് വെർജീനിയായിൽ സ്ഥിതി ചെയ്യുന്ന മസ്ജിദ് മസ്റൂറിന്റെ ഉല്ഘാടന ദിവസമായിരുന്നു. 12.25–ന് ഹുദൂർ താമസസ്ഥലത്തുനിന്ന് പുറപ്പെടാനായി പുറത്തേക്ക് വന്നു. ദുആ ചെയ്തു. തുടർന്ന് സൗത്ത് വെർജീനിയയിലേക്ക് പുറപ്പെട്ടു. വെർജീനിയ ബയ്ത്തുർറഹ്മാനിൽനിന്ന് 52 മൈൽ ദൂരെയാണ് ഇത് സ്ഥിതി ചെയ്യുന്നത്.

ഇന്നത്തെ ദിവസം സൗത്ത് വെർജീനിയ ജമാഅത്തിന് വളരെ അനുഗ്യഹീതവും ചരിത്രപരമായി പ്രാധാന്യം ഉള്ളതുമായിരുന്നു. ആബാലവ്യദ്ധം അഹ്മദി സ്ത്രീ പുരുഷന്മാരും കുട്ടികളും സന്തോഷഭരിതരായിരുന്നു. ഇന്ന് അവരുടെ താമസ സ്ഥലത്ത് ഹുദൂറിന്റെ അനുഗ്യഹീത പാദങ്ങൾ ആദ്യമായി പതിയുകയായിരുന്നു. രാവിലെ മുതൽതന്നെ അവർ മസ്ജിദ് മസ്റൂറിൽ വരാൻ തുടങ്ങിയിരുന്നു. സൗത്ത് വെർജീനിയയെ കൂടാതെ സമീപ ജമാഅത്തുകളായ സിലിക്കോൺ വാലി, ബേപോയിന്റ്, ലോസ്ഏഞ്ചലസ് , കാലിഫോർണിയ,സിയാടിൽ, കൻസാസ, സെന്റ് ലൂയിസ്, ഹ്യൂസ്റ്റൺ, ആസ്റ്റൺ, ഡല്ലാസ്, മിയാമി, ന്യൂയോർക്ക്, ന്യൂ ജേഴ്സി, ഓഷ്കോഷ്, ഡെട്രായിറ്റ് എന്നീ ജമാഅത്തുകളിൽ നിന്നുള്ളവരും ദീർഘ ദൂരം യാത്ര ചെയ്താണ് ഉല്ഘാടന പരിപാടിയിൽ പങ്കെടുക്കാനെത്തിയത്.

ലോസ്ഏഞ്ചലസ്, സിലിക്കോൺവാലി, ബേപോയിന്റ്, സിയാടിൽ എന്നീ ജമാഅത്തുകളിൽ നിന്ന് വന്നവർ 6 മണിക്കൂർ വിമാന യാത്ര ചെയ്താണ് എത്തിയത്. ഹുദൂർ എത്തുന്നതിനു മുമ്പേതന്നെ മസ്ജിദിന്റെ പരിസരം ജനങ്ങളാൽ നിറഞ്ഞു കഴിഞ്ഞിരുന്നു. ഏകദേശം 3300 പേർ ഹുദൂറിനെ പ്രതീക്ഷിച്ച് തടിച്ചു കൂടിയിരുന്നു. ഇവരിൽ 2300 പേർ സമീപ ജമാഅത്തുകളിൽ നിന്നുള്ളവരായിരുന്നു. ആയിരത്തോളം പേർ കനഡയിൽനിന്ന് വന്നിരുന്നു.

ഏകദേശം 2.00 മണിക്ക് ഹുദൂറിന്റെ ആഗമനം ഉണ്ടായതോടെ അന്തരീക്ഷമാകെ മുദ്രാവാക്യങ്ങൾ കൊണ്ട് മുഖരിതമായി. പെൺകുട്ടികൾ സ്വാഗതഗാനം സംഘം ചേർന്ന് ആലപിച്ചു. വാഹനത്തിൽനിന്ന് ഹുദൂർ പുറത്തേക്ക് വന്നതും സൗത്ത് വെർജീനിയ ജമാഅത്ത് സ്വദ്ർ ആദരണീയനായ കരീമുല്ലാഹ് കലീം സാഹിബ്, റീജ്യണൽ മുബല്ലിഗ് ഫാറാൻ അഹ്മദ് റബ്ബാനി സാഹിബ് എന്നിവർ ഹുദൂറിന് സ്വാഗതമോതി. ഹുദൂർ ഹസ്തദാനം ചെയ്തു. തുടർന്ന് മസ്ജിദിന്റെ ഭിത്തിയിൽ സ്ഥാപിച്ചിരുന്ന സ്മരണികാ ഫലകം അനാച്ഛാദനം ചെയ്യുകയും ദുആ ചെയ്യുകയും ശേഷം മസ്ജിദ് മസ്റൂറും സെന്ററും ചുറ്റിക്കറങ്ങി കാണുകയും ചെയ്തു.

2017 നവംബറിലാണ് ഈ സെന്ററിന്റെ കെട്ടിടം വാങ്ങിയത്. ഇതൊരു ചർച്ച് കെട്ടിടമായിരുന്നു. പിന്നീട് നവീകരിച്ചു. 5 മില്യൺ ഡോളറിനാണ് അത് വാങ്ങിയത്. നവീകരണപ്രവൃത്തിക്കായി എഴുപത്തി അയ്യായിരം ഡോളറും ചെലവായി. 17.6 ഏക്കർ സ്ഥലത്താണ് ഈ സെന്റർ സ്ഥിതി ചെയ്യുന്നത്. മസ്ജിദിന്റെ ആകെ വിസ്താരം 22403 ചതുരശ്ര അടിയാണ്. 64 അടി ഉയരത്തിലുള്ള ഒരു സ്ട്രക്ച്ചറും ഇതോടൊപ്പമുണ്ട്. ഭാവിയിൽ ഇതിനെ ഔദ്യോഗികമായി ഒരു മിനാരമാക്കി മാറ്റാൻ കഴിയും.

മസ്ജിദിന് രണ്ടു ഭാഗമുണ്ട്. ഒന്ന് ഉയർന്ന ഭാഗവും രണ്ടാമത്തേത് താഴ്ന്ന ഭാഗവും. ഉയർന്നഭാഗം പുരുഷന്മാരുടെ ഹാളാണ്. അതിൽ ഒരു സ്റ്റേജും നിർമിതമായ നിലയിലുണ്ട്. അതോടൊപ്പം ഒരു ടീ. വി സ്ക്രീനുമുണ്ട്. ഓഡിയോ വീഡിയോയുടെ ഒരു പിൻസ്റ്റേജ് റൂമും ഉണ്ട്. ഒരു ചെറിയ കിച്ചണുമുണ്ട്. സ്ത്രികൾക്ക് നമസ്കരിക്കാൻ വേറെ ഹാളുണ്ട്. പുരുഷന്മാരുടെ ഹാളിൽ 500 പേർക്ക് ഒരേ സമയം നമസ്കരിക്കാൻ സാധിക്കും. ഇതിൽ ഒരു ലോബി(lobby)യും ഉണ്ട്. ഓവർ ഫ്ളോയ്ക്കു പുറമെ ഇത് ആതിഥേയത്വത്തിനും ഉപയോഗിക്കാൻ കഴിയും. ഉന്നത നിലവാരം പുലർത്തുന്ന ഓഡിയോ വീഡിയോ സംവിധാനവും മസ്ജിദിൽ സജ്ജീകരിച്ചിട്ടുണ്ട്. 3 സ്റ്റെയർ വെല്ലി(stair well)നെ പുറമെ ഒരു എലവേറ്ററും(elevator) ഇതിലുണ്ട്. താഴെയുള്ള സ്ത്രീകളുടെ നമസ്കാര ഹാളിൽ 150 പേർക്ക് നമസ്കരിക്കാൻ സാധിക്കും. ഈ ഭാഗത്ത് ആകെ 14 റൂമുകളുണ്ട്. ഇതിൽ കുട്ടികളുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനു പുറമെ വിവിധ വിഭാഗങ്ങളുടെ ഓഫീസുകളും കോൺഫ്രൻസു ഹാളും നിലവിലുണ്ട്.

ഒരു റീജ്യണൽ ലൈബ്രറിയും ഇതിലുണ്ട്. ഇതിലും ഒരു ജമാഅത്തീ കിച്ചണുണ്ട്. ചെറു കുട്ടികൾക്കുവേണ്ടി ഒരു നേഴ്സറിയുമുണ്ട്. മസ്ജിദ് ബിൽഡിംഗിൽനിന്ന് വിട്ട് ഒരു ലങ്കർഖാനയും തയ്യാറാക്കപ്പെട്ടിരിക്കുന്നു. ഒരു ബാസ്ക്കറ്റ് ബോൾ കോർട്ടും ക്രിക്കറ്റിനു വേണ്ടി ഒരു ഹാർഡ് ബാൾ പിച്ചുമുണ്ട്. 226 വാഹനങ്ങൾ പാർക്കു ചെയ്യാനുള്ള സൗകര്യവും ഇതിലുണ്ട്. ഹുദൂർ മസ്ജിദിന്റെ ഉൾ ഭാഗം കാണുകയും മിഹ്റാബിന്റെ രൂപത്തിലാക്കുവാൻ നിർദേശിക്കുകയും ചെയ്തു. ഓഡിയോ സംവിധാനത്തെ കുറിച്ച് ചോദിച്ചറിഞ്ഞ ഹുദൂർ എക്കോ ഉണ്ടാകാറുണ്ടോ എന്നും അന്വേഷിച്ചു.

ലജനാ ഹാൾ കണ്ട ഹുദൂർ വിവിധ ഓഫീസുകളും കേന്ദ്ര കിച്ചണും സന്ദർശിച്ചു. അതിഥികളുടെ ആഹാരത്തിന്റെ ഏർപ്പാടിനെ കുറിച്ചും ഹുദൂർ ചോദിച്ചറിഞ്ഞു. ശേഷം കുറച്ചു സമയത്തേക്ക് ഹുദൂർ താമസസ്ഥലത്തേക്കു പോയി വന്നു. 2.10–ന് ളുഹ്റും അസ്റും ജംആക്കി നമസ്കരിപ്പിച്ചു. പിന്നീട് മസ്റൂർ മസ്ജിദിന്റെ ഉൽഘാടനവും ഔദ്യോഗികമായി നിർവഹിച്ചു. മസ്ജിദിന്റെ പുറത്ത് സ്ത്രീകൾക്കു വേണ്ടി രണ്ടു വലിയ പന്തലുകളും ഇട്ടിരുന്നു. നമസ്കാര ശേഷം ഹുദൂർ ഈ പന്തലുകളും സന്ദർശിക്കുകയുണ്ടായി. ഇപ്രകാരം അവിടെയുള്ള ലജ്നകൾക്ക് ഹുദൂറിനെ ദർശിക്കാനും സൗഭാഗ്യം ലഭിച്ചു. മസ്ജിദിന്റെ പുറത്തുള്ള സ്ഥലത്ത് ഹുദൂർ ഒരു ചെടിയും നട്ടു.

തുടർന്ന് താമസ സ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ 4.30–ന് ലജ്നാ ഹാളിലെത്തി. ഹുദൂർ സൗത്ത് വിർജീനിയ ജമാഅത്തിന്റെ മജ്ലിസെ ആമിലാ അംഗങ്ങളുടേയും അൻസ്വാറുല്ലാ–ഖുദ്ദാമുൽ അഹ്മദിയ്യ ആമിലാ അംഗങ്ങളുടേയും കൂടെ ഗ്രൂപ്പ് ഫോട്ടോ എടുത്തു.

**പ്രസ് കോൺഫ്രൻസ്.**

തുടർന്ന് ഹുദൂർ പ്രസ്കോൺഫ്രൻസ് ഹാളിലേക്ക് പോയി. ഇവിടെ നടന്ന പ്രസ്കോൺഫ്രൻസിൽ ഇലക്ട്രോണിക്, പ്രിന്റ്, സോഷ്യൽമീഡിയകളുടെ ചുവടെ ചേർക്കുന്ന പത്രങ്ങളുടെ ജേർണലിസ്റ്റുകളും പ്രതിനിധികളും പങ്കെടുത്തു.

WTOP വാഷിംഗ്ടൺ ഡീസിയിലെ ഒരു പ്രധാന ന്യൂസ് സർവ്വീസിന്റെ ജേർണലിസ്റ്റ് ഇതിൽ പങ്കെടുത്തു. VOA(വോയിസ് ഓഫ് അമേരിക്ക) 1942–ൽ തുടങ്ങിയതാണ്. സൈനികേതരവും അമേരിക്കക്ക് പുറത്തുള്ള കാര്യങ്ങളെ കുറിച്ചുള്ള ബ്രോഡ്കാസ്റ്റിംഗിനു വേണ്ടിയുമുള്ള അമേരിക്കൻ ഫെഡറൽ ഭരണകൂടത്തിന്റെ ഒരു നാഷണൽ സ്ഥാപനമാണ്. അമേരിക്കക്ക് പുറത്ത് അമേരിക്കക്ക് അനുകൂലമായി പൊതു അഭിപ്രായം ഉണ്ടാക്കുന്ന വിഷയത്തിൽ സുപ്രധാന പങ്ക് ഈ സ്ഥാപനത്തിനുണ്ട്. വോയിസ് ഓഫ് അമേരിക്കയുടെ മൂന്ന് ജേർണലിസ്റ്റുകൾ ഈ കോൺഫ്രൻസിൽ പങ്കെടുത്തിരുന്നു.

Potomac Local(പോട്ടോമാക്ക് ലോക്കൽ) 2010ൽ ആരംഭം കുറിച്ചു. Potomac Local പ്രിൻസ് വില്യം, സ്റ്റാഫോർഡ്(Stafford), കൗണ്ടീസ്, മനാസ്സാസ്(Manassas) മനസ്സാസ് പാർക്ക്(Manassas Park) എന്നീ പട്ടണങ്ങളുടെ ഒരു സ്വതന്ത്ര, പ്രാദേശിക സുപ്രധാന ന്യൂസ് ഏജൻസിയാണ്. ഇതിന്റെ ജേർണലിസ്റ്റും ഇതിൽ പങ്കെടുത്തു.

Whats Up Prince William കൗണ്ടിയുടെ തദ്ദേശ ന്യൂസ്ഔട്ട്ലെറ്റാണ്. ഇതിന്റെ ജേർണലിസ്റ്റും പങ്കെടുത്തു.

NRB TV- യുടെ ജേർണലിസ്റ്റും ഇതിൽ പങ്കെടുത്തു.

ഫ്രീലാൻസ് ജേർണലിസ്റ്റും(Freelance Journalist) പത്രസമ്മേളനത്തിൽ പങ്കെടുത്തിരുന്നു. 4.35–ന് ഈ പത്രസമ്മേളനം ആരംഭിച്ചു.

(തുടരും)

## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

*ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിക്കുകയും*
*നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളംബരം ചെയ്യുകയാണ്:

"അവരുടെ എല്ലാ കത്തുകളും പതിവെന്നപോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നിങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽനിന്നും മറ്റു വിപത്തുകളിൽ നിന്നും ബുദ്ധിമുട്ടുകളിൽനിന്നും എല്ലാ ഓരോരുത്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ.

(മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 14 May 2020 Issue-20

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# നമസ്കാരത്തിന്റെ പ്രാധാന്യം

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**(വാഗ്ദത്ത മഹ്ദീ മസീഹ്)**

**വിവർത്തനം: ഇസ്മായീൽ ആലപ്പുഴ**

**(തുടർച്ച...)**

വെള്ളം കൂടാതെ മത്സ്യത്തിന് ജീവിക്കാൻ പറ്റാത്തതുപോലെ അവന് അതുകൂടാതെ ജീവിക്കാൻ പറ്റുകയില്ല. അല്ലാഹുവിൽനിന്ന് ഒരുനിമിഷംപോലും അകന്നുകഴിയുന്നത് തന്റെ മരണമായി അവൻ മനസ്സിലാക്കുന്നു. അവന്റെ ആത്മാവ് ദൈവികസവിധത്തിൽ സദാപ്രണമിച്ചുകൊണ്ടിരിക്കുന്നു. തന്റെ സൗഖ്യങ്ങളെല്ലാം അല്ലാഹുവിൽ ആയിത്തീരുന്നു. കണ്ണ് ഇമയ്ക്കുന്നത്ര നിമിഷംപോലും ദൈവസ്മരണയിൽനിന്ന് വേർപ്പെട്ടാൽ താൻ മരിച്ചുപോയെന്ന് അവന് ദൃഢവിശ്വാസമുണ്ടാകുന്നു. എപ്രകാരം ഭക്ഷണം മുഖേന ശരീരത്തിന് ഓജസ്സും കണ്ണ്, ചെവി തുടങ്ങിയ അവയവങ്ങളുടെ കഴിവുകളിൽ ഉണർവ്വും ഉണ്ടാകുന്നുവോ അപ്രകാരം ആ നിലയിൽ പ്രേമവായ്പിന്റേയും സ്നേഹത്തിന്റേയും തിളപ്പിനാൽ ഉണ്ടാകുന്ന ദൈവസ്മരണ സത്യവിശ്വാസിയുടെ ആധ്യാത്മിക കഴിവുകൾക്ക് ഉൽക്കർഷം പകരുന്നു. അതായത്, കണ്ണിന് ജാഗ്രദർശനശക്തി അങ്ങേയറ്റം നിർമലവും മനോഹരവുമായ നിലയിൽ ഉണ്ടായിത്തീരുന്നു. ചെവി ദൈവഭാഷണം കേൾക്കുന്നു. ആ ഭാഷണം നാവിലൂടെ അങ്ങേയറ്റം രുചികരവും തെളിഞ്ഞതും ശുദ്ധവുമായ നിലയിൽ ഒഴുകിത്തുടങ്ങുന്നു. സത്യമായ സ്വപ്നങ്ങൾ അധികമായി ഉണ്ടാകുന്നു. അത് പ്രഭാതവെളിച്ചംപോലെ വെളിപ്പെട്ടുവരുന്നു. മാന്യമായ ദൈവിക സന്നിധിയിൽ നിന്നുണ്ടാകുന്ന സംശുദ്ധമായ സ്നേഹബന്ധത്താൽ സുവിശേഷം അറിയിക്കുന്ന സ്വപ്നങ്ങളിൽ അവൻ ധാരാളമായി ഭാഗഭാക്കാകുന്നു. ദൈവത്തിന്റെ സ്നേഹം തനിക്ക് ഭക്ഷണവും വെള്ളവുമായി പ്രയോജനപ്പെടുന്നുവെന്ന് സത്യവിശ്വാസിക്ക് ബോധ്യമാകുന്ന നില ഇതുതന്നെയാണ്. അദ്യമേതന്നെ ആത്മീയമായ മൂശ പൂർണമായും ഒരുങ്ങിക്കഴിഞ്ഞിരുന്ന നേരത്താണ് ഈ പുതിയ ജന്മമുണ്ടാകുന്നത്. പിന്നീട് ആ ആത്മാവ് ദൈവത്തിന്റെതന്നെ സ്നേഹത്തിന്റെ ഒരു തീനാളമായിത്തീരുകയും അത് അത്തരം സത്യവിശ്വാസിയുടെ ഹൃദയത്തിൽ വന്നുപതിക്കുകയും പൊടുന്നനെ മനുഷ്യഭാവനയ്ക്കതീതമായ ഉപരിസ്ഥശക്തി അവനെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്യുന്നു. ഈ നിലയെ ആധ്യാത്മികപരമായി അവസാനത്തെ സൃഷ്ടി എന്നു പറയുന്നു. ഈ നിലയിൽ തന്റെതന്നെ സ്നേഹത്തിന്റെ ഒരു പ്രകാശിക്കുന്ന തീനാളം ദൈവം– അതിനെ മറ്റുവാക്കുകളിൽ ആത്മാവെന്നാണ് പറയുന്നത്– സത്യവിശ്വാസിയുടെ ഹൃദയത്തിൽ ഇറക്കുകയും അതുമുഖേന സകല അന്ധകാരങ്ങളേയും മാലിന്യങ്ങളേയും ദൗർബല്യങ്ങളേയും അകറ്റുകയും ചെയ്യുന്നു. ഈ ആത്മാവ് ഊതുന്നതോടുകൂടി ഏറ്റവും താഴ്ന്നനിലയിലുണ്ടായിരുന്ന ആ സൗന്ദര്യം തികവാർന്ന നിലയിലെത്തുകയും ആത്മീയമായൊരു പ്രകാശവും വെളിച്ചവും ഉണ്ടായിവരികയും ദുഷിച്ചജീവിതത്തിന്റെ സ്വാധീനം പൂർണമായും അകലുകയും ചെയ്യുന്നു. അപ്പോൾ തന്റെയുള്ളിൽ മുമ്പേ ഇല്ലായിരുന്ന ഒരു പുതിയ ആത്മാവ് പ്രവേശിച്ചിട്ടുണ്ടെന്ന് സത്യവിശ്വാസി അനുഭവിച്ചറിയുന്നു. ആ ആത്മാവ് ലഭിക്കുന്നതിലൂടെ അത്ഭുതപ്പെടുത്തുംവിധമുള്ള ഒരു സമാധാനവും ശാന്തിയും സത്യവിശ്വാസിക്ക് കൈവരുന്നു. യഥാർഥ സ്നേഹം വെള്ളച്ചാട്ടംപോലെ അലതല്ലുകയും ദാസതയുടെ ചെടിക്ക് വെള്ളം നൽകുകയും ചെയ്യുന്നു. ആദ്യം നിസ്സാരചൂടുമാത്രമുണ്ടായിരുന്ന ആ തീയ് പ്രസ്തുത സ്ഥാനം പ്രാപിക്കുമ്പോൾ തികവോടും പൂർണതയോടുകൂടി ആളിക്കത്തുകയും മാനുഷികമായ അസ്തിത്വത്തിന്റെ സകല ചപ്പുചവറുകളെയും കത്തിച്ച് ദൈവത്വത്തിന്റെ നിയന്ത്രണം അതിനെ ഏല്പിക്കുകയും ചെയ്യുന്നു. ആ തീയ് സകല അവയവങ്ങളേയും തന്റെ വലയത്തിലാക്കുന്നു. അപ്പോൾ അത് തീയിൽ പഴുപ്പിച്ചെടുത്ത ഇരുമ്പുപോലെയാകുകയും തീയുടെ നിറത്തിലാകുകയും എപ്രകാരം ഇരുമ്പ് ആ നിലയിലെത്തുമ്പോൾ തീയുടെ ലക്ഷണങ്ങളും പ്രവൃത്തികളും പ്രകടപ്പിക്കുന്നുവോ അതേപ്രകാരം ആ സത്യവിശ്വാസിയിൽനിന്ന് ദൈവത്വത്തിന്റെ ലക്ഷണങ്ങളും പ്രവൃത്തികളും പ്രകടമാകുകയും ചെയ്യുന്നു. ഇതിന്റെ അർഥം ആ സത്യവിശ്വാസി ദൈവമായെന്നല്ല. മറിച്ച്, ദൈവസ്നേഹത്തിന്റെ അങ്ങനെതന്നെയുള്ള അല്പം ശീലത്വമാണത്. ബാഹ്യമായ അസ്തിത്വത്തെ അത് അതിന്റേതായ നിറത്തിൽ കൊണ്ടുവരുന്നു. ഉൾഭാഗത്ത് ദാസതയും അതിന്റെ ബലഹീനതയും നിലവിലുണ്ടാകുകയും ചെയ്യുന്നു. ആ നില പ്രാപിക്കുമ്പോൾ ദൈവം സത്യവിശ്വാസിയുടെ ആഹാരമായിത്തീരുന്നു. അത് ഭക്ഷിക്കുന്നതിലാണ് അവന്റെ ജീവിതം നിലകൊള്ളുന്നത്. സത്യവിശ്വാസിയുടെ വെള്ളവും ദൈവമായിത്തീരുന്നു. അത് കുടിക്കുന്നതിനാൽ മരണത്തിൽനിന്ന് അവൻ രക്ഷപ്പെടുന്നു... അതുമുഖേന അവന്റെ മനസ്സിന് സന്തോഷം ലഭിക്കുന്നു. സത്യവിശ്വാസി ആ നിലയിലെത്തുമ്പോൾ ആലങ്കാരികമായി ദൈവം അവന്റെ ഉള്ളിൽ പ്രവേശിക്കുന്നുവെന്നും അവന്റെ ഹൃദയത്തെ തന്റെ സിംഹാസനമാക്കിത്തീർക്കുന്നുവെന്നും പറയുന്നത് അസ്ഥാനത്താകുകയില്ല. അപ്പോൾ അവൻ തന്റെ ആത്മാവ് കൊണ്ടല്ല, മറിച്ച് ദൈവത്തിന്റെ ആത്മാവിനാൽ കാണുകയും കേൾക്കുകയും സംസാരിക്കുകയും നടക്കുകയും ശത്രുക്കളുടെമേൽ ആക്രമണം നടത്തുകയും ചെയ്യുന്നു. കാരണം അവൻ ആ നിലപ്രാപിക്കുമ്പോൾ ഇല്ലായ്മയുടെയും നാശത്തിന്റെയും സ്ഥാനത്താണ് നിലകൊള്ളുന്നത്. അപ്പോൾ ദൈവത്തിന്റെ ആത്മാവ് സ്വ സ്നേഹത്തോടുകൂടി അവനിൽ വെളിപ്പെട്ട് രണ്ടാമത്തെ ജീവിതം അവന് നൽകുന്നു. ആ നേരത്ത് ആത്മീയമായ നിലയിൽ ഈ ദൈവികവചനം സത്യമായി പുലരുന്നു. ഥുമ്മ അൻശഅനാഹു ഖൽഖൻ ആഖറ ഫതബാറക്കല്ലാഹു അഹ്സനുൽ ഖാലിഖീൻ (ഉമീമ, ബറാഹിനെ അഹ്മദിയ്യാ, വാല്യം 5, പേ: 54–58)

## അല്ലാഹുവിന്റെ പരീക്ഷണം

"വലിയ്യുമാരുടെ വചനങ്ങൾ മുഖേന അല്ലാഹു ചിലരെ പരീക്ഷിക്കുന്നുവെന്നുള്ളതാണ് അവന്റെ മറ്റൊരു സമ്പ്രദായം. അത്തരക്കാർ ചിന്തിക്കുകയോ കാര്യങ്ങൾ ഗ്രഹിക്കുകയോ ചെയ്യുകയില്ല. ആ വലിയ്യുമാർ വഴിയായി പലർക്കും മാർഗഭ്രംശം സംഭവിക്കുകയും പലരും സന്മാർഗം സ്വീകരിക്കുകയും ചെയ്യുന്നു. ഇതുതന്നെയാണ് അവന്റെ വിധി. അഹങ്കാരംകൊണ്ട് തലപൊക്കിനടക്കുന്നവരും ഹൃദയത്തിൽ അഹംഭാവമുള്ളവരും അന്ത്യനാളിനെ ഭയപ്പെടാത്തവരുമാണ് ഇങ്ങനെ വഴിപിഴച്ചുപോകുന്നത്." **(മവാഹിബുർറഹ്മാൻ, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ), മലയാള പരിഭാഷ പേജ് 6)**

### ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതുകൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)***

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

### ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:**
**'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'**
**(തിർമുദി)**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin